# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2023 ജൂലൈ, വോള്യം: 11 ലക്കം: 11

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08 രാജ്യത്തെ രക്ഷിക്കുക ജനങ്ങളെ രക്ഷിക്കുക
നവലിബറൽ നയങ്ങളും കോർപറേറ്റ് വർഗീയ കൂട്ടുകെട്ടും പരാജയപ്പെടുത്തുക
ആഗസ്റ്റ് പ്രക്ഷോഭം - കെ. ഹേമലത

13 നമ്മുടേത് ചങ്ങാത്ത മുതലാളിത്തമോ ?
പ്രഭാത് പട്നായിക്ക്

17 സ്മാർട്ട് മീറ്റർ സംസ്ഥാനത്തിന് ഭാരമാവും
എളമരം കരീം

23 റിവിഷനിസത്തിനും സെക്ടേറിയനിസത്തിനും എതിരെ പോരാട്ടം
ആനത്തലവട്ടം ആനന്ദൻ

27 സമരവിരുദ്ധതയും സമരമെന്ന യാഥാർഥ്യവും — കെ.എൻ.ഗോപിനാഥ്

31 ആധുനിക കാലത്തെ സ്വകാര്യ സൈനിക ഗ്രൂപ്പുകൾ — ജോസ് ടി എബ്രഹാം

34 സമകാലിക ഇന്ത്യയിലെ സാമ്പത്തിക അസമത്വം — വികാസ് റാവൽ

37 ഉക്രൈനിലെ നാറ്റോ റഷ്യൻ യുദ്ധം — വിജയ് പ്രഷാദ്

39 വിലക്കയറ്റത്തിന്റെ ഇടിവിൽ തെറ്റിദ്ധരിക്കേണ്ട — സഞ്ജയ് റോയ്

40 മണിപ്പൂർ കത്തുമ്പോൾ

42 ബാങ്ക് തട്ടിപ്പുകാർക്ക് സഹായവുമായി ആർബിഐ

44 ദേശീയ സംയുക്ത ട്രേഡ് യൂണിയൻ കൺവൻഷൻ പ്രഖ്യാപനം

46 സംഘടനാ വാർത്തകൾ

വാർഷിക വരിസംഖ്യ : 200 രൂപ

മുഖപ്രസംഗം

# ഏക സിവിൽകോഡ് ലക്ഷ്യം വർഗ്ഗീയ വിഭജനം

ഇരുപത്തിരണ്ടാമത് നിയമ കമ്മീഷൻ ഏക സിവിൽകോഡ് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ തേടിയിരിക്കുകയാണ്. 21-ാം നിയമ കമ്മീഷൻ ഈ പ്രശ്നം സംബന്ധിച്ച് പഠനം നടത്തി 2018 ആഗസ്റ്റ് 31-ന് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. നിലവിലുള്ള സാഹചര്യത്തിൽ ഏകീകൃത സിവിൽ നിയമത്തിന്റെ ആവശ്യമോ, അത്തരം ചർച്ചകൾക്ക് എന്തെങ്കിലും പ്രസക്തിയോ ഇല്ലെന്നായിരുന്നു 21-ാം നിയമ കമ്മീഷൻ റിപ്പോർട്ടിൽ പ്രതിപാദിച്ചത്. പിന്നീട് എന്തടിസ്ഥാനത്തിലാണ് ഏക സിവിൽകോഡ് പാസ്സാക്കുമെന്ന് പ്രധാനമന്ത്രി പരസ്യമായി പ്രഖ്യാപിച്ചത്? നിയമ കമ്മീഷൻ പൊതുജനാഭിപ്രായം തേടുന്ന ഒരു വിഷയത്തിൽ ഇത്തരം നിലപാട് പ്രധാനമന്ത്രി സ്വീകരിക്കുന്നത് ഉചിതമാണോ? 22-ാം നിയമ കമ്മീഷന് സൂചന നൽകിയതാണോ പ്രധാനമന്ത്രി?

മോഡി സർക്കാരിനെ നയിക്കുന്നത് ആർ.എസ്സ്.എസ്സാണ്. ഇന്ത്യയെ “ഹിന്ദു രാഷ്ട്ര”മാക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഇന്ത്യൻ ഭരണഘടന മാറ്റി 'മനുസ്മൃതി' തൽസ്ഥാനത്ത് പ്രതിഷ്ഠിക്കാനാണ് അവർ ശ്രമിക്കുന്നത്. 1925 ൽ രൂപം കൊണ്ട ആർ.എസ്സ്.എസ്സിന് നൂറ് വയസ്സ് തികയുന്ന 2025 ആവുമ്പോഴേക്ക് ലക്ഷ്യം നേടാൻ അവർ ആഗ്രഹിക്കുന്നു. ഹിറ്റ്ലറെയും മുസ്സോളിനിയേയും മാതൃകയാക്കുന്ന ഒരു ഫാസിസ്റ്റ് സംഘടനയാണ് ആർ.എസ്സ്.എസ്സ്.

ആർ.എസ്സ്.എസ്സിന്റെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ഓരോ പടവുകൾ അവർ ചവിട്ടിക്കയറിക്കൊണ്ടിരിക്കുകയാണ്. അയോദ്ധ്യയിൽ ബാബറി മസ്ജിദ് തകർത്ത് തൽസ്ഥാനത്ത് ശ്രീരാമക്ഷേത്രം പണിയുക എന്ന ലക്ഷ്യം, അക്രമങ്ങളിലൂടെയും കോടതികളിലൂടെയും അവർ നേടിയെടുത്തു. രാജ്യത്തെ ഏക മുസ്ലീം ഭൂരിപക്ഷ സംസ്ഥാനമായ ജമ്മുകാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദ് ചെയ്തു. കാശ്മീരിന്റെ സംസ്ഥാനപദവി എടുത്ത് കളയുകയും, മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളായി വിഭജിക്കുകയും ചെയ്തു. എല്ലാ ജനാധിപത്യ മര്യാദകളും ലംഘിച്ച് പാർലമെന്റിന്റെ നടപടി ചട്ടങ്ങൾ കാറ്റിൽ പറത്തിയാണ് ബിജെപി സർക്കാർ കാര്യം നേടിയത്. പൗരത്വഭേദഗതി നിയമം പാസ്സാക്കി, മുസ്ലീം ജനതയെ ഭീഷണിക്ക് മുമ്പിൽ നിർത്തി, മുത്തലാഖ് നിരോധന നിയമം പാസ്സാക്കി. 'ഗോരക്ഷ'ക്കായി ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാം നിയമങ്ങൾ

ഉണ്ടാക്കി. ഹിജാബ്, ലൗജിഹാദ് വിവാദങ്ങൾ ഉയർത്തിക്കൊണ്ട് വന്ന് മുസ്ലീം ജനതയെ ഭീഷണിപ്പെടുത്തുന്നു. ഇന്ത്യാ ചരിത്രവും, പാഠപുസ്തകങ്ങളും ആർ.എസ്സ്.എസ്സിന്റെ താൽപ്പര്യങ്ങൾക്കനുസരിച്ച് മാറ്റിക്കൊണ്ടിരിക്കുന്നു. ചരിത്ര സാംസ്കാരിക, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയെല്ലാം തലപ്പത്ത് ആർ.എസ്സ്.എസ്സ്. അനുകൂലികളെ അവരോധിച്ചു. വടക്കേ ഇന്ത്യയിലെ നഗരങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, റോഡുകൾ എന്നിവയിൽ മുസ്ലീം പേരുകളുള്ളതെല്ലാം മാറ്റുന്നു. ഹിന്ദിഭാഷ രാജ്യത്താകമാനം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു. ഹൈന്ദവ മതാഘോഷ പരിപാടികളെല്ലാം മുസ്ലീങ്ങൾക്കെതിരായ ആക്രമണങ്ങൾക്കുള്ള അവസരമാക്കുന്നു. ഈ പരമ്പരയിലെ പ്രധാനപ്പെട്ട ഒരു ചുവടാണ് ഏകീകൃത സിവിൽകോഡ്. രാജ്യത്തെ വ്യക്തിനിയമങ്ങൾ പരിഷ്കരിക്കലോ, ശാസ്ത്രീയമായി പുന:സംഘടിപ്പിക്കലോ, സ്ത്രീകളുടെ അവകാശം സംരക്ഷിക്കലോ ഒന്നുമല്ല ബിജെപി സർക്കാരിന്റെ ലക്ഷ്യം. ആർ.എസ്സ്.എസ്സും, സവർക്കറും വിഭാവനം ചെയ്ത 'ഹിന്ദുത്വ'തയെ അടിസ്ഥാനമാക്കി ഇന്ത്യയെ പുന:സൃഷ്ടിക്കലാണ്. അതുകൊണ്ട് തന്നെ ഈ പ്രശ്നം കേവലം ഒരു മുസ്ലീം പ്രശ്നമല്ല.

2014-ന് ശേഷം കേന്ദ്രസർക്കാരിന്റെ സംരക്ഷണത്തിൽ സംഘപരിവാർ നടത്തിയ തീവ്രഹിന്ദുത്വവൽക്കരണ പരിപാടികളെയെല്ലാം പുറംതള്ളിയാണ് അടുത്ത് നടന്ന കർണ്ണാടക, ഹിമാചൽപ്രദേശ് സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പുകളിൽ ജനങ്ങൾ ബിജെപിയെ തോൽപ്പിച്ചത്. 15 വർഷം തുടർച്ചയായി ബി.ജെ.പി ഭരണത്തിലായിരുന്ന, ഡൽഹി കോർപറേഷൻ തെരഞ്ഞെടുപ്പിലും ബി.ജെ.പി തോറ്റു. ഇനി തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന രാജസ്ഥാൻ, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലും വലിയ വെല്ലുവിളി ബിജെപി നേരിടുകയാണ്.

പാറ്റ്നയിൽ ചേർന്ന പ്രതിപക്ഷപാർട്ടികളുടെ യോഗവും പ്രതിപക്ഷത്ത് രൂപംകൊള്ളുന്ന ഐക്യവും ബി.ജെ.പിയെ ആശങ്കയിലാക്കിയിട്ടുണ്ട്. ഇതുവരെ നടത്തിയ വർഗീയവൽക്കരണം മതിയാവില്ല 2024 ജയിക്കാനെന്ന് അവർ കരുതുന്നു. പെട്ടെന്ന് ഏകസിവിൽകോഡ് വിഷയം വിവാദമാക്കാൻ പ്രധാനമന്ത്രിയെയും സംഘപരിവാറിനെയും പ്രേരിപ്പിച്ചത് ഈ സാഹചര്യമാണ്. അടുത്ത പാർലമെന്റ് സമ്മേളനത്തിൽ തന്നെ സിവിൽ നിയമഏകീകരണ ബില്ല് അവതരിപ്പിച്ചാൽ അത്ഭുതപ്പെടേണ്ട.

'ഏകസിവിൽ കോഡ്' പ്രശ്നം ജനങ്ങളിൽ വിവിധ വിഭാഗങ്ങളെ പ്രകോപിതരാക്കും. ആദിവാസികൾ, ഗോത്രവർഗ്ഗങ്ങൾ, സിഖുകാർ, ക്രൈസ്തവർ, മുസ്ലീങ്ങൾ ഹിന്ദുസമുദായത്തിലെ അവശജനസമൂഹം തുടങ്ങിയവരെല്ലാം പ്രകോപിതരാകും. രാജ്യത്തെ ഏറ്റവും വലിയ മതന്യൂനപക്ഷവിഭാഗമായ മുസ്ലീങ്ങൾ പ്രതിഷേധവുമായി തെരുവിലിറങ്ങും. അത്തരം ഒരു സാഹചര്യം രൂപപ്പെടുത്താൻ ഹിന്ദു-മുസ്ലീം ധ്രുവീകരണം എളുപ്പമാകും. ഈ അവസരം തങ്ങൾക്കനുകൂലമാക്കാൻ കഴിയുമെന്നും സംഘപരിവാർ കണക്കാക്കുന്നു.

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 44 ആയി ഏക സിവിൽ കോഡിനെ

പരാമർശിച്ചിട്ടുണ്ട്. ഭരണഘടനയുടെ മാർഗ്ഗ നിർദ്ദേശകതത്വങ്ങളിലൊന്നാണിത്. സ്വാതന്ത്ര്യാനന്തരം മറ്റ് സിവിൽ നിയമങ്ങൾ രൂപം കൊണ്ടതും ഈ ഭരണഘടനയുടെ അടിസ്ഥാനത്തിലാണ്. രാജ്യം സ്വതന്ത്രമാകുന്നതിന് മുമ്പ് തന്നെ മുസ്ലീം വ്യക്തി നിയമവും, ക്രിസ്ത്യൻ വ്യക്തി നിയമവും നിലവിൽ വന്നു. ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് 1872 ലും മുസ്ലീം പേഴ്സണൽ ലോ (ശരീഅത്ത്) ആപ്ലിക്കേഷൻ ആക്ട് 1936 ലും നിലവിൽ വന്നു. മതങ്ങളുടെ ചട്ടക്കൂട്ടിൽ ജീവിക്കാൻ തയ്യാറല്ലാത്തവർക്കായി 1954 ൽ പ്രത്യേക വിവാഹനിയമം നിലവിൽ വന്നു. പോർട്ടുഗീസിന്റെ അധീനതയിലായിരുന്ന ഗോവ 1962 ൽ ഇന്ത്യയുടെ ഭാഗമായി. 1869 മുതൽ ഗോവയിൽ പ്രാബല്യത്തിലുണ്ടായിരുന്ന "പോർട്ടുഗീസ് സിവിൽകോഡ്" സ്വാതന്ത്ര്യാനന്തരം ഗോവ സിവിൽ കോഡായി തുടർന്നു. ഗോവയിൽ രാജ്യത്തെ മതവ്യക്തിനിയമങ്ങൾ ബാധകമല്ല. ഗോവ സിവിൽ കോഡ് ഗോവയിൽ തുടരാൻ തീരുമാനിക്കുമ്പോഴും നെഹ്റു തന്നെയായിരുന്നു ഇന്ത്യൻ പ്രധാനമന്ത്രി. ഗോവൻ ജനത പാലിച്ച് പോന്ന നിയമങ്ങൾക്ക് മേൽ ഇന്ത്യൻ നിയമങ്ങൾ അടിച്ചേൽപ്പിക്കാൻ നെഹ്റു സർക്കാർ തയ്യാറായില്ല. ഇതാണ് ഇന്ത്യയുടെ പാരമ്പര്യം.

ബിജെപിയെ പിന്തുണയ്ക്കുന്ന ശിരോമണി അകാലിദൾ എന്ന പാർട്ടി, ഏകസിവിൽകോഡിനെതിരായി രംഗത്ത് വന്നിട്ടുണ്ട്. സിഖ് വ്യക്തിനിയമം രാജ്യത്ത് നിലനിൽക്കുന്നില്ലെങ്കിലും വിവാഹനിയമം (ആനന്ദ്മാര്യേജ് ആക്ട് 1909 നിലനിൽക്കുന്നുണ്ട്. ഏകസിവിൽകോഡിനോട് താത്വികമായി യോജിച്ച് "ആം ആദ്മിപാർട്ടി" യുടെ നിലപാടിനോട് വിരുദ്ധമായി പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത്മൻ എതിർപ്പ് പ്രകടിപ്പിച്ചത് ശ്രദ്ധേയമാണ്.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ പരിഗണിച്ച്, അവർക്ക് ഏകസിവിൽകോഡ് ബാധകമാക്കരുത് എന്ന്, പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിററി ചെയർമാനായ ബി.ജെ.പി നേതാവ്, സുശീൽകുമാർ മോഡി അഭിപ്രായപ്പെട്ടിരിക്കുന്നു. "മുസ്ലീങ്ങളുടെ ശരീഅത്ത് നിയമത്തെ എതിർക്കുക മാത്രമായിരിക്കരുത് ഏകസിവിൽകോഡിന്റെ അടിസ്ഥാനം. നിയമത്തിലും നീതിയിലും തുല്യത ഉറപ്പു വരുത്തുന്നതായിരിക്കണം ഏകസിവിൽകോഡ്" എന്നാണ് ശിവസേന മുഖപത്രമായ സാമ്ന പറഞ്ഞിരിക്കുന്നത്. ക്രിസ്ത്യൻ, സിഖ്, ആദിവാസി സമൂഹങ്ങൾ, വിവിധ വിഭാഗങ്ങൾ എന്നിവരുടെ സിവിൽ നിയമങ്ങൾ ഏകസിവിൽകോഡിലൂടെ റദ്ദ് ചെയ്യപ്പെടുമെന്ന ആശങ്ക ഉയർന്നു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഏകസിവിൽകോഡിനെതിരെ യോജിച്ച പ്രക്ഷോഭം ഉയർന്ന് വരണം. ഒരിക്കലും വിഭാഗീയമാവരുത്.

ഏകസിവിൽകോഡ് ഉൾപ്പെടെ, സംഘപരിവാർ ഉയർത്തുന്ന തീവ്ര ഹിന്ദുത്വ നിലപാടിനെതിരെ, ഉറച്ച നിലപാട് സ്വീകരിക്കാൻ കോൺഗ്രസ്സിനാവുന്നില്ല. 1989, ബാബ്റി മസ്ജിദ് കോമ്പൗണ്ടിൽ, രാമക്ഷേത്രത്തിന് ശിലാന്യാസം നടത്താൻ അനുമതി നൽകിയത് രാജീവ്ഗാന്ധിയുടെ സർക്കാരായിരുന്നു. 1992-ൽ ബാബ്റി മസ്ജിദ് സംഘപരിവാർ, തകർക്കുമ്പോഴും രാജ്യത്ത്

കോൺഗ്രസ് സർക്കാരായിരുന്നു. വിശ്വഹിന്ദുപരിഷത്തുമായി, കോൺഗ്രസ് രഹസ്യധാരണയുണ്ടാക്കിയിരുന്നു എന്നാണ് യാഥാർത്ഥ്യം. സംഘപരിവാർ "തീവ്രഹിന്ദുത്വ" നിലപാട് സ്വീകരിക്കുമ്പോൾ 'മൃദുഹിന്ദുത്വ' നിലപാട് കൊണ്ട് അതിനെ നേരിടാമെന്ന മൗഢ്യത്തിലാണ് കോൺഗ്രസ്. ഏകസിവിൽ കോഡ് നടപ്പാക്കുമെന്ന മോഡിയുടെ പ്രഖ്യാപനത്തിനെതിരെ, കോൺഗ്രസ് പ്രസിഡന്റോ, രാഹുൽഗാന്ധിയോ, ശക്തമായി പ്രതികരിച്ചില്ല. വടക്കേ ഇന്ത്യയിലെ ചില കോൺഗ്രസ് നേതാക്കൾ ഏകസിവിൽകോഡിനെ അനുകൂലിക്കുകയും ചെയ്തു. "ബില്ല് പാർലമെന്റിൽ വരട്ടെഅപ്പോൾ പ്രതികരിക്കാം" എന്നാണ് ചില കോൺഗ്രസ് നേതാക്കൾ പറയുന്നത്. ഇത് അവസരവാദമാണ്. പാർലമെന്റിൽ ഏത് ബില്ല് വന്നാൽ, ബിജെപിക്ക് പാസ്സാക്കാൻ കഴിയുമെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്.

മുസ്ലീങ്ങളെ ഒറ്റപ്പെടുത്തി ആക്രമിക്കുമ്പോൾ, ചില സന്ദർഭങ്ങളിൽ, തീവ്രവാദ സ്വാഭാവമുള്ള ചിലർ രംഗത്ത് വരാറുണ്ട്. അത്തരം പ്രവണതകൾ, സംഘപരിവാറിന് പ്രയോജനപ്പെടുത്താനാവും. മതനിരപേക്ഷജനതയെ ഒറ്റക്കെട്ടായി, സംഘപരിവാർ അജണ്ടക്കെതിരെ അണിനിരത്തണം.

2014 ന് ശേഷമുള്ള മോഡിഭരണത്തിൽ തൊഴിലാളി-കർഷകജനതയാകെ പ്രതിസന്ധിയിലാണ്. കോർപറേറ്റുകൾക്ക് സമ്പത്ത് വാരിക്കൂട്ടാൻ അവസരം നൽകലാണ് മോഡിയുടെ നയം. തീവ്രസ്വകാര്യവൽക്കരണനയം ഇതിന്റെ ഭാഗമാണ്. രൂക്ഷമായ തൊഴിലില്ലായ്മയും വിലക്കയറ്റവും പാവപ്പെട്ട ജനതയെ രോഷാകുലരാക്കിയിട്ടുണ്ട്. വർദ്ധിച്ച് വരുന്ന ജനങ്ങളുടെ പ്രക്ഷോഭങ്ങളിൽ ദൃശ്യമാകുന്നത് ആ വികാരമാണ്.

ജനങ്ങളുടെ ഐക്യം തകർക്കാനാണ്, വർഗീയ-വിഭാഗീയ അജണ്ടകൾ പുറത്തെടുക്കുന്നത്. ഈ സത്യം തൊഴിലാളികളെയും, മറ്റ് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെയും ബോദ്ധ്യപ്പെടുത്താനാവണം. വർഗീയതയ്ക്കെതിരെ വർഗ്ഗ ഐക്യം എന്ന മുദ്രാവാക്യം ഉയർത്തണം.



# ആഗസ്റ്റ് പ്രക്ഷോഭം

**നവലിബറൽ നയങ്ങൾക്ക് എതിരായും തൊഴിലാളികൾ പൊരുതി നേടിയ ആനുകൂല്യങ്ങൾ സംരക്ഷിക്കാനും ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളും സ്വാതന്ത്ര്യാനന്തരം നാം അംഗീകരിച്ച ഭരണഘടന സംരക്ഷിക്കുന്നതിനുമുള്ള സമരങ്ങൾ ശക്തമാക്കിക്കൊണ്ടുവേണം 2024 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മോഡി സർക്കാരിന്റെ പരാജയം ഉറപ്പുവരുത്താൻ. തൊഴിലാളി വർഗവും അധ്വാനിക്കുന്ന വലിയ വിഭാഗം ജനങ്ങളും പ്രത്യേകിച്ച് കർഷകരും കർഷകത്തൊഴിലാളികളും ഉൾപ്പെട്ട സംയുക്ത സമരത്തിലൂടെ  മാത്രമേ ഈ ലക്ഷ്യം സാധ്യമാകൂ.**



## രാജ്യത്തെ രക്ഷിക്കുക!
## ജനങ്ങളെ രക്ഷിക്കുക!

●

**നവലിബറൽ നയങ്ങളും കോർപറേറ്റ്  വർഗീയ കൂട്ടുകെട്ടും പരാജയപ്പെടുത്തുക**

**തൊഴിലാളി അനുകൂല, ജനാനുകൂല നയങ്ങൾക്കായുള്ള സമരങ്ങൾ ശക്തമാക്കുക**



കെ. ഹേമലത

ഈ വരുന്ന ആഗസ്റ്റിൽ രാജ്യമാകെയുള്ള തൊഴിലാളികളും കർഷക തൊഴിലാളികളും ഉൾപ്പടെ നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളും തീവ്രമായ സമരങ്ങളിലും പ്രക്ഷോഭത്തിലുമാണ്. മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ മുന്നോട്ടുവയ്ക്കുന്ന നയങ്ങൾ മൂലം രാജ്യത്തെ തൊഴിലാളി വർഗ്ഗം അവരുടെ തൊഴിൽ സാഹചര്യവും ജീവിത സാഹചര്യവും മോശമായിക്കൊണ്ടിരിക്കുന്നതിനെതിരെ അതൃപ്തിയും അമർഷവും പ്രകടിപ്പിക്കുകയാണ്.

2023 ജനുവരി 30ന് രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളെയും പ്രതിനിധീകരിക്കുന്ന ട്രേഡ് യൂണിയനുകളുടെ സംയുക്തവേദിയുടെ ദേശീയ കൺവെൻഷൻ നടക്കുകയും 2023 ആഗസ്റ്റ് 9 മുതൽ ഒന്നിലധികം ദിവസങ്ങളിൽ 'മഹാപഡവ് 'എന്ന പേരിൽ നിരവധി പരിപാടികൾക്കും ക്യാമ്പയിനുകൾക്കും ആഹ്വാനം ചെയ്യുകയും ചെയ്തു.

ബ്രിട്ടീഷ് കൊളോണിയൽ ഭരണാധികാരികൾ ഇന്ത്യ വിടണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ലക്ഷക്കണക്കിന് തൊഴിലാളികൾ അണിനിരന്ന 1942-ലെ ക്വിറ്റിന്ത്യാ ദിനത്തിന്റെ സ്മരണയ്ക്കായി കഴിഞ്ഞ കുറെ വർഷങ്ങളായി സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനം ആഗസ്റ്റ് 9-ൽ ക്വിറ്റിന്ത്യാ ദിനം ആചരിച്ചു വരികയാണ്. മൂന്ന് കാർഷിക നിയമങ്ങൾക്കെതിരെ ചരിത്രപ്രസിദ്ധമായ കർഷക സമരവും ആ നിയമങ്ങൾ പിൻവലിക്കാൻ മോദി സർക്കാറിനെ നിർബന്ധിക്കുകയും ചെയ്ത സംയുക്ത കിസാൻ മോർച്ച മിനിമം താങ്ങുവില നടപ്പാക്കുമെന്നതടക്കമുള്ള ഉറപ്പുകൾ പാലിക്കാത്തതിനെതിരെ വീണ്ടും പ്രക്ഷോഭം ആരംഭിച്ചിട്ടുണ്ട്.

കർഷകരുടെ ആവശ്യങ്ങൾ മുൻനിർത്തി സംയുക്ത കിസാൻ മോർച്ച നിരവധി പരിപാടികൾ നടത്തി തൊഴിലാളികളെയും കർഷകരെയും കർഷക തൊഴിലാളികളെയും പ്രതിനിധാനം ചെയ്യുന്ന CITU, AIKS, AIAWU എന്നീ സംഘടനകളും 2023 ഏപ്രിൽ അഞ്ചിന്റെ മസ്ദൂർ കിസാൻ സംഘർഷ റാലിയിൽ ഭാഗഭാക്കായിരുന്നു. റാലിയിൽ ഉന്നയിച്ച ആവശ്യങ്ങളിൽ സംയുക്ത ക്യാമ്പയിൻ തുടരാനും തീരുമാനിച്ചിട്ടുണ്ട്. ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ പങ്കെടുത്ത രാജ്യത്തെ ലക്ഷക്കണക്കിന് തൊഴിലാളികളുടെയും കർഷകരുടെയും കാഴ്ചപ്പാടുകളോടും ആഗ്രഹങ്ങളോടും ഈ വിഷയങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുന്ന കൊളോണിയൽ കാലഘട്ടത്തിലെ സമാനമായ അവസ്ഥയിലുള്ള മോദി സർക്കാറിന്റെ നയങ്ങൾക്കെതിരെ 2023 ആഗസ്റ്റ് 14-ന് രാത്രി 'നിശാ ജാഗ്രതാ പരിപാടി' സംഘടിപ്പിക്കാൻ തീരുമാനിച്ചു.

> **വൻകിട കോർപറേറ്റുകളെ സഹായിക്കുകയും തൊഴിലാളികളിലെ ഐക്യത്തെ ദുർബലമാക്കുകയും ചെയ്യുന്ന ആർഎസ്എസ്സിന്റെയും അനുബന്ധ സംഘടനകളുടെയും ഗൂഢതന്ത്രങ്ങളെ പൊളിക്കാൻ തൊഴിലാളി വർഗം നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കണം. തൊഴിലാളി അനുകൂല ജനാനുകൂല സമരങ്ങളുടെ വിജയം ഉറപ്പാക്കാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കാൻ ഈ ഒരുപാധി കൊണ്ടേ കഴിയൂ. അതിലേക്ക് കുറുക്കുവഴികളില്ല.**

ജൂൺ 8-ന് നടന്ന ട്രേഡ് യൂണിയനുകളുടെയും സംയുക്ത കിസാൻ മോർച്ചയുടെയും യോഗത്തിൽ പരസ്പര പിന്തുണയോടെയും ഐക്യദാർഢ്യത്തോടെയും പ്രവർത്തനങ്ങൾ തുടരാൻ മാത്രമല്ല, പൊതുവായ ആവശ്യങ്ങളിൽ സംയുക്ത നടപടികൾ കൈക്കൊള്ളാനും തീരുമാനമെടുത്തു.

സംയുക്ത ട്രേഡ് യൂണിയന്റെയും സംയുക്ത കിസാൻ മോർച്ചയുടെയും സംയുക്ത ദേശീയ കൺവെൻഷനും ആസൂത്രണം ചെയ്യുന്നുണ്ട്. 2023 ജനുവരി മുപ്പതിന് സംഘടിപ്പിച്ച തൊഴിലാളികളുടെ ദേശീയ കൺവെൻഷൻ ഏകകണ്ഠമായി അംഗീകരിച്ച പ്രഖ്യാപനം മോദി സർക്കാർ നടപ്പാക്കുന്ന നയങ്ങളെ ശക്തമായി അപലപിച്ചിരുന്നു.

രാജ്യത്ത് നടപ്പിലാക്കി വരുന്ന ഈ നയങ്ങൾ തൊഴിലാളി വിരുദ്ധവും കർഷക വിരുദ്ധവും ജനവിരുദ്ധവും മാത്രമല്ല, ആഭ്യന്തര വിദേശ കോർപ്പറേറ്റുകൾക്ക് പ്രകൃതി വിഭവങ്ങളും രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതിന് സൗകര്യമൊരുക്കുകയും ചെയ്യുന്നതാണെന്ന് വ്യക്തമാണ്. രാജ്യത്തെ ഭൂരിഭാഗം ജനങ്ങളെയും ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്ന ഈ ആപൽക്കരമായ നയങ്ങളിൽ

നിന്ന് മോചിപ്പിക്കാൻ ' Save the country and Save the people ' തുടങ്ങിയ ക്യാമ്പയിനുകൾക്കും ആഹ്വാനം ചെയ്തു.

1990കൾക്ക് ശേഷം ഇത് ആദ്യമായാണ് ഇന്ത്യയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം വർദ്ധിക്കുന്നത്. കൃത്യമായ വേതനം കുറയുന്നതിനനുസരിച്ച് ദരിദ്രരായ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2021ൽ മാത്രം 75 ദശലക്ഷം ആളുകളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു. ദിനംപ്രതി കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങൾ, സംഘടനാ അവകാശം, കൂട്ടായി വിലപേശാനുള്ള അവകാശം, കൂട്ടായ പ്രവർത്തനങ്ങൾ എന്നിവ ലേബർ കോഡുകളിലൂടെ ആക്രമിക്കപ്പെട്ടിരിക്കുന്നു. വ്യത്യസ്തങ്ങളായ മേഖലകളിലെ നിരവധിയായ തൊഴിലാളികൾ വർഷങ്ങളോളം നടത്തിയ സമരങ്ങളിലൂടെ നേടിയെടുത്ത സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളാണ് ലേബർ കോഡുകൾ നടപ്പാക്കുന്നതിലൂടെ നിർത്തലാക്കിയിരിക്കുന്നത്. 2015-ന് ശേഷം നടന്ന ഇന്ത്യൻ ലേബർ കോൺഫ്രൻസ് വിളിച്ചുചേർക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടിട്ടും മോഡി സർക്കാർ അതിനു തയ്യാറായിട്ടില്ല. ത്രികക്ഷി സംവിധാനമാണ് അതോടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നത്.

തൊഴിൽ സാഹചര്യങ്ങൾ മോശമാകുന്നു. കരാർ, കാഷ്വൽ, പ്രതിദിന റേറ്റഡ്, പാർട്ട് ടൈം, താത്കാലിക, നിശ്ചിത കാലാവധി തുടങ്ങിയ തൊഴിലാളികൾ, അപ്രന്റീസുകൾ, ട്രെയിനികൾ തുടങ്ങിയവരുടെ എണ്ണം കൂടിവരുകയാണ്. തൊഴിലില്ലായ്മ അപകടകരമായ തലത്തിലേക്ക് എത്തിയിരിക്കുന്നു. വിപുലമായ പ്രോത്സാഹനങ്ങളും, ഇളവുകളും നിലനിന്നിട്ടും സ്വകാര്യ നിക്ഷേപം വർധിക്കുന്നില്ല. അതിനാൽ തന്നെ സ്വകാര്യ മേഖലയിൽ കാര്യമായ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകുന്നില്ല.



**തൊഴിൽ സാഹചര്യങ്ങൾ മോശമാകുന്നു. കരാർ, കാഷ്വൽ, പ്രതിദിന റേറ്റഡ്, പാർട്ട് ടൈം, താത്കാലിക, നിശ്ചിത കാലാവധി തുടങ്ങിയ തൊഴിലാളികൾ, അപ്രന്റീസുകൾ, ട്രെയിനികൾ തുടങ്ങിയവരുടെ എണ്ണം കൂടിവരുകയാണ്. തൊഴിലില്ലായ്മ അപകടകരമായ തലത്തിലേക്ക് എത്തിയിരിക്കുന്നു. തങ്ങളുടെ യഥാർഥ ശത്രു ആരെന്നും തങ്ങളുടെയും ഈ രാജ്യത്തിന്റെയും ദൈന്യങ്ങൾക്കുള്ള കാരണം കേന്ദ്രത്തിലെ കോർപറേറ്റ് നിയന്ത്രിത സർക്കാർ തുടരുന്ന നാശോന്മുഖ നയങ്ങളാണെന്ന് തൊഴിലാളികളെയും ജനങ്ങളെയും ബോധ്യപ്പെടുത്തണമെന്ന് ദേശീയ കൺവെൻഷൻ അംഗീകരിച്ച പ്രമേയം വ്യക്തമാക്കുന്നു.**

സർക്കാർ വകുപ്പുകളിൽ ഒഴിഞ്ഞുകിടക്കുന്ന ലക്ഷക്കണക്കിന് തസ്തികകളിലേക്കു മോദി സർക്കാർ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നില്ല. ഇതിനെ തുടർന്ന് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തസ്തികകൾ ഇല്ലാതാക്കുകയാണ്. റെയിൽവേയിലും മറ്റ് അപകടങ്ങൾക്കും ജീവഹാനിക്കും കാരണമാകുന്ന സുരക്ഷാസംബന്ധമായ വിഭാഗങ്ങൾ ഉൾപ്പെടെ മൂന്നു ലക്ഷത്തിലധികം തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. പുതിയ വിദ്യാഭ്യാസ നയം ലക്ഷ്യമിടുന്നത് ദരിദ്രകുടുംബങ്ങളിലെ കുട്ടികൾക്ക് താങ്ങാൻ ആകുന്ന വിദ്യാഭ്യാസം നിഷേധിക്കുന്ന വിദ്യാഭ്യാസത്തിന്റെ കേന്ദ്രീകരണവും കോർപ്പറേറ്റ് വൽക്കരണവുമാണ്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പൊതു വിദ്യാഭ്യാസം സ്വകാര്യ കോർപ്പറേറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.

ഹിന്ദുത്വ വർഗീയ ആർഎസ്എസ് നയിക്കുന്ന മോദി സർക്കാർ 'ഹിന്ദു രാഷ്ട്രം' സ്ഥാപിക്കാനുള്ള ആർഎസ്എസ് അജണ്ട നടപ്പാക്കുകയാണ്. കരിക്കുലത്തെ വികലമാക്കി പാഠപുസ്തകത്തിലും സിലബസിലും മാറ്റം വരുത്തിക്കൊണ്ട്, വിഷമയമായ ഹിന്ദുത്വ മേൽക്കോയ്മാ പ്രത്യയശാസ്ത്രം പാഠപുസ്തകങ്ങളിലൂടെ എത്തിച്ചുകൊണ്ട് യുവതയെ സ്വാധീനിക്കുകയാണ്.

നിലവിലെ ഭരണഘടനയ്ക്ക് പകരം ബ്രാഹ്മണ ശ്രേണീകൃത സമൂഹത്തെ പ്രതിപാദിക്കുന്ന 'മനുസ്മൃതി' കൊണ്ടുവരാനാണ് ആർഎസ്എസ് ശ്രമിക്കുന്നത്. തങ്ങളുടെ യഥാർഥ ശത്രു ആരെന്നും തങ്ങളുടെയും ഈ രാജ്യത്തിന്റെയും ദൈന്യങ്ങൾക്കുള്ള കാരണം കേന്ദ്രത്തിലെ കോർപറേറ്റ് നിയന്ത്രിത സർക്കാർ തുടരുന്ന നാശോന്മുഖ നയങ്ങ

ളാണെന്ന് തൊഴിലാളികളെയും ജനങ്ങളെയും ബോധ്യപ്പെടുത്തണമെന്ന് ദേശീയ കൺവെൻഷൻ അംഗീകരിച്ച പ്രമേയം വ്യക്തമാക്കുന്നു. ശത്രു എന്നാൽ സാധാരണ മനുഷ്യർ കരുതുന്നതു പോലെ അന്യമതത്തിൽ വിശ്വസിക്കുന്ന, ഇതര ജാതിയിൽപ്പെട്ട, മറ്റ് ഭാഷ സംസാരിക്കുന്ന അപരനായ തൊഴിലാളിയല്ല. ആർഎസ്എസ് നയിക്കുന്ന വർഗീയ ശക്തികൾ മുന്നോട്ടുവയ്ക്കുന്ന ഇത്തരം വിഭാഗീയ തന്ത്രങ്ങൾ വൻകിട കോർപറേറ്റുകളുടെ താൽപര്യം സംരക്ഷിക്കാനും നവലിബറൽ നയങ്ങൾക്കെതിരെയുള്ള സമരങ്ങളെ ദുർബലപ്പെടുത്താനും ലക്ഷ്യമിട്ടുള്ളതാണ്. ഇത് കൂടാതെയാണ് ഭരണകൂടത്തെ ഉപയോഗിച്ച് ഇത്തരം നയങ്ങൾക്കെതിരെ ഉയരുന്ന വിമത ശബ്ദങ്ങളെയും ചെറുത്തുനിൽപ്പുകളെയും അടിച്ചമർത്തുന്ന മോഡി സർക്കാരിന്റെ നയം.

മോദി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഒൻപതു വർഷം തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും ആവശ്യങ്ങളോടും ചോദ്യങ്ങളോടും തീർത്തും നിസ്സംഗത പുലർത്തുകയാണ് ചെയ്തിട്ടുള്ളത്. തൊഴിലാളി വർഗ്ഗത്തിന്റെ ഉപജീവനത്തിനും ജീവിത–തൊഴിൽ സാഹചര്യങ്ങൾക്കും നേരെ ഉയർന്നു കൊണ്ടിരിക്കുന്ന അതിക്രമങ്ങൾക്കെതിരെ തുടർച്ചയായ കൂട്ടായ പ്രതിഷേധങ്ങളും ഉയർത്തുന്നു. ഈ കാലയളവിനുള്ളിൽ തന്നെ രാജ്യവ്യാപകമായ അഞ്ചു പൊതു പണിമുടക്കുകൾ ഉണ്ടായിട്ടുണ്ട്. അതിൽ രണ്ടെണ്ണം 2019-ലും 2022-ലും സംഘടിപ്പിച്ച ദ്വിദിന പണിമുടക്കായിരുന്നു. കൂടാതെ എല്ലാ വിഭാഗം തൊഴിലാളികളും ജീവനക്കാരും സർക്കാരിന്റെ നയങ്ങൾക്കെതിരെ സമരം ചെയ്തു. മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ തൊഴിലാളികൾ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾക്ക് ചെവികൊടുക്കാത്ത നിലപാടാണ് സ്വീകരിക്കുന്നത്. അധികാരത്തിന്റെ ലഹരിയിൽ പാർലമെന്ററി ഭരണഘടന മാനദണ്ഡങ്ങൾ പോലും ലംഘിക്കുകയാണ്.

നവലിബറൽ നയങ്ങൾക്കെതിരായ പോരാട്ടം മുന്നോട്ട് കൊണ്ടുപോകുന്നതിനും തൊഴിലാളികളുടെ കഠിനമായ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കും സ്വാതന്ത്ര്യാനന്തരം ജനങ്ങൾ അംഗീകരിച്ച ഭരണഘടനയ്ക്കും 2024-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മോദി സർക്കാരിനെ പരാജയപ്പെടുത്തേണ്ടതുണ്ട്.

അധ്വാനിക്കുന്ന ജനവിഭാഗങ്ങളായ കർഷകരും കർഷക തൊഴിലാളികളും സമരങ്ങളുടെ ഭാഗമാവുകയും തൊഴിലാളി വർഗ്ഗത്തിന്റെ ഐക്യസമരങ്ങളെ കണ്ടെത്തുന്നതിലൂടെയും ഈ പ്രക്ഷോഭങ്ങളെ അധികാര വർഗ്ഗത്തോടുള്ള എതിർപ്പിന്റെയും ചെറുത്തുനിൽപ്പിന്റെയും ശബ്ദമായി ഇതിനെ ഉയർത്താൻ കഴിയും.

പൊതുതെരഞ്ഞെടുപ്പിന് ഒരു വർഷത്തിൽ താഴെ മാത്രം അവശേഷിക്കെ, തൊഴിലാളി വർഗ്ഗവും ട്രേഡ് യൂണിയൻ സംഘടനകളുമെല്ലാം ശക്തമായ ക്യാമ്പയിനുകൾ ഏറ്റെടുക്കുന്നതിന് ഈ ചുരുങ്ങിയ കാലയളവ് ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

ആഗസ്റ്റിൽ നടത്താൻ തീരുമാനിച്ച പ്രചാരണ പരിപാടികൾ ഈ ലക്ഷ്യം മുൻനിർത്തിയുള്ളതായിരിക്കണം. തൊഴിലാളി സംഘടനകളുടെ സംയുക്ത കൺവെൻഷന്റെ തുടർച്ചയായി സംയുക്ത ട്രേഡ് യൂണിയൻ കൺവൻഷനുകൾ ചേർന്ന് അവകാശപത്രികയ്ക്ക് ജനപിന്തുണ തേടി മിക്കവാറും സംസ്ഥാനങ്ങളിൽ പ്രചാരണ പരി

**തങ്ങളുടെ യഥാർഥ ശത്രു ആരെന്നും തങ്ങളുടെയും ഈ രാജ്യത്തിന്റെയും ദൈന്യങ്ങൾക്കുള്ള കാരണം കേന്ദ്രത്തിലെ കോർപറേറ്റ് നിയന്ത്രിത സർക്കാർ തുടരുന്ന നാശോന്മുഖ നയങ്ങളാണെന്ന്തൊഴിലാളികളെയും ജനങ്ങളെയും ബോധ്യപ്പെടുത്തണമെന്ന് ദേശീയ കൺവെൻഷൻ അംഗീകരിച്ച പ്രമേയം വ്യക്തമാക്കുന്നു. ആർഎസ്എസ് മുന്നോട്ടുവയ്ക്കുന്ന വിഭാഗീയ തന്ത്രങ്ങൾ വൻകിട കോർപറേറ്റുകളുടെ താൽപര്യം സംരക്ഷിക്കാനും നവലിബറൽ നയങ്ങൾക്കെതിരെയുള്ള സമരങ്ങളെ ദുർബലപ്പെടുത്താനും ലക്ഷ്യമിട്ടുള്ളതാണ്.**



പാടികൾ തീരുമാനിച്ചു കഴിഞ്ഞു. ലഘുലേഖകൾ, കോർണർ യോഗങ്ങൾ, ഗേറ്റ് മീറ്റിങ്ങുകൾ ജാഥകൾ, വിവിധ മേഖലകളിലെ തൊഴിലാളികളുടെ പ്രത്യേക പ്രശ്നങ്ങൾ മുൻനിർത്തിയുള്ള മറ്റു പ്രചാരണ പരിപാടികൾ സംഘടിപ്പിക്കണം. എല്ലാ പ്രചാരണങ്ങളുടെയും സത്ത നവലിബറൽ നയങ്ങൾക്ക് ഈ നയങ്ങളുമായുള്ള ബന്ധം മുൻനിർത്തിയുള്ളതാവണം. ട്രേഡ് യൂണിയൻ അംഗത്വമോ രാഷ്ട്രീയ ആഭിമുഖ്യമോ പരിഗണിക്കാതെ എല്ലാവിഭാഗം തൊഴിലാളികളിലും എത്തുന്ന വിധത്തിലുള്ള പ്രചാരണമാണ് നടത്തേണ്ടത്. മോഡി സർക്കാർ പിന്തുടരുന്ന അപകടകരമായ നയങ്ങൾ സ്വാതന്ത്ര്യലബ്ധിക്കുശേഷം എഴുപതു വർഷമായി നാം ആർജിച്ചെടുത്ത നമ്മുടെ ദേശീയ സമ്പദ്ഘടനയുടെ ശക്തിയെയും ഉൽപ്പാദനശേഷിയെയും സ്വാശ്രയത്വത്തെയും എങ്ങനെ തകർക്കുന്നു എന്ന് എല്ലാ തൊഴിലാളികളെയും ബോധവൽക്കരിക്കണം.

CITU, AIKS, AIAWU എന്നീ മൂന്ന് സംഘടനകളും സംയുക്തമായി വില്ലേജ് തലം വരെ നിരവധി ക്യാമ്പയിനുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചു. മൂന്ന് സംഘടനകളുടെയും സംസ്ഥാന -ജില്ലാ താഴെ തട്ടിലുള്ളവരുടെയും സംയുക്ത യോഗങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരാഴ്ച നീണ്ടുനിൽക്കുന്ന പരുപാടി ഓഗസ്റ്റ് 14ന് രാത്രിയിലെ 'നൈറ്റ് വിജിൽ' പരിപാടിയിൽ സമാപിക്കും. പരിപാടിയിൽ രാജ്യത്തെ മുഴുവൻ മതേതര ജനാധിപത്യ വിശ്വാസികളെയും നമ്മുടെ റിപ്പബ്ലിക്കിനെ സംരക്ഷിക്കുന്നതിൽ താല്പര്യമുള്ളതും തൊഴിലാളികളുടെ ആവശ്യങ്ങളെ പിന്തുണയ്ക്കുന്നതുമായ മൂന്ന് സംഘടനകളെയും സമൂഹത്തിലെ വിവിധ മേഖലകളിലുള്ള അംഗങ്ങളുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്താൻ ശ്രമിക്കേണ്ടതുണ്ട്.

**നവലിബറൽ നയങ്ങൾക്കെതിരായ പോരാട്ടം മുന്നോട്ട് കൊണ്ടുപോകുന്നതിനും തൊഴിലാളികളുടെ കഠിനമായ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കും 2024-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മോദി സർക്കാരിനെ പരാജയപ്പെടുത്തേണ്ടതുണ്ട്. പൊതുതെരഞ്ഞെടുപ്പിന് ഒരു വർഷത്തിൽ താഴെ മാത്രം അവശേഷിക്കെ, തൊഴിലാളി വർഗ്ഗവും ട്രേഡ് യൂണിയൻ സംഘടനകളുമെല്ലാം ശക്തമായ ക്യാമ്പയിനുകൾ ഏറ്റെടുക്കണം.**

കർണാടക നിയമസഭാ തെരഞ്ഞെടുപ്പിലെ ബിജെപിയുടെ പരാജയം മോദി അജയ്യനാണെന്ന മിഥ്യയെ തുറന്നുകാട്ടി. മോദിയും അമിത് ഷായും കേന്ദ്രമന്ത്രിമാരും ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും ഉൾപ്പെടെയുള്ള ബിജെപിയുടെ മുതിർന്ന നേതാക്കളും വിപുലമായ പ്രചരണ പരിപാടികൾ ഏറ്റെടുത്തു നടത്തിയിട്ടും സംസ്ഥാനത്ത് ബിജെപി ദയനീയമായി പരാജയപ്പെട്ടു. ഉപജീവനമാർഗ്ഗവും തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കാണ് തെരഞ്ഞെടുപ്പിൽ പ്രാമുഖ്യം ലഭിച്ചത്.

ദരിദ്ര വിഭാഗക്കാർ ഭൂരിഭാഗം ഉള്ള മേഖലകളിലാണ് ബിജെപിയെ പരാജയം നേരിട്ടത്. സർക്കാർ ജീവനക്കാർക്കിടയിൽ വലിയ പങ്കുവഹിക്കുന്ന എൻപിഎസ് പ്രശ്നമാണ് ഹിമാചൽ പ്രദേശിൽ ഉൾപ്പെടെ ബിജെപിയെ പരാജയപ്പെടുത്തിയത്.

പണവും പേശിബലവും കോർപ്പറേറ്റ് മാധ്യമങ്ങളുടെ പിന്തുണയും ആവോളമുള്ള ബിജെപിയെ അനായാസം പരാജയപ്പെടുത്താൻ എളുപ്പം കഴിയും എന്ന ആത്മവിശ്വാസം കർണാടകയിലെ ബിജെപിയുടെ പരാജയത്തിലൂടെ പൊതുവേ ജനങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാൽ പോലും ബിജെപിയുടെ നിർണായക പരാജയം നവലിബറൽ ഭരണത്തിന്റെ തിരിച്ചുപോക്കിന് ഉതകുമെന്ന് ഒരു ഉറപ്പുമില്ല. ആർ എസ് എസ് നേതൃത്വത്തിലുള്ള വർഗീയ ശക്തികളുടെ സ്വാധീനം ഇതോടെ ഇല്ലാതാകും എന്നും അർഥമാക്കേണ്ടതില്ല. തൊഴിലാളികളെയും കർഷകരെയും കർഷക തൊഴിലാളികളെയും അധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളെയും വർഗബോധത്തിന്റെ അടിസ്ഥാനത്തിൽ ഏകോപിപ്പിച്ചുകൊണ്ട് സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായും നയങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും വിപുലമായ പ്രക്ഷോഭങ്ങളിൽ അണിനിരത്തണം. വൻകിട കോർപറേറ്റുകളെ സഹായിക്കുകയും കോർപറേറ്റ് വർഗീയ ഐക്യത്തിനെതിരെ സമരസജ്ജരായ തൊഴിലാളികളിലെ ഐക്യത്തെ ദുർബലമാക്കുകയും ചെയ്യുന്ന ആർഎസ്എസ്സിന്റെയും അനുബന്ധ സംഘടനകളുടെയും ഗൂഢതന്ത്രങ്ങളെ പൊളിക്കാൻ തൊഴിലാളി വർഗം നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണം. തൊഴിലാളി അനുകൂല ജനാനുകൂല സമരങ്ങളുടെ വിജയം ഉറപ്പാക്കാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കാൻ ഈ ഒരുപാധി കൊണ്ടേ കഴിയൂ. അതിലേക്ക് കുറുക്കുവഴികളില്ല. ട്രേഡ് യൂണിയനുകളുടെയും സിഐടിയു, അഖിലേന്ത്യ കിസാൻസഭ, കർഷകത്തൊഴിലാളി യൂണിയൻ എന്നിവയുടെയും പ്രചാരണ പരിപാടികൾകൊണ്ട് അതുതന്നെയാണ് ലക്ഷ്യംവയ്ക്കുന്നത്. •

# നമ്മുടേത് ചങ്ങാത്ത മുതലാളിത്തമോ?



പ്രഭാത് പട്നായിക്




ഫാസിസ്റ്റിക് ഘടകങ്ങൾ എല്ലാ ആധുനിക സമൂഹത്തിലും നിലവിലുണ്ട്. എന്നാൽ സാധാരണയായി ചെറുകിട സംഘടനകളായോ നാമമാത്രമായ ഗ്രൂപ്പുകളായോ ചെറിയ ഘടകങ്ങളായോ ആണ് അവ നിലനിൽക്കുക. അവർക്ക് ധാരാളം പണവും മാധ്യമ സഹായവും പ്രദാനം ചെയ്യുന്ന കുത്തക മൂലധനത്തിന്റെ പിന്തുണ ലഭിക്കുമ്പോൾ മാത്രമാണ് അവർ കേന്ദ്രസ്ഥാനത്തേക്ക് നീങ്ങുക. തൊഴിലില്ലായ്മ ഗണ്യമായി വർദ്ധിക്കുകയും അതുവരെ കുത്തക മൂലധനം ആസ്വദിച്ചിരുന്ന ആധിപത്യം ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു മുതലാളിത്ത പ്രതിസന്ധി രൂപപ്പെടുമ്പോഴാണ് ഇത് സംഭവിക്കുന്നത്.

സംവാദങ്ങളെ വഴിതിരിച്ചു വിടുക എന്നതാണ് അത്തരമൊരു സാഹചര്യത്തിൽ ഫാസിസ്റ്റ് ഘടകങ്ങളുടെ പങ്ക്. പ്രതിസന്ധിക

**പുത്തൻ കുത്തക മൂലധനവുമായുള്ള മോഡി സർക്കാരിന്റെ ഗാഢബന്ധത്തെ പൊതുവിൽ ക്രോണി കാപ്പിറ്റലിസം(ചങ്ങാത്ത മുതലാളിത്തം) എന്നാണ് വിശേഷിപ്പിക്കുന്നത്. അധികാരത്തിലുള്ള ഫാസിസ്റ്റ് ഘടകങ്ങൾക്ക് കുത്തക മൂലധനവുമായി പ്രത്യേകിച്ച് നവ കുത്തക മൂലധനവുമായുള്ള ഗാഢബന്ധമാണ് ഈ വിശേഷണം കൊണ്ട് അർഥമാക്കുന്നത്.**

ളിൽ ഉഴലുന്ന മുതലാളിത്തത്തിൻകീഴിലുള്ള അടിസ്ഥാന ദുരിതം മറച്ചുവെക്കാൻ ശ്രമിക്കുന്നത് വിദ്വേഷവും പകയും പരത്തിക്കൊണ്ടാണ്. ഹതഭാഗ്യരായ മതവംശീയഭാഷാ ന്യൂനപക്ഷങ്ങൾക്കു നേരെയാണ് വിദ്വേഷവും പകയും പരത്തുന്നത്. കൂടാതെ, ഫാസിസ്റ്റ് ഘടകങ്ങൾ അധികാരത്തിൽ വരുമ്പോൾ ന്യൂനപക്ഷങ്ങൾക്കെതിരെ എന്ന പോലെ ചിന്തകർ, ബുദ്ധിജീവികൾ, രാഷ്ട്രീയ എതിരാളികൾ, സ്വതന്ത്ര അക്കാദമിക് വിദഗ്ധർ എന്നിവർക്കെതിരെ ജാഗ്രതാ ഗ്രൂപ്പുകളായി ചമഞ്ഞ് സ്വന്തം ഫാസിസ്റ്റ് ഗുണ്ടകളെ അഴിച്ചുവിട്ട് ഭരണകൂട ഭീകരത സൃഷ്ടിക്കും.

ഈ ഘടനയുമായി ഇന്ത്യ പൂർണമായും അനുപൂരകമായിരിക്കുന്നു. കുത്തകമൂലധനത്തിനുള്ളിൽ പുതുതായി രൂപപ്പെട്ട ഒരു ഘടകം എന്ന നിലയ്ക്ക് നവ കുത്തക ബൂർഷ്വാസിക്ക് ഇത്തരം ഫാസിസ്റ്റ് ഗ്രൂപ്പുകളുമായി പ്രത്യേകമായി ഒരടുത്ത ബന്ധം സ്ഥാപിക്കപ്പെടുന്നുണ്ട്.




പ്രസിദ്ധനായ ഫ്രഞ്ച് അനാർകോ മാർക്സിസ്റ്റായ ദാനിയെൽ ഗുറീൻ തന്റെ പുസ്തകമായ ഫാസിസം ആൻഡ് ബിഗ് ബിസിനസിൽ പറയുന്നത് 1930കളിൽ നാസി പാർടിക്ക് ശക്തമായ സഹായം ചെയ്തവരിൽ പ്രമുഖർ ജർമനിയിൽ പുതുതായി ഉദയം ചെയ്ത കുത്തക മുതലാളിമാരായിരുന്നു എന്നാണ്. ഉരുക്ക്, ചരക്ക്, യുദ്ധസാമഗ്രികൾ, വെടിക്കോപ്പുകൾ എന്നിവയുടെ ഉൽപ്പാദകരായിരുന്നു ഈ വിഭാഗത്തിലുള്ളത്.

പ്രസിദ്ധനായ ഫ്രഞ്ച് അനാർകോ മാർക്സിസ്റ്റായ ദാനിയെൽ ഗുറീൻ തന്റെ പുസ്തകമായ ഫാസിസം ആൻഡ് ബിഗ് ബിസിനസിൽ പറയുന്നത് 1930കളിൽ നാസി പാർടിക്ക് ശക്തമായ സഹായം ചെയ്തവരിൽ പ്രമുഖർ ജർമനിയിൽ പുതുതായി ഉദയം ചെയ്ത കുത്തക മുതലാളിമാരായിരുന്നു എന്നാണ്. ഉരുക്ക്, ചരക്ക്, യുദ്ധസാമഗ്രികൾ, വെടിക്കോപ്പുകൾ എന്നിവയുടെ ഉൽപ്പാദകരായിരുന്നു ഈ വിഭാഗത്തിലുള്ളത്. അതുവരെ സഹായിച്ച ടെക്സ്റ്റൈൽ, കൺസ്യൂമർ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉൽപ്പാദകരേക്കാൾ വലിയ സഹായമാണ് നാസി പാർടിക്ക് പുതിയ മുതലാളിമാർ നൽകിയത്. ടെക്സ്റ്റൈൽ, കൺസ്യൂമർ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉൽപ്പാദകർ പിന്തുണച്ചില്ല എന്നല്ല ഇതിനർഥം. പുത്തൻപണക്കാരായ ഫാസിസ്റ്റുകളും വൻകിട കച്ചവടക്കാരും നാസി ഭരണത്തിൽ പങ്കാളികളാണെന്നും അവയ്ക്കിടയിൽ ഒരു വ്യത്യാസവുമില്ലെന്നുമാണ്പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ മൈക്കേൽ കലേക്കി പറഞ്ഞത്. പുതിയ കുത്തക ഗ്രൂപ്പുകൾ ഫാസിസ്റ്റ് സംവിധാനത്തിന് കൂടുതൽ അനുകൂലവും കൂടുതൽ ആക്രമണാത്മകവുമായ പിന്തുണ നൽകുന്നു എന്നത് ഒരു വസ്തുതയാണ്. സമാനമായ കാര്യങ്ങൾ ജപ്പാനിലും സംഭവിച്ചിട്ടുണ്ട്. നിസാനും മോറിയുമെല്ലാം ഉൾപ്പെട്ട ഷിൻകോ സൈബത്സു എന്ന കുത്തക മുതലാളികളുടെ സംഘം 1930കളിലെ സൈനിക ഫാസിസ്റ്റ് ഭരണകൂടത്തെ ശക്തമായി പിന്തുണച്ചിരുന്നു. ജപ്പാന്റെ വ്യവസായവൽക്കരണത്തിന് അടിത്തറയിട്ട മിത്സുയി, മിത്സുബിഷി, സുമിടോമോ എന്നിവ ഉൾപ്പെട്ട പഴയ സൈബത്സു ഗ്രൂപ്പ് നൽകിയതിനേക്കാൾ ശക്തമായ പിന്തുണയായിരുന്നു ഇത്. അതിനർഥം പഴയ കുത്തകകൾ പിന്തുണച്ചിരുന്നില്ല എന്നല്ല. മിത്സുബിഷിയാണ് കപ്പൽ നിർമാണം നടത്തിയിരുന്നത്. യുദ്ധാനന്തരം അമേരിക്കൻ അധിനിവേശക്കാലത്ത് ജപ്പാനെ നിയന്ത്രിച്ച ജനറൽ ഡഗ്ലസ് മക് ആർതർ പഴയ സൈബത്സു ഗ്രൂപ്പുകളെ നിർവീര്യമാക്കിയിരുന്നതും ഈ പിന്തുണയ്ക്ക് കാരണമായിരുന്നു. അതിനു ശേഷം പുതിയ രൂപത്തിൽ രൂപം കൊണ്ട കൂട്ടായ്മ സൈനിക ഫാസിസ്റ്റ്

ഭരണകൂടത്തിന് നൽകിയ പിന്തുണ സമ്പൂർണവും അത്യു ത്സാഹത്തോടെയുള്ളതുമായിരുന്നു.

ഇന്ത്യൻ അവസ്ഥയ്ക്ക് തീർച്ചയായും ഇതേ ഘടനയുമായി അതിശയകരമായ സാമ്യമുണ്ട്.

അദാനിയും അംബാനിയും പോലുള്ള പുതിയ കുത്തക വ്യവസായികൾ മോഡി ഭരണത്തിന് സജീവമായ പിന്തുണ നൽകുന്നു. മാത്രവുമല്ല, പഴയതും വ്യവസ്ഥാപിതവുമായ കുത്തക സ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അത്തരം പിന്തുണയിൽനിന്ന് അവർ വളരെയധികം പ്ര യോജനം നേടുകയും ചെയ്തു. എന്തായാലും പഴയ കുത്ത കകൾ പിന്തുണ നൽകാൻ വിമുഖത കാണിക്കുമ്പോൾ തന്നെ, ടാറ്റയുടെ തലവൻ നാഗ്പൂരിലെ ആർഎസ്എസ് ആസ്ഥാനം സന്ദർശിച്ച് തങ്ങളുടെ ഗ്രൂപ്പിന് ഹിന്ദുത്വ ഭരണകൂ ടവുമായുള്ള സാമീപ്യത്തിന് അടിവരയിടുകയും ചെയ്തിട്ടുണ്ട്. പുത്തൻ കുത്തക മൂലധനവുമായുള്ള മോഡി സർക്കാരിന്റെ ഗാഢബന്ധത്തെ പൊതുവിൽ ക്രോണി കാപ്പിറ്റലിസം(ച ങ്ങാത്ത മുതലാളിത്തം) എന്നാണ് വിശേഷിപ്പിക്കുന്നത്. അധികാരത്തിലുള്ള ഫാസിസ്റ്റ് ഘടകങ്ങൾക്ക് കുത്തക മൂലധനവുമായി പ്രത്യേകിച്ച് നവ കുത്തക മൂലധനവുമായു ള്ള ഗാഢബന്ധത്തെയാണ് ഇങ്ങനെയൊരു വിശേഷണം കൊണ്ട് അർഥമാക്കുന്നത്. കോർപ്പറേറ്റ്ഹിന്ദുത്വ കൂട്ടുകെട്ട് എന്ന് കൂടുതൽ വ്യക്തമായി വിശേഷിപ്പിക്കപ്പെടുന്ന ഈ ബന്ധത്തിന്റെ പ്രത്യേകമായ അനന്യത നഷ്ടപ്പെടുത്തുന്ന വിശേഷണമാണിത്. എല്ലാ ആധുനിക മുതലാളിത്ത ലോ കത്തിലും ഫാസിസ്റ്റ് ഘടകത്തിന്റെ ആധിപത്യമുണ്ടാകു മ്പോൾ പൊതുവായി ഉപയോഗിക്കുന്ന ക്രോണി കാപ്പിറ്റലിസം എന്ന പദത്തിൽ ഈ അനന്യത നഷ്ടപ്പെടുന്നുണ്ട്. വാസ്തവ ത്തിൽ എല്ലാ മുതലാളിത്തക്രമവും ഒരർഥത്തിൽ ചങ്ങാത്ത മുതലാളിത്തമാണ്: അവിടെ പാലിക്കാനുള്ള പ്രത്യേകമായ കളിനിയമങ്ങളുണ്ടാകും അത് പാലിച്ചുകൊണ്ടാണ് ഈ പുതുമുതലാളിമാർക്കുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നത്. ഉദാഹരണത്തിന് ഒരു കരാറിനു വേണ്ടി അപേക്ഷകൻ ചില ചട്ടങ്ങൾ പാലിക്കേണ്ടതുണ്ട്. എന്നാൽ, അപേക്ഷകരിൽ ശരിയായ 'ബന്ധങ്ങളു'ള്ളവർക്കും ശരിയായ രീതിയിൽ പബ്ലിക് സ്കൂൾ വിദ്യാഭ്യാസം നേടിവയർക്കും ശരിയായ 'പശ്ചാത്തല'മുള്ളവർക്കുമാണ് കരാർ ലഭിക്കുന്നത്. മുതലാ ളിത്തത്തിനു കീഴിൽ കരാറുകൾ അനുവദിക്കുന്നത് മറ്റൊരർ ഥത്തിൽ ഒരിക്കലും അന്ധമായല്ല. അത് പക്ഷപാതത്തിന്റെ കളി നിയമങ്ങൾ പാലിച്ചു കൊണ്ടായിരിക്കും.




**കുത്തക മൂലധനത്തിനു കീഴിൽ തീർച്ചയായും കുത്തക മുതലാളിമാരും ഭരണകൂടവും തമ്മിൽ കൂടുതൽ അടുക്കും. ദസ് ഫിനാൻസ് കാപ്പിറ്റൽ എന്ന എന്ന ഗ്രന്ഥത്തിൽ റുഡോൾഫ് ഹിൽഫെർഡിങ് പറഞ്ഞത് ബാങ്കുകളും വ്യവസായ മൂലധനവും തമ്മിൽ സാമ്പത്തി കപ്രഭുവാഴ്ചയുടെ അടിസ്ഥാ നത്തിൽ ഒരു ബന്ധം സ്ഥാപി ക്കപ്പെടുമെന്നും അതേ ബന്ധം സാമ്പത്തിക പ്രഭുവാഴ്ചയും ഭരണകൂടവും തമ്മിലും സൃഷ്ടി ക്കപ്പെടുമെന്നുമാണ്.**

കുത്തക മൂലധനത്തിനു കീഴിൽ തീർച്ചയായും കുത്തക മുതലാളിമാരും ഭരണകൂടവും തമ്മിൽ കൂടുതൽ അടുക്കും. ദസ് ഫിനാൻസ് കാപ്പിറ്റൽ എന്ന എന്ന ഗ്രന്ഥത്തിൽ റുഡോൾഫ് ഹിൽഫെർഡിങ് പറഞ്ഞത് ബാങ്കുകളും വ്യവസായ മൂലധന വും തമ്മിൽ സാമ്പത്തികപ്രഭുവാഴ്ചയുടെ അടിസ്ഥാനത്തിൽ ഒരു ബന്ധം സ്ഥാപിക്കപ്പെടുമെന്നും അതേ ബന്ധം സാമ്പ ത്തിക പ്രഭുവാഴ്ചയും ഭരണകൂടവും തമ്മിലും സൃഷ്ടിക്കപ്പെടു മെന്നുമാണ്. ബഹുരാഷ്ട്ര കോർപറേഷനുകളുടെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർ സർക്കാർ പദവികളിലും സർക്കാർ ഉദ്യോ

**പുതിയ കുത്തക ശക്തികൾ മാധ്യമങ്ങളുടെ പൂർണ പിന്തുണ ഉറപ്പുവരുത്തിയാണ് സർക്കാരിനോടുള്ള കടം വീട്ടുന്നത്. സർക്കാരിൽനിന്ന് ഒരു പരിധിവരെ സ്വതന്ത്രമായിരുന്ന അവശേഷിക്കുന്ന വിമതസ്വഭാവമുള്ള ടിവി ചാനൽ കോർപ്പറേറ്റ്ഹിന്ദുത്വ കൂട്ടുകെട്ടിന് ഏകകണ്ഠമായ മാധ്യമ പിന്തുണ നേടുന്നതിനായി അദാനികൾ വാങ്ങിക്കൂട്ടിയതിൽ അതിശയിക്കാനൊന്നുമില്ല.**

ഗസ്ഥർ സുഗമമായി ബഹുരാഷ്ട്ര കോർപറേഷനുകളുടെ സീനിയർ എക്സിക്യൂട്ടീവ് പദവികളിൽ നിയമിക്കപ്പെടും. സ്റ്റേറ്റിന്റെ നയങ്ങൾ സ്വാഭാവികമായും കുത്തക മുതലാളിമാരുടെ താൽപര്യത്തിന് അനുസൃതമായി രൂപപ്പെടുത്തും. ഇതെല്ലാം ചില പ്രത്യേക കളിനിയമങ്ങൾക്കകത്താണ് രൂപംകൊള്ളുന്നത്. കുത്തകമുതലാളികൾക്ക് അനുകൂലമായി അതിന്റെ ചാഞ്ചാട്ടം തുടരുകയും ചെയ്യും. ഗ്വാട്ടിമാലയിൽ നടപ്പാക്കിയ ഭൂപരിഷ്കരണം അമേരിക്കയിലെ യുണൈറ്റഡ് ഫ്രൂട്ട് കമ്പനിയെ മുറിവേൽപ്പിച്ചപ്പോൾ ഭരണാധികാരിയായ ജാക്കോബോ അർബെൻസിനെ സിഐഎ ഇടപെട്ട് അട്ടിമറിച്ചിരുന്നു. ഇറാനിൽ എണ്ണ വ്യവസായ മേഖലയിൽ ശക്തമായ ആധിപത്യം പുലർത്തിയ ബ്രിട്ടീഷ് ഓയിൽ കമ്പനിയായ ആംഗ്ലോ ഇറാനിയനെ ഒഴിവാക്കിക്കൊണ്ട് എണ്ണ വ്യവസായം ദേശസാൽക്കരിച്ചപ്പോൾ പ്രധാനമന്ത്രി മൊഹമ്മദ് മൊസാദേഖിനെ സിഐഎയും എംഐസിക്സും ചേർന്ന് അട്ടിമറിച്ചിരുന്നു. ഇങ്ങനെ സർക്കാരുകൾ ഏതെങ്കിലും പ്രത്യേക കുത്തക മുതലാളിമാരുടെ താൽപര്യം സംരക്ഷിക്കാനായി ഇങ്ങനെ ആക്രാമകമായി പ്രവർത്തിക്കുമ്പോൾ അവർ കളിനിയമങ്ങളെ തള്ളിപ്പറയില്ല. അതേസമയം, ആ പ്രത്യേക കുത്തക താൽപര്യങ്ങൾക്കു വേണ്ടിയുള്ള അട്ടിമറിയെ തള്ളിപ്പറയുകയും ചെയ്യും. വാസ്തവത്തിൽ മൊസാദേഖിനെ അട്ടിമറിച്ച് ഷായെ ഇറാനിലെ ഭരണാധികാരിയാക്കിയ അട്ടിമറിയുമായി ബന്ധമില്ലെന്ന് ബ്രിട്ടീഷ് ഗവൺമെന്റ് ഈ ദിവസം വരെ ഔദ്യോഗികമായി പറഞ്ഞിട്ടില്ല.

ഫാസിസ്റ്റ് ഘടകങ്ങൾ അധികാരത്തിലേക്ക് ഉയർന്നതോടെ ഇതെല്ലാം മാറിമറിഞ്ഞു. കളിനിയമങ്ങൾ പാടെ ഉപേക്ഷിക്കുന്ന തരത്തിലുള്ള മൗലികമായ മാറ്റങ്ങൾക്ക് അത് ഇടയാക്കി. റഫേൽ വിമാനങ്ങളുടെ പ്രാദേശിക നിർമ്മാതാവായി അനിൽ അംബാനിയുടെ പുതിയ സ്ഥാപനത്തെ അംഗീകരിക്കാൻ പ്രധാനമന്ത്രി ഫ്രഞ്ച് സർക്കാരിനോട് ആവശ്യപ്പെട്ടപ്പോൾ, ആഗോള ടെൻഡറിനെക്കുറിച്ചോ മിനിമം മാനദണ്ഡങ്ങൾ പാലിക്കുന്നതിനെക്കുറിച്ചോ ചോദ്യമുയർന്നില്ല. പൊതുമേഖലാ നിർമ്മാതാക്കളെ പോലും മറികടന്നിട്ടും അതിന് ഒരു വിശദീകരണവും വാസ്തവത്തിൽ നൽകിയിട്ടില്ല. അതുപോലെ തന്നെ ഹിൻഡൻബർഗ് വെളിപ്പെടുത്തൽ വന്നപ്പോൾ അദാനി ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരന്വേഷണത്തിനും ഉത്തരവിട്ടില്ല. അവിടെയൊക്കെ കളിനിയമങ്ങൾ പാടെ തള്ളിക്കളയുകയാണ്. മറ്റ് രാജ്യങ്ങളിലെ സ്ഥാപനങ്ങളുമായി മത്സരിച്ച് "വിജയികളായി" വളർത്തിയെടുക്കാൻ ബിജെപി സർക്കാർ പദ്ധതിയിടുന്നതായി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. കുത്തക മൂലധനവും പ്രത്യേകിച്ച് നവ കുത്തക മൂലധനവും സ്റ്റേറ്റും തമ്മിലുള്ള വളരെ അടുത്ത ബന്ധത്തെയാണിത് സൂചിപ്പിക്കുന്നത്. കളിനിയമങ്ങൾ ഇല്ലാതെയാകുമ്പോൾ സ്വാഭാവികമായും ജേതാക്കളാകാൻ സാധ്യതയുള്ളവരെ തെരഞ്ഞെടുക്കാനാകും. ഹിന്ദുത്വ ശക്തികളുമായി സഖ്യത്തിലുള്ള കുത്തക മുതലാളിമാരെ അവരുടെ സാമ്രാജ്യം കെട്ടിപ്പടുക്കാനായി ഭരണകൂടത്തിന് കണ്ടെത്താം.

മറുവശത്താകട്ടെ, പുതിയ കുത്തക ശക്തികൾ മാധ്യമങ്ങളുടെ പൂർണ പിന്തുണ ഉറപ്പുവരുത്തിയാണ് സർക്കാരിനോടുള്ള കടംവീട്ടുന്നത്. സർക്കാരിൽ നിന്ന് ഒരു പരിധിവരെ സ്വതന്ത്രമായിരുന്ന അവശേഷിക്കുന്ന വിമതസ്വഭാവമുള്ള ടിവി ചാനൽ കോർപ്പറേറ്റ്ഹിന്ദുത്വ കൂട്ടുകെട്ടിന് ഏകകണ്ഠമായ മാധ്യമ പിന്തുണ നേടുന്നതിനായി അദാനിമാർ വാങ്ങിക്കൂട്ടിയതിൽ അതിശയിക്കാനൊന്നുമില്ല.

മുസോളിനി വിശേഷിപ്പിച്ച പോലെ 'സ്റ്റേറ്റും കോർപറേറ്റ് ശക്തിയും തമ്മിലുള്ള സംയോജനത്തിന്റെ' ഓർമയെന്നോണം ഈ അവസ്ഥാവിശേഷത്തെ കേവലം ചങ്ങാത്ത മുതലാളിത്തം എന്ന് വിശേഷിപ്പിക്കുന്നത് തികഞ്ഞ ന്യൂനോക്തിയാകും. ചങ്ങാത്ത മുതലാളിത്തത്തെക്കുറിച്ചുള്ള ഏതു ചർച്ചയും ശുദ്ധവും ചങ്ങാത്തമില്ലാത്തതുമായ ഒരു മുതലാളിത്തം ഉണ്ടായിരുന്നുവെന്നും അങ്ങനെയൊരു ഹിന്ദുത്വശക്തികൾ അതിലംഘിച്ചതാണെന്നുമുള്ള ഒരു മുൻധാരണയുണ്ടാക്കും. അങ്ങനെയൊരു വസ്തുതയേ നിലനിൽക്കുന്നില്ല. എല്ലാ മുതലാളിത്തവും ചങ്ങാത്ത മുതലാളിത്തമാണ്. എന്നാൽ ഓരോ ഘട്ടത്തിലും സ്റ്റേറ്റും മൂലധനവും തമ്മിലുള്ള ബന്ധത്തിൽ മാറ്റം വരികയും കുത്തക മുതലാളിത്തത്തിന് കീഴിൽ ആ ബന്ധം കൂടുതൽ തീവ്രമാകുകയും ചെയ്യും. ഫാസിസ്റ്റ് ഭരണത്തിന്റെ കാലഘട്ടത്തിലെ മുതലാളിത്തം ഈ ബന്ധത്തിന്റെ കൂടുതൽ ഗുണപരമായ പരിവർത്തനത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്, ഇവിടെ ഭരണം തന്നെ ഒരു കോർപ്പറേറ്റ് ഹിന്ദുത്വ കൂട്ടുകെട്ടാണ് നിയന്ത്രിക്കുന്നത്.●

# സ്മാർട്ട് മീറ്റർ

## സംസ്ഥാനത്തിന് ഭാരമാവും



എളമരം കരീം

**സ്മാർട്ട് മീറ്റർ വ്യാപനമടക്കം രാജ്യത്ത് വൈദ്യുതി മേഖലയിൽ നടപ്പാക്കുന്ന പരിഷ്കാരങ്ങളെ കേന്ദ്രസർക്കാർ ഈ മേഖലയിൽ നടപ്പാക്കുന്ന പൊതുനയത്തിന്റെ ഭാഗമായല്ലാതെ മനസ്സിലാക്കാൻ കഴിയില്ല. വൈദ്യുതി സാമൂഹ്യവികസനത്തിനുള്ള പശ്ചാത്തല സൗകര്യം എന്ന നിലയിൽ കാണുന്നതിന് പകരം ലാഭമുണ്ടാക്കാനുള്ള ചരക്കാക്കി മാറ്റുന്നതിനും മറ്റേതൊരു ഉൽപ്പന്നവും പോലെ കമ്പോള നിയമങ്ങൾക്ക് വിധേയമായി വിൽക്കൽ വാങ്ങൽ നടത്തുന്നതിനും സൗകര്യമൊരുക്കുകയാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. ഒരു രാജ്യം ഒരു താരിഫ് പോലുള്ള പ്രഖ്യാപനങ്ങൾ ഇതിന്റെ ഭാഗമാണ്.**

മലയാളമനോരമ ദിനപത്രത്തിലെ 10.07.2023 മുഖപ്രസംഗം 'വൈദ്യുതി വിതരണം സ്മാർട്ടാവട്ടെ' തെറ്റിദ്ധാരണ സൃഷ്ടിക്കുന്നതും വസ്തുതകളെ ശരിയായ നിലയിൽ കാണാത്തതുമാണ്. ഇത് വൈദ്യുതി മേഖലയുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും വൈദ്യുതി ബോർഡിലെ സംഘടനകൾ എതിരുനിൽക്കുന്നുവെന്ന തോന്നലുണ്ടാക്കുന്നതുമാണ്.

വൈദ്യുതിവിതരണമടക്കം സകല മേഖലകളിലും സ്വകാര്യവൽക്കരണം അടിച്ചേൽപ്പിക്കുന്ന നയങ്ങളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. ഈ നയങ്ങൾ ഭാഗമായല്ലാതെ മനസ്സിലാക്കാൻ കഴിയില്ല. വൈദ്യുതി സാമൂഹ്യ വികസനത്തിനുള്ള പശ്ചാത്തല സൗകര്യം എന്ന നിലയിൽ കാണുന്നതിന് പകരം ലാഭമുണ്ടാക്കാനുള്ള ചരക്കാക്കി മാറ്റുന്നതിനും മറ്റേതൊരു ഉൽപ്പന്നവും പോലെ കമ്പോള നിയമങ്ങൾക്ക് വിധേയമായി വിൽക്കൽ, വാങ്ങൽ നടത്തുന്നതിനും സൗകര്യമൊരുക്കുകയാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. ഒരു രാജ്യം ഒരു താരിഫ് പോലുള്ള പ്രഖ്യാപനങ്ങൾ ഇതിന്റെ ഭാഗമാണ്.

വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് വിവിധ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം ക്രമീകരിക്കുന്നതിന് മെറിറ്റ് ഓർഡർ ഡിസ്പാച്ച് അഥവാ ഏറ്റവും ചെലവു കുറഞ്ഞ സ്രോതസ്സിൽ നിന്ന് ഒന്നാമത് എന്ന രീതിയായിരുന്നു രാജ്യത്ത് നിലവിലുണ്ടായിരുന്നത്. എന്നാൽ, 2021 ജൂൺ ഒന്നോടെ ഈ സമ്പ്രദായം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. മാർക്കറ്റ് ബേസ്ഡ് എക്കണോമിക് ഡെസ്പാച്ച് എന്ന പുതിയ സമ്പ്രദായത്തിൽ വൈദ്യുതിയുടെ വിപണനം പൂർണ്ണമായും വൈദ്യുതിക്കമ്പോളത്തിലെ നിരക്കുകളെ ആശ്രയിച്ചായിരിക്കണം എന്നാണ് ഇതിലൂടെ തീരുമാനിച്ചത്. വൈദ്യുതി ഉത്പാദനത്തിന് എത്ര ചെലവുവരും എന്നതിനേക്കാൾ കമ്പോളത്തിൽ എത്ര വിലയാണ് എന്നതിന്റെ അടിസ്ഥാനത്തിൽ വേണം വൈദ്യുതി ഉത്പാദകരിൽ നിന്നും വിതരണ ക്കമ്പനികൾ വൈദ്യുതി ഷെഡ്യൂൾ ചെയ്യാൻ എന്നാണ് നിശ്ചയിച്ചത്. ഉത്പാദനച്ചെലവ് യൂണിറ്റിന് മൂന്നോ നാലോ രൂപ മാത്രം വരുമ്പോഴും ഡിമാന്റ് കൂടുന്നതിനനുസരിച്ച് വില വർദ്ധിക്കുന്നു എന്നതാണ് കമ്പോളത്തിന്റെ പ്രത്യേകത. കൃത്രിമമായി വൈദ്യുതി ക്ഷാമം സൃഷ്ടിച്ച് കൊള്ളലാഭം

**ദേശീയ വൈദ്യുതി കമ്പോളത്തിൽ വൈദ്യുതി വില ഓരോ 15 മിനുട്ടിലും മാറിക്കൊണ്ടിരിക്കുകയാണ്. അർദ്ധരാത്രിമുതൽ അർദ്ധരാത്രിവരെ 24 മണിക്കൂറിൽ 96 ബ്ലോക്കുകളിലാണ് വൈദ്യുതി വില നിശ്ചയിക്കപ്പെടുന്നത്. വൈദ്യുതിവിതരണ മേഖലയിൽ സ്വകാര്യസ്ഥാപനങ്ങൾക്ക് ലാഭകരമായി കടന്നുവരാൻ ഓരോ പതിനഞ്ചുമിനുട്ട് ബ്ലോക്കിലേയും വിലവ്യതിയാനങ്ങൾക്കനുസരിച്ച് ഉപഭോക്താക്കളുടെ നിരക്കുകളും മാറ്റാൻ കഴിയണം. ഇന്നത്തെ മീറ്റർ റീഡിംഗ് സമ്പ്രദായം അതിന് പര്യാപ്തമല്ല. വൈദ്യുതി മീറ്ററുകൾ അടിയന്തരമായി സ്മാർട്ട് മീറ്ററുകൾ ആക്കി മാറ്റണമെന്നത് അതുകൊണ്ടുതന്നെ സ്വകാര്യവൽക്കരണത്തിന് അനിവാര്യമാണ്. സ്മാർട്ട് മീറ്റർ വ്യാപനം കേന്ദ്രസർക്കാരിന്റെ മുഖ്യ അജണ്ടയായി മാറിയതിന്റെ പ്രധാന കാരണം ഇതാണ്.**




ക്ക് ബദൽ സൃഷ്ടിച്ചുകൊണ്ട് വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ സംരക്ഷിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും എല്ലാവർക്കും ഗുണമേൻമയുള്ള വൈദ്യുതി താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കേരളത്തിന്റെ സമീപനം. സ്മാർട്ട് മീറ്റർ വ്യാപനമടക്കം രാജ്യത്ത് വൈദ്യുതി മേഖലയിൽ നടപ്പാക്കുന്ന പരിഷ്കാരങ്ങളെ കേന്ദ്രസർക്കാർ ഈ മേഖലയിൽ നടപ്പാക്കുന്ന പൊതുനയത്തിന്റെ

ഉണ്ടാക്കുന്ന സാഹചര്യമാണ് ഇതുമൂലം ഉണ്ടായത്. പലപ്പോഴും ഇത് പരമാവധി നിരക്കായ യൂണിറ്റിന് 20 രൂപ വരെ ആകുന്ന സ്ഥിതിയും ഉണ്ടായി. വൈദ്യുതി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷന് പരമാവധി വില 12 രൂപയായി നിജപ്പെടുത്തേണ്ട സ്ഥിതിയും സംജാതമായി.

ദേശീയ വൈദ്യുതി കമ്പോളത്തിൽ വൈദ്യുതി വില ഓരോ പതിനഞ്ചു മിനുട്ടിലും മാറിക്കൊ

ണ്ടിരിക്കുകയാണ്. അർദ്ധരാത്രി മുതൽ അർദ്ധരാത്രിവരെ 24 മണിക്കൂറിൽ 96 ബ്ലോക്കുകളിലാണ് വൈദ്യുതി വില നിശ്ചയിക്കപ്പെടുന്നത്. വൈദ്യുതി ആവശ്യകത കൂടുകയും കുറയുകയും ചെയ്യുന്നതനുസരിച്ച് കമ്പോളവിലയും കൂടുകയും കുറയുകയും ചെയ്യുന്നു. വൈദ്യുതി വിതരണക്കമ്പനികൾ ഇങ്ങിനെ വാങ്ങുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുമ്പോൾ ഇത്തരത്തിൽ വില വ്യതിയാനങ്ങൾ നടത്താൻ കഴിയുന്നില്ല. വൈദ്യുതിവിതരണ മേഖലയിൽ സ്വകാര്യസ്ഥാപനങ്ങൾക്ക് ലാഭകരമായി കടന്നുവരാൻ ഓരോ പതിനഞ്ചുമിനുട്ട് ബ്ലോക്കിലേയും വിലവ്യതിയാനങ്ങൾക്കനുസരിച്ച് ഉപഭോക്താക്കളുടെ നിരക്കുകളും മാറ്റാൻ കഴിയണം. ഇന്നത്തെ മീറ്റർ റീഡിംഗ് സമ്പ്രദായം അതിന് പര്യാപ്തമല്ല. വൈദ്യുതി മീറ്ററുകൾ അടിയന്തിരമായി സ്മാർട്ട് മീറ്ററുകൾ ആക്കി മാറ്റണമെന്നത് അതുകൊണ്ടുതന്നെ സ്വകാര്യവൽക്കരണത്തിന് അനിവാര്യമാണ്. സ്മാർട്ട് മീറ്റർ വ്യാപനം കേന്ദ്രസർക്കാരിന്റെ മുഖ്യ അജണ്ടയായി മാറിയതിന്റെ പ്രധാന കാരണം ഇതാണ്.

സ്മാർട്ട് മീറ്ററുകളുടെ വ്യാപനം ടോട്ടക്സ് രീതിയിൽ നടപ്പാക്കണമെന്ന വ്യവസ്ഥയും കേന്ദ്രസർക്കാർ മുന്നോട്ടുവെച്ചിട്ടുണ്ട്. മീറ്റർ, മീറ്റർ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ, മീറ്റർ റീഡിംഗ് ഡാറ്റ സംഭരിക്കാനുള്ള കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനങ്ങൾ, സോഫ്റ്റ്‌വെയറുകൾ, അതിനുള്ള കണക്ടിവിറ്റി, ഒരു നിശ്ചിതകാലത്തേക്കുള്ള പരിപാലനം തുടങ്ങി സ്മാർട്ട് മീറ്റർ വ്യാപനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കരാറുകാരനെ ഏൽപ്പിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ടോട്ടക്സ് അഥവാ ടോട്ടൽ എക്സ്പെന്റിച്ചർ എന്നതിൽ നിന്നും ഈ ആവശ്യത്തിന് വേണ്ട മുഴുവൻ ചെലവും കരാറുകാരൻ വഹിക്കണം എന്നാണ് ഉദ്ദേശിക്കുന്നത്. ഈ സംവിധാനത്തിന്റെ ഉടമസ്ഥത ഈ കരാറുകാരന് ആയിരിക്കും. ഇങ്ങനെ കരാറുകാരനുണ്ടാകുന്ന ചെലവ് ഉപഭോക്താക്കളിൽ നിന്ന് മാസം തോറും ഫീസായി ഈടാക്കാൻ കരാറുകാരന് അവകാശമുണ്ടായിരിക്കുകയും ചെയ്യും. വൈദ്യുതി മീറ്ററുകൾ സ്ഥാപിക്കുകയും മീറ്റർ റീഡിംഗ് എടുത്ത് ബില്ല് തയ്യാറാക്കുകയും കറന്റു ചാർജ്ജ് സ്വീകരിക്കുകയുമൊക്കെ ചെയ്യുന്ന വൈദ്യുതി ബോർഡുകളുടെ റവന്യൂ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണമാണ് ടോട്ടക്സ് രീതിയിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. മീറ്ററിംഗ് സംവിധാനം ഇത്തരത്തിൽ ഒരു മൂന്നാം കക്ഷിയുടെ ചുമതലയിൽ ആകുമ്പോൾ വൈദ്യുതി വിതരണ രംഗത്തേക്ക് കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക് പൊതുമേഖലയെ ആശ്രയിക്കാതെ തന്നെ രംഗത്ത് ആധിപത്യം ഉറപ്പിക്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെ അപകടം. പൊതുമേഖലാ വിതരണക്കമ്പനിയുടെ റവന്യൂ ശേഷി കൂടിയ ഉപഭോക്താക്കളെ എളുപ്പത്തിൽ കണ്ടെത്താനും അവരെ അടർത്തിയെടുത്ത് ലാഭം ഉറപ്പുവരുത്താനും ഇത് സ്വകാര്യകമ്പനികൾക്ക് സഹായകമാകുന്നു. റവന്യൂ ശേഷി കുറഞ്ഞ സാധാരണ ഉപഭോക്താക്കളും കൃഷി, വ്യവസായം തുടങ്ങി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന വിഭാഗങ്ങളും പൊതുമേഖലയിൽ തന്നെ അവശേഷിക്കും. ഇങ്ങനെ നഷ്ടം പൊതുമേഖലയ്ക്കും ലാഭം സ്വകാര്യമേഖലയ്ക്കുമെന്ന നവലിബറൽ

**സ്മാർട്ട് മീറ്ററുകളുടെ വ്യാപനം ടോട്ടക്സ് രീതിയിൽ നടപ്പാക്കണമെന്ന വ്യവസ്ഥ കേന്ദ്രസർക്കാർ വെച്ചിട്ടുണ്ട്. സ്മാർട്ട് മീറ്ററുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സ്വകാര്യ കരാറുകാരനെ ഏൽപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ടോട്ടക്സ് (ടോട്ടൽ എക്സ്പെന്റിച്ചർ) എന്നതിൽ നിന്നും ഇതിന് വേണ്ട മുഴുവൻ ചെലവും കരാറുകാരൻ വഹിക്കണം. കരാറുകാരനുണ്ടാകുന്ന ചെലവ് ഉപഭോക്താക്കളിൽ നിന്ന് മാസം തോറും ഫീസായി കരാറുകാരന് ഈടാക്കാം. റവന്യൂ ശേഷി കൂടിയ ഉപഭോക്താക്കളെ കണ്ടെത്തി ലാഭം ഉറപ്പുവരുത്താനും സ്വകാര്യകമ്പനികൾക്ക് സഹായകമാകുന്നു. സാധാരണ ഉപഭോക്താക്കളും കൃഷി, വ്യവസായം തുടങ്ങി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന വിഭാഗങ്ങളും പൊതുമേഖലയിൽ അവശേഷിക്കും. നഷ്ടം പൊതുമേഖലക്കും ലാഭം സ്വകാര്യമേഖലക്കുമെന്ന നവലിബറൽ തന്ത്രം തന്നെയാണ് ഇവിടേയും ലക്ഷ്യമിടുന്നത്.**



തന്ത്രം തന്നെയാണ് ഇവിടേയും ലക്ഷ്യമിടുന്നത്.

മേൽക്കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കിക്കൊണ്ടാണ് സി.പിഐ.എം. കേന്ദ്രസർക്കാരിന്റെ സ്മാർട്ട് മീറ്റർ പദ്ധതിക്കെതിരായ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ക്രോസ് സബ്സിഡി ഇല്ലാതാക്കുന്നതും കർഷകർക്കും സാധാരണ ഗാർഹിക ഉപഭോക്താക്കൾക്കുമൊക്കെ വൈദ്യുതി സേവനങ്ങൾ നിഷേധിക്കുന്നതുമായ പരിഷ്കാരമാണ് സ്മാർട്ട് മീറ്റർ പദ്ധതിയിലൂടെ കേന്ദ്രസർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് സി.പി.ഐ.എം. മനസ്സിലാക്കുന്നു.

കേരളത്തിലെ വൈദ്യുതി മേഖലയിലെ ജീവനക്കാരുടെ സംഘടനകളും കേന്ദ്രസർക്കാർ നടപ്പാക്കുന്ന സ്മാർട്ട് മീറ്റർ പദ്ധതിയുടെ ദുഷ്ടലാക്ക് മനസ്സിലാക്കിത്തന്നെയാണ് നിലപാട് സ്വീകരിച്ചിട്ടുള്ളത്. സ്മാർട്ട് മീറ്റർ അടക്കമുള്ള ആധുനിക സാങ്കേതിക വിദ്യകളെ എതിർക്കുന്ന സമീപനമല്ല സംഘടനകൾ സ്വീകരിച്ചിട്ടുള്ളത്. ടോട്ടക്സ് രീതിയിൽ പദ്ധതി നടപ്പാക്കരുത് എന്നാണ് സംഘടനകൾ ആവശ്യപ്പെടുന്നത്. കെ.എസ്.ഇ.ബിക്ക് നേരിട്ടുതന്നെ പദ്ധതി നടപ്പാക്കാവുന്നതാണെന്നും സംസ്ഥാനമൊട്ടാകെ ഒന്നിച്ച് സ്മാർട്ട് മീറ്റർ വ്യാപിപ്പിക്കുന്നതിന് പകരം ഘട്ടം ഘട്ടമായി പദ്ധതി മുന്നോട്ടുകൊണ്ടുപോകാമെന്നും സംഘടനകൾ ചൂണ്ടിക്കാട്ടുന്നു.

ഇതുമായി ബന്ധപ്പെട്ട് മലയാളമനോരമയുടെ മുഖപ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും വസ്തുതാ വിരുദ്ധമോ അർദ്ധ സത്യമോ ആണ്. കെ.എസ്.ഇ.ബി.യുടെ സഞ്ചിത നഷ്ടം 19,000കോടി രൂപയാണെന്നും അതുകൊണ്ട് സ്മാർട്ട് മീറ്ററിലൂടെ കിട്ടുന്ന 3600 കോടി രൂപ നഷ്ടപ്പെടുത്തരുത് എന്ന് വിദഗ്ധർ ഉറപ്പിച്ചു പറയുന്നു എന്നാണ് മനോരമയുടെ ഒരു വാദം. കെ.എസ്.ഇ.ബിക്ക് 19,000കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ടെന്ന് എവിടെ നിന്നാണ് കണ്ടെത്തിയിട്ടുള്ളത്? കെ.എസ്.ഇ.ബിക്ക് 9000 കോടിയോളം രൂപ കടമുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ, കടമെന്നത് സഞ്ചിത നഷ്ടമല്ല. ഈ വായ്പ മൂലധന നിക്ഷേപത്തിന് എടുത്തിട്ടുള്ളതാണ്. ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്ന റവന്യൂ കണക്കുകളിൽ ഈ വായ്പയുടെ പലിശയും തിരിച്ചടവും മാത്രമാണ് വരുക. ഇതിലേക്ക് മൂലധന നിക്ഷേപത്തിന്റെ ഭാഗമായുണ്ടാകുന്ന റവന്യൂ വരവും കൂടി കണക്കിലെടുത്ത് മാത്രമേ ലാഭവും നഷ്ടവും കണക്കാക്കാൻ കഴിയൂ. അതായത് കടബാദ്ധ്യതയായ 9000 കോടി രൂപ പോലും സഞ്ചിത നഷ്ടമല്ല എന്നർത്ഥം. കെ.എസ്.ഇ.ബി. ഒരു കമ്പനിയായി മാറുന്നതുവരെ വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻനൽകൽ ബോർഡിന്റെ വാർഷികച്ചെലവിന്റെ ഭാഗമായിരുന്നു. എന്നാൽ 2013-ൽ ബോർഡ് കമ്പനിയായി മാറിയപ്പോൾ പെൻഷൻ ബാദ്ധ്യത നിറവേറ്റാൻ ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചു. പെൻഷൻ നൽകുന്നതിന് അതിലേക്ക് നിക്ഷേപിക്കേണ്ട തുക ബോർഡിന്റെ അക്കൗണ്ടുകളിൽ ബാദ്ധ്യതയായി രേഖപ്പെടുത്തുകയും ചെയ്യു. അതിനുശേഷവും പെൻഷൻ കെ.എസ്.ഇ.ബി. നേരിട്ടുതന്നെയാണ് നൽകിവരുന്നത്. ഈ തുക മാസ്റ്റർ ട്രസ്റ്റിൽ അക്കൗണ്ട് ചെയ്യുകയും കാലാകാലങ്ങളിൽ ഈ തുക പുതുക്കി നിശ്ചയിച്ചു പോരുകയും ചെയ്യുന്നുണ്ട്. ബോർഡിന്റെ ആകെ കടത്തേയും മാസ്റ്റർ ട്രസ്റ്റിലേക്ക് വകയിരുത്തിയ തുകയേയും ചേർത്താണ് മലയാളമനോരമ സഞ്ചിത നഷ്ടം എന്ന് വിശേഷിപ്പിക്കുന്നത്. ഇത് ശരിയായ സമീപനമല്ല.

ഈ സഞ്ചിത നഷ്ടത്തിലേക്ക് സ്മാർട്ട് മീറ്റർ നടപ്പാക്കുമ്പോൾ 3600 കോടി രൂപ കേന്ദ്രസർക്കാർ

**കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കിക്കൊണ്ടാണ് സി.പിഐ.എം. സ്മാർട്ട് മീറ്റർ പദ്ധതിക്കെതിരായ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ക്രോസ് സബ്സിഡി ഇല്ലാതാക്കുന്നതും കർഷകർക്കും സാധാരണ ഗാർഹിക ഉപഭോക്താക്കൾക്കുമൊക്കെ വൈദ്യുതി സേവനങ്ങൾ നിഷേധിക്കുന്നതുമായ പരിഷ്കാരമാണ് സ്മാർട്ട് മീറ്റർ പദ്ധതിയിലൂടെ കേന്ദ്രസർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് സി.പി.ഐ.എം. മനസ്സിലാക്കുന്നു. കേരളത്തിലെ വൈദ്യുതി മേഖലയിലെ ജീവനക്കാരുടെ സംഘടനകളും ദുഷ്ടലാക്ക് മനസ്സിലാക്കിയാണ് നിലപാട് സ്വീകരിച്ചിട്ടുള്ളത്.**






തരുമെന്ന ധ്വനിയാണ് മുഖപ്രസംഗം സൃഷ്ടിക്കുന്നത്. വസ്തുത എന്താണ്? സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിന് ഒരു മീറ്ററിന് പരമാവധി 900 രൂപയാണ് കേന്ദ്രസർക്കാർ ധനസഹായം. കേരളത്തിലെ മുഴുവൻ വൈദ്യുതി മീറ്ററും സ്മാർട്ട് മീറ്ററാക്കിയാൽ ആകെ കിട്ടാവുന്ന ധനസഹായം 1230 കോടി രൂപ. എന്നാൽ അതിന് വൈദ്യുതി ബോർഡിന് ചെലവാകുന്ന തുകയോ? ഇപ്പോൾ 37 ലക്ഷം മീറ്ററിന് കെ.എസ്.ഇ.ബി. ടെണ്ടർ ചെയ്തിട്ടുണ്ട്. 2400 കോടി രൂപ എസ്റ്റിമേറ്റിട്ട ഈ പദ്ധതിക്ക് കിട്ടിയ കുറഞ്ഞ ക്വോട്ട് 3475കോടി രൂപയാണ്. അതായത് കേരളത്തിലെ മുഴുവൻ മീറ്ററും സ്മാർട്ട് മീറ്റർ വെക്കാൻ 12000കോടി രൂപയിൽ അധികമാകുമെന്നർത്ഥം. ഒരു മീറ്ററിന് 9400 രൂപയോളമാണ് കെ.എസ്.ഇ.ബി. ചെലവാക്കേണ്ടത്. ഇതിൽ 900 രൂപ കേന്ദ്രസർക്കാർ തരും. അതായത് ഓരോ മീറ്ററിനും 8500 രൂപ സംസ്ഥാനം മുടക്കണം എന്നുതന്നെ. നമ്മുടെ ബാദ്ധ്യതയിൽ 10,000 കോടി രൂപ വർദ്ധിക്കുകയാണ് സ്മാർട്ട് മീറ്റർ പദ്ധതി മൂലം ഉണ്ടാകുക.

ടോട്ടക്സ് രീതിയിൽ പദ്ധതി നിർവഹിച്ചാൽ ഈ തുക കരാറുകാരൻ വഹിക്കുമല്ലോ. കെ.എസ്.ഇ.ബി.ക്ക് ചെലവൊന്നും വരില്ലല്ലോ എന്നാണ് ചിലർ ചിന്തിക്കുക. പദ്ധതിയുടെ മുടക്കുമുതൽ കരാറുകാരൻ വഹിച്ചാലും അത് ലാഭം സഹിതം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുകയും ചെയ്യും. കരാറുകാരന്റെ ലാഭം കൂടി അധികബാദ്ധ്യതയായി കടന്നുവരും എന്നല്ലാതെ ഉപഭോക്താക്കൾക്ക് അതുകൊണ്ട് എന്തു നേട്ടമാണ് ഉണ്ടാകുക?

മുഖപ്രസംഗത്തിൽ കേരളത്തിന് 3600കോടി രൂപ ധനസഹായം കിട്ടുമെന്ന് പറഞ്ഞിട്ടുള്ളതിൽ ഒരു അർദ്ധസത്യം ഉണ്ട്. അത് സ്മാർട്ട് മീറ്റർ നടപ്പാക്കുന്നതിന് കിട്ടുന്നതല്ല. ശൃംഖലാനവീകരണത്തിനുള്ള ധനസഹായം കൂടി ചേർത്തുള്ള തുകയാണ്. ശൃംഖലാനവീകരണത്തിന് ആകെ സമർപ്പിച്ച 4000കോടി രൂപയുടെ പദ്ധതിക്ക് 2400 കോടി രൂപയോളം സബ്സിഡി കേന്ദ്രസർക്കാരിൽ നിന്ന് കിട്ടിയേക്കാം എന്നതാണ് വസ്തുത. ഇതിന് സ്മാർട്ട് മീറ്റർ ടോട്ടക്സിൽ ചെയ്യുന്നതുമായി യാതൊരു ബന്ധവും ഉള്ളതല്ല. പദ്ധതിച്ചെലവിന്റെ 60% ധനസഹായം കിട്ടുന്ന ശൃംഖലാ നവീകരണത്തിന് വേണ്ടത്ര അടങ്കൽ ഉൾപ്പെടുത്താതെ 15% ധനസഹായം മാത്രം (അതും മീറ്ററൊന്നിന് പരമാവധി 900 രൂപ ) കിട്ടുന്ന സ്മാർട്ട് മീറ്റർ വ്യാപനത്തിന് വലിയ അടങ്കൽ ഉൾപ്പെടുത്തിയത് സംസ്ഥാനത്തിന് അർഹതയുണ്ടായിരുന്ന 2000 കോടിയോളം രൂപയുടെ ധനസഹായം നഷ്ടമാകാൻ കാരണമായിട്ടുണ്ട് എന്നതും ഇതോടൊപ്പം കാണേണ്ടതുണ്ട്.

വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി വാങ്ങൽച്ചെലവ് നിയന്ത്രിക്കുന്നതിനും സ്മാർട്ട് മീറ്റർ വലിയ പ്രയോജനം ചെയ്യുമെന്നാണ് മുഖപ്രസംഗം പറയുന്നത്. വൈദ്യുതി ശൃംഖലയിലാണ് വിതരണ നഷ്ടം ഉണ്ടാകുന്നത്. മീറ്ററിൽ വരുന്ന നഷ്ടം വാണിജ്യനഷ്ടമാണ്. കേരളത്തിൽ നൂറുശതമാനത്തിനടുത്ത് ബില്ലിംഗ് നടക്കുന്ന നൂറുശതമാനം കളക്ഷൻ നടക്കുന്ന സംസ്ഥാനമാണ്. വൈദ്യുതി മോഷണമാകട്ടെ തീർത്തും നിസ്സാരവും. അതുകൊണ്ടുതന്നെ സ്മാർട്ട് മീറ്റർ വെക്കുന്നതുകൊണ്ട് വാണിജ്യനഷ്ടത്തിൽ പ്രസക്തമായ കുറവൊന്നും ഉണ്ടാകുന്നില്ല. മീറ്റർ മാറ്റിയതുകൊണ്ട് വിതരണ നഷ്ടം കുറയുന്നുമില്ല. ഓരോ ഉപഭോക്താവിനും വേണ്ടി പ്രത്യേകം പ്രത്യേകം വൈദ്യുതി വാങ്ങുക എന്ന രീതി ലോകത്ത് ഒരു വൈദ്യുതി വിതരണക്കമ്പനിയും ചെയ്യുന്നില്ല. ഓരോ സമയത്തും സംസ്ഥാനത്തിന് ആകെ വൈദ്യുതി ആവശ്യകത എത്രയാണ് എന്ന് കണക്കാക്കിയാണ്

**ടോട്ടക്സ് രീതിയിൽ പദ്ധതി നിർവഹിച്ചാൽ ഈ തുക കരാറുകാരൻ വഹിക്കുമല്ലോ, കെ.എസ്.ഇ.ബി.ക്ക് ചെലവൊന്നും വരില്ലല്ലോ എന്നാണ് ചിലർ ചിന്തിക്കുക. പദ്ധതിയുടെ മുടക്കുമുതൽ കരാറുകാരൻ വഹിച്ചാലും അത് ലാഭം സഹിതം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുകയും ചെയ്യും. കരാറുകാരന്റെ ലാഭം കൂടി അധികബാദ്ധ്യതയായി കടന്നുവരും എന്നല്ലാതെ ഉപഭോക്താക്കൾക്ക് അതുകൊണ്ട് എന്തു നേട്ടമാണ് ഉണ്ടാകുക? മലയാളമനോരമ ദിനപത്രത്തിലെ 10.07.2023 മുഖപ്രസംഗം 'വൈദ്യുതി വിതരണം സ്മാർട്ടാവട്ടെ' തെറ്റിദ്ധാരണ സൃഷ്ടിക്കുന്നതും വസ്തുതകളെ ശരിയായ നിലയിൽ കാണാത്തതുമാണ്.**

> **കേരളാ വൈദ്യുതി ബോർഡ് 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ എടുത്ത തീരുമാനം സംസ്ഥാനത്തിന്റെയും, ഉപഭോക്താക്കളുടെയും താല്പര്യത്തിന് അനുയോജ്യമല്ല. ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ വാശിപിടിക്കുന്നവരുടെ ലക്ഷ്യം മറ്റെന്തോ ആണ്.**

വൈദ്യുതി വാങ്ങൽ ആസൂത്രണം ചെയ്യുന്നത്. അതുകൊണ്ടുതന്നെ സ്മാർട്ട് മീറ്റർ വെക്കുന്നതിലൂടെ വൈദ്യുതി വാങ്ങൽച്ചെലവ് നിയന്ത്രിക്കാൻ കഴിയുന്നതല്ല. വൈദ്യുതി ലഭ്യത കുറയുമ്പോൾ വൈദ്യുതി ഉപഭോക്താക്കളുടെ ഉപഭോഗം നിയന്ത്രിക്കാമെന്നതാണ് സ്മാർട്ട് മീറ്ററുകളുടെ ഒരു ഗുണമായി കാണുന്നത്. എന്നാൽ ഇന്ത്യയിൽ ഇപ്പോൾ നടപ്പാക്കുന്ന സ്മാർട്ട് മീറ്റർ പദ്ധതിയിൽ അത്തരമൊരു സാദ്ധ്യതയും ലഭ്യമല്ല. അഥവാ ഇത്തരം ഘടകങ്ങൾ ഉണ്ടെങ്കിലും ടോട്ടക്സ് രീതിയിൽ പദ്ധതി നടപ്പാക്കിയാലേ അതിന്റെ ഗുണം ലഭിക്കുകയുള്ളൂ എന്ന് പറയുന്നത് ശരിയല്ലല്ലോ.

സ്മാർട്ട് മീറ്റർ വൈദ്യുതി ഉപഭോക്താക്കൾക്ക് സ്വയം നിയന്ത്രണത്തിന് സഹായകമാകും എന്ന അഭിപ്രായം ശരിയാണ്. എന്നാൽ കേരളത്തിലെ 95 ലക്ഷം വൈദ്യുതി ഉപഭോക്താക്കളിൽ 57 ലക്ഷത്തിലധികം പേരും പ്രതിമാസം 100 യൂണിറ്റിൽ താഴെ മാത്രം വൈദ്യുതി ഉപയോഗിക്കുന്നവരാണ്. 26 ലക്ഷത്തിലധികം പേർ പ്രതിമാസം 50 യൂണിറ്റിൽ താഴെയും. ഇങ്ങനെയുള്ള എല്ലാ ഉപഭോക്താക്കൾക്കും പ്രതിമാസം 100 രൂപയിലധികം അധികച്ചെലവുണ്ടാക്കുന്നതാണ് ടോട്ടക്സ് രീതിയിലുള്ള സ്മാർട്ട് മീറ്റർ വ്യാപനം. പ്രതിമാസം 50 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് തങ്ങളുടെ വൈദ്യുതി ചാർജ്ജിൽ 70 ശതമാനത്തിലധികം വർദ്ധനവും 100യൂണിറ്റിൽ താഴെ ഉപയോഗിക്കുന്നവർക്ക് 30%ത്തിലധികം വർദ്ധനവുമാണ് ഇത് വരുത്തിവെക്കുക. ഏകപക്ഷീയമായ സ്മാർട്ട്മീറ്റർ വ്യാപനം ഗുണകരമല്ല എന്നുതന്നെയാണ് ഇതു കാണിക്കുന്നത്.

കെഫോൺ ശൃംഖലയടക്കം സ്മാർട്ട് മീറ്റർ വ്യാപനത്തിന് സഹായകമായ ഒട്ടേറെ പശ്ചാത്തല സൗകര്യങ്ങൾ കേരളത്തിലുണ്ട്. ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി പൊതുമേഖലാ സംവിധാനത്തിൽ തന്നെ സ്മാർട്ട് മീറ്റർ സാങ്കേതിക വിദ്യ കേരളത്തിലും പ്രയോജനപ്പെടുത്താൻ കഴിയും. ഇപ്പോൾ പ്രാധാന്യം കൊടുക്കേണ്ടത് നമ്മുടെ വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കൈകാര്യം ചെയ്യാനുള്ള ശേഷി ഉണ്ടാക്കുക എന്നതാണ്. വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനുള്ള ഇടപെടലും പ്രധാനമാണ്. ഇതിനനുപൂരകമായി സ്മാർട്ട് മീറ്ററിലേക്കും പോകാവുന്നതാണ്.

സ്മാർട്ട് മീറ്റർ വ്യാപനം സംബന്ധിച്ച് തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന സമീപനമാണ് മലയാളമനോരമയടക്കമുള്ള മാധ്യമങ്ങൾ സ്വീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളുടെ വക്താക്കളുടെ വാദങ്ങളാണ് ഇത്തരം മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത്. ഈ രീതി ശരിയല്ല, തിരുത്തേണ്ടതാണ്.

നിലവിലുള്ള വൈദ്യുതിനിയമം ഭേദഗതി ചെയ്യാനുള്ള ബില്ല് കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചു. പ്രസ്തുത ബില്ല് ഊർജ്ജ വകുപ്പിന്റെ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വൈദ്യുതി വിതരണം സ്വകാര്യകമ്പനികളെ ഏൽപിക്കാനും ക്രോസ് സബ്സിഡി ഒഴിവാക്കാനും ബില്ലിൽ നിർദ്ദേശമുണ്ട്. ഈ ബില്ലിനെ പ്രതിപക്ഷവും രാജ്യത്തെ കർഷകസംഘടനകളും ശക്തമായി എതിർക്കുന്നു.

ഈ സാഹചര്യത്തിൽ ബില്ല് പാസ്സാക്കുന്നതിന് മുമ്പ് തന്നെ വിതരണമേഖല സ്വകാര്യ കമ്പനികളെ ഏൽപിക്കുന്ന പദ്ധതി കേന്ദ്രസർക്കാർ നടപ്പാക്കുകയാണ്. ആർ.ഡി.എസ്സ്.എസ്സ്. പദ്ധതി എന്ന് പറയുന്നത് ഇതാണ്. സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞാൽ സ്വകാര്യ വൈദ്യുതി വിതരണ കമ്പനികൾക്ക് ലാഭം കൂടുതൽ കിട്ടുന്ന നഗരങ്ങളിലെ വൈദ്യുതി വിതരണം ഏറ്റെടുക്കാൻ കഴിയും.

സ്വകാര്യകമ്പനികൾ വിതരണ രംഗത്ത് വന്നാൽ കർഷകർക്ക് ലഭിക്കുന്ന കുറഞ്ഞ നിരക്ക് ഇല്ലാതാവും. സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ കേരളം, കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാവും. പൊതുമേഖലാ വൈദ്യുതി ബോർഡുകൾക്ക് മരണമണി മുഴങ്ങും. ഈ കാരണത്താലാണ് ട്രേഡ് യൂണിയനുകൾ ഈ പദ്ധതിയെ എതിർക്കുന്നത്.

കേന്ദ്രപദ്ധതി അനുസരിച്ച് ഇന്ത്യയിലെ ഒരു സംസ്ഥാനവും കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചത്ര 37 ലക്ഷം സ്മാർട് മീറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടില്ല. കേരളത്തേക്കാൾ നാലോഅഞ്ചോ ഇരട്ടി വിസ്തീർണ്ണവും ജനസംഖ്യയുമുള്ള യു.പി, ബീഹാർ, മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങൾ നാമമാത്രമായ സ്മാർട്ട് മീറ്ററുകൾ പേരിന് മാത്രം സ്ഥാപിക്കാനേ തീരുമാനിച്ചിട്ടുള്ളൂ. യാഥാർത്ഥ്യം ഇതായിരിക്കെ കേരളാ വൈദ്യുതി ബോർഡ് 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ എടുത്ത തീരുമാനം സംസ്ഥാനത്തിന്റെയും ഉപഭോക്താക്കളുടെയും താല്പര്യത്തിന് അനുയോജ്യമല്ല. ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ വാശിപിടിക്കുന്നവരുടെ ലക്ഷ്യം മറ്റെന്തോ ആണ്.●

# റിവിഷനിസത്തിനും സെക്റ്റേറിയനിസത്തിനുമെതിരെ ഒരു ദശാബ്ദം നീണ്ടുനിന്ന പോരാട്ടം



ആനത്തലവട്ടം ആനന്ദൻ

സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഭിന്നിപ്പ് രൂക്ഷമായ കാലമാണ് 1960കൾ. 1957 ഇന്ത്യയിലെ ഒരു ചെറിയ സംസ്ഥാനമായ കേരളത്തിൽ ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നത്, മുതലാളിത്ത സാമ്രാജ്യത്വ ശക്തികളുടെ കണ്ണിലെ കരടായിരുന്നു. അതിനെ തകർക്കാൻ അമേരിക്കൻ സി.ഐ.എ തലവൻ ഡോ.മൊയ്നിഹാൻ പണവും ഇതര സഹായങ്ങളും വിമോചന സമരത്തിന്റെ നേതൃത്വം വഹിച്ചിരുന്ന കോൺഗ്രസ്സിനു നൽകിയതായി മൊയ്നിഹാൻ തന്നെ വെളിപ്പെടുത്തിയതാണ്. സി.ഐ.എയുടെ പണം വാങ്ങിയാണ് ഇ.എം.എസ് ഗവൺമെന്റിനെ തകർക്കാൻ വിമോചനസമരം സംഘടിപ്പിച്ചത്.

**ലോകത്ത് കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിലുള്ള ഭരണകൂടങ്ങളെ തകർക്കുക അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ശക്തികളുടെ ലക്ഷ്യമായിരുന്നു. അറുപതുകളിൽ സോവിയറ്റ് പാർട്ടിയിലും ചൈനീസ് പാർട്ടിയിലും മാർക്സിസ്റ്റ് ലെനിനിസ്റ്റ് കാഴ്ചപ്പാടിനു വിരുദ്ധമായ റിവിഷനിസത്തിന്റേയും സെക്റ്റേറിയനിസത്തിന്റേയും ആശയങ്ങൾ സ്വാധീനം ചെലുത്തി. അത് ലോകത്തുള്ള ചെറുതും വലുതുമായ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ കടത്തിവിടാൻ അവർ പരിശ്രമിച്ചു. ഇന്ത്യൻ പാർട്ടിയിലും ഭിന്നിപ്പുണ്ടാക്കാൻ രണ്ടു രാജ്യങ്ങളിലെ പാർട്ടികളും ശ്രമിച്ചു.**



ഇന്ത്യൻ പാർട്ടിയുടെ 101 അംഗ ദേശീയ കൗൺസിലിൽ 32 സഖാക്കൾ റിവിഷനിസ്റ്റ് പാത അംഗീകരിക്കാൻ കഴിയില്ലെന്ന നിലപാട് സ്വീകരിച്ചു. അന്നത്തെ ഇന്ത്യൻ പാർട്ടിയിൽ ഭൂരിപക്ഷം പേർ സോവിയറ്റ് പാത, റിവിഷനിസ്റ്റ് ലൈൻ അംഗീകരിക്കുന്നവരായിരുന്നു. അതിനകത്തു നിന്നുകൊണ്ട് മാർക്സിസ്റ്റ് ലെനിനിസ്റ്റ് ലൈൻ നടപ്പാക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കിയ സഖാക്കൾ തെന്നാലിയിൽ 1964-ൽ യോഗം ചേർന്നു സി.പി.ഐ എമ്മിന് രൂപം നൽകി. അങ്ങിനെ സി.പി.ഐ, സി.പി.എം രണ്ടു പാർട്ടിയായി. സി.പി.ഐക്ക് സോവിയറ്റ് പാർട്ടിയുടെ എല്ലാ സഹായങ്ങളും കിട്ടി. ഇതിനിടെ ചൈനീസ് പാർട്ടിയുടെ സഹായത്താൽ സെക്റ്റേറിയൻ നിലപാട് കൈക്കൊള്ളുന്ന നക്സലൈറ്റുകൾ ഉദയം ചെയ്തു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കടുത്ത രണ്ടു വെല്ലുവിളികളെ അഭിമുഖീകരിക്കേണ്ട അവസ്ഥ, ലോകത്തിലെ ഏറ്റവും വലിയ രണ്ടു പാർട്ടികൾ പ്രത്യേകിച്ചും ഭരണമുള്ള രാജ്യങ്ങളിലെ പാർട്ടികൾ, ഇന്ത്യയിലെ മാർക്സിറ്റ്ലെനിനിസ്റ്റ് നിലപാടുകളിൽ മുറുകെ പിടിച്ച് നിൽക്കുന്ന നമ്മുടെ പാർട്ടിയെ എതിർക്കുക, ഇടതു വലതു വ്യതിയാനങ്ങളെ പ്രോത്സാഹിപ്പിക്കുക. അവർ ഇരുകൂട്ടരും സോവിയറ്റ് യൂണിയന്റേയും ചൈനയുടേയും രക്ഷാകർത്തൃത്വം തങ്ങൾക്കുണ്ടെന്ന് അവകാശപ്പെടുക. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധ മാദ്ധ്യമങ്ങളും, രാഷ്ട്രീയ പാർട്ടികളും ഇതൊരവസരമായി കണ്ടു. സി.പി.ഐഎമ്മിനെ തകർക്കാൻ സി.പി.ഐയും നക്സലുകളേയും പ്രോത്സാഹിപ്പിച്ചു.

ഇന്ത്യയിൽ ഒരുമിച്ച് നിന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഇടതു സെക്റ്റേറിയൻ സ്വാധീനത്തിൽപ്പെട്ടു തോക്കിൻകുഴലിലൂടെയാണ് വിപ്ലവമെന്ന പേരിൽ മാവോ സൂക്തങ്ങൾ ഉരുവിട്ടുകൊണ്ട് നിരവധി തീവ്രവാദഗ്രൂപ്പുകൾ ഉദയം ചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണകാലത്ത് ഇന്ത്യയുടെയും  ചൈനയുടെയും അതിർത്തി രേഖപ്പെടുത്താൻ വരച്ച മക്മോഹൻ ഭൂപ്രദേശരേഖ ചൈന ലംഘിച്ചുവെന്നും പറഞ്ഞു. ഇന്ത്യയും ചൈനയും യുദ്ധത്തിനു തയ്യാറെടുക്കുന്ന സമയം.

മഞ്ഞുമലയിൽ ബ്രിട്ടീഷ് ഭരണകാലത്ത് വരച്ച അതിർത്തി രേഖയുടെ പേരിൽ ഇരു രാജ്യങ്ങളും യുദ്ധത്തിനൊരുങ്ങാതെ അതിർത്തി പ്രശ്നം കൂടിയാലോചിച്ച് പരിഹാരം കാണണമെന്നും ചൈനയ്ക്ക് ഇന്ത്യയെയോ, ഇന്ത്യയ്ക്ക് ചൈനയേയോ യുദ്ധത്തിൽ കീഴ്പ്പെടുത്തി അതിർത്തി പ്രശ്നം പരിഹരിക്കാനാവില്ലെന്നുമുള്ള സ:ഇ.എം.എസിന്റെ അഭിപ്രായത്തിന്റെ പേരിൽ സി.പി.ഐഎമ്മുകാരെ ചൈനീസ് പക്ഷപാതികളാക്കി മുദ്രകുത്തി വേട്ടയാടാൻ ആരംഭിച്ചു. സി.പി.ഐ എമ്മിന്റെ ആയിരക്കണക്കിനു നേതാക്കളെ ഇന്ത്യയൊട്ടാകെ, ചൈനീസ് ചാരന്മാർ എന്ന് മുദ്രകുത്തി അറസ്റ്റ് ചെയ്ത് തടവറയിലാക്കി.

പന്ത്രണ്ടു വർഷം കഴിഞ്ഞ് ശ്രീമതി ഇന്ദിരാഗാന്ധി ശ്രീലങ്കൻ സന്ദർശനവേളയിൽ ഇന്ത്യ-ചൈന അതിർത്തി പ്രശ്നം കൂടിയാലോചിച്ച് പരിഹരിക്കും, യുദ്ധം പ്രശ്നത്തിനു പരിഹാരമല്ല. പിൻവലിച്ച അംബാസഡറെ പുന:സ്ഥാപിക്കും ചൈനയുമായുള്ള കരാറുകളും പുന:സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുമുണ്ടായി. ഇ.എം.എസ് പറഞ്ഞ കാര്യം ഇന്ത്യൻ ഭരണകൂടത്തിനും പ്രധാനമന്ത്രിക്കും ബോദ്ധ്യമാവാൻ 12 വർഷം വേണ്ടിവന്നു.

എന്നാൽ, ഇ.എം.എസിന്റെ പാർട്ടിയെ ഇതിനിടയിൽ ഉരുക്കു



**ഇരുരാജ്യങ്ങളും യുദ്ധത്തിനൊരുങ്ങാതെ അതിർത്തി പ്രശ്നം കൂടിയാലോചിച്ച് പരിഹാരം കാണണമെന്നും ചൈനയ്ക്ക് ഇന്ത്യയെയോ, ഇന്ത്യയ്ക്ക് ചൈനയെയോ യുദ്ധത്തിൽ കീഴ്പ്പെടുത്തി അതിർത്തി പ്രശ്നം പരിഹരിക്കാനാവില്ലെന്നുമുള്ള സ:ഇ.എം.എസിന്റെ അഭിപ്രായത്തിന്റെ പേരിൽ സി.പി.ഐഎമ്മുകാരെ ചൈനീസ് പക്ഷപാതികളാക്കി മുദ്രകുത്തി വേട്ടയാടി. പന്ത്രണ്ടു വർഷം കഴിഞ്ഞു ശ്രീമതി ഇന്ദിരാഗാന്ധി ശ്രീലങ്കൻ സന്ദർശനവേളയിൽ ഇന്ത്യ-ചൈന അതിർത്തി പ്രശ്നം കൂടിയാലോചിച്ച് പരിഹരിക്കുമെന്ന് പ്രഖ്യാപിച്ചു. ഇ.എം.എസ് പറഞ്ഞ കാര്യം ഇന്ത്യൻ ഭരണകൂടത്തിനും പ്രധാനമന്ത്രിക്കും ബോദ്ധ്യമാവാൻ 12 വർഷം വേണ്ടിവന്നു.**

മുഷ്ടി ഉപയോഗിച്ച് ഇല്ലാതാക്കാൻ ആവനാഴിയിലുള്ള എല്ലാ ആയുധങ്ങളും പ്രയോഗിച്ചു. ഒരു വശത്ത് നക്സലൈറ്റുകൾ മറുവശത്ത് റിവിഷനിസ്റ്റുകൾ. ഇവരെ സഹായിക്കാൻ ലോകത്തിലെ വമ്പൻ പാർട്ടികളായ റഷ്യയും ചൈനയും ഇന്ത്യൻ ഭരണകൂടവും. കേരളത്തിലാണെങ്കിൽ 1960 ൽ അധികാരത്തിൽ വന്ന വിമോചന സമര ശക്തികൾ, അവർക്ക് എല്ലാ പിന്തുണയും നൽകുന്ന മാധ്യമങ്ങളും മതസാമുദായിക സംഘടനകളും ഇവരുടെ ബഹുമുഖ ആക്രമണങ്ങളുടെ മുമ്പിൽ അന്ന് തകർന്ന് തരിപ്പണമാകേണ്ടതായിരുന്നു ഈ പാർട്ടി. അതിനെ അതിജീവിച്ച് ഒട്ടും കൂസാതെ മുന്നോട്ട് പോകുന്ന സിപിഐഎമ്മിനോട് അവരുടെ ഒരു ചോദ്യമുണ്ടായിരുന്നു. ലോകത്ത് ഒരു പൊട്ട് പോലെ ഒരു കൊച്ച് ഭൂപ്രദേശത്തുള്ള നിങ്ങളുടെ പാർട്ടിയെ റഷ്യൻ പാർട്ടിയോ ചൈനീസ് പാർട്ടിയോ അംഗീകരിക്കുന്നുണ്ടോ? നിങ്ങളുടെ ഭാവി എന്ത്?

ഇ.എം.എസിന്റെ യുക്തിസഹജമായ മറുപടി ഇതായിരുന്നു. ഞങ്ങൾക്ക് റഷ്യയുടെയും ചൈനയുടെയും പിന്തുണയല്ല, ഇന്ത്യൻ ജനതയുടെ പിന്തുണയാണ് വേണ്ടത്. ആ പിന്തുണ ഞങ്ങൾക്കുണ്ട്. കണ്ടില്ലേ, 1965 ൽ കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പ് ഫലം. യു.ഡി.എഫിന്റെ ജനദ്രോഹഭരണം കഴിഞ്ഞ് കേരളത്തിൽ 1965 ൽ തെരഞ്ഞെടുപ്പു വന്നു. സി.പി.ഐഎം നേതാക്കൾ മുഴുവൻ ജയിലിൽ. മത്സരിക്കുന്ന സി.പി.ഐഎം നേതാക്കളുടെ നോമിനേഷൻ പേപ്പർ ജയിലിൽ പോയാണ് ഒപ്പിട്ടു വാങ്ങിയത്. (തെരഞ്ഞെടുപ്പ് പ്രവർത്തനം അടുത്ത ലക്കത്തിൽ)

1965 മാർച്ചിലായിരുന്നു തെരഞ്ഞെടുപ്പ്. എന്തായിരുന്നു തെരഞ്ഞെടുപ്പ് ഫലം? സി.പി.എമ്മിന് 40 സീറ്റ്, ഇന്ത്യൻ ഭരണകൂടവും, ബൂർഷ്വാ മാധ്യമങ്ങളും റഷ്യൻ പാർട്ടിയും പിന്തുണച്ച സി.പി.ഐയ്ക്ക് 3 സീറ്റ്, കോൺഗ്രസിന് 36 സീറ്റ്, ലീഗിന് 6 സീറ്റ്, കേരളാകോൺഗ്രസിന് 24 സീറ്റ്, എസ്.എസ്.പിക്ക് 13 സീറ്റ്, 1 സ്വതന്ത്രൻ. സി.പി.ഐ 3 സീറ്റിൽ ജയിച്ചത് കൊടകരയിൽ പി.എസ്.നമ്പൂതിരിയും, പത്തനാപുരത്ത് പി.സി.ആദിച്ചനും ഉടുമ്പൻചോലയിൽ കെ.ടി.ജേക്കബുമാണ്. സി.പി.ഐയുടെ വമ്പൻമാരെല്ലാം തോറ്റു. സി.പി.ഐഎമ്മും 4 സ്വതന്ത്രൻമാരുമുൾപ്പെടെ 44 സീറ്റിൽ ജയിച്ചു. ഏറ്റവും വലിയ ഒറ്റ കക്ഷിയെന്ന നിലയിൽ മന്ത്രിസഭാരൂപീകരണത്തിന് സി.പി.ഐഎമ്മിനെ ക്ഷണിക്കാതെ രാഷ്ട്രപതി ഭരണം പ്രഖ്യാപിച്ചു. 1965 ഏപ്രിൽ 2 ന് ഗവർണർ എ.പി.ജയിൻ ചുമതലയേറ്റു. തുടർന്ന് 1967 വരെ എ.പി.ജയിന്റേയും ഭഗവൻ സഹായിയുടെയും ഗവർണർ ഭരണവും മർദ്ദന സംവിധാനങ്ങളും അതിജീവിച്ചാണ് 1967 ലെ തെരഞ്ഞെടുപ്പും രണ്ടാം ഇ.എം.എസ് മന്ത്രിസഭ അധികാരത്തിലേറുന്നതും. കോൺഗ്രസ് മുന്നണിയിൽ ചേക്കേറിയ സിപിഐ ഉൾപ്പെടെയുള്ള പാർട്ടികളിൽ പുനർചിന്തനത്തിന്  നിർബന്ധിതമായി. 1965 ലെ തെരഞ്ഞെടുപ്പുഫലം സിപിഐഎമ്മും ഇ.എം.എസും പറഞ്ഞതാണ് ശരിയെന്ന് തെളിയിച്ചു.

1967 ലെ തെരഞ്ഞെടുപ്പിൽ ആറ്റിങ്ങൽ മണ്ഡലത്തിൽ തിരുവനന്തപുരം മേയറും പാർട്ടി ഡി.സി അംഗവുമായിരുന്ന കോസല രാമദാസിനെ സ്ഥാനാർത്ഥിയാക്കി മത്സരിപ്പിച്ചു ജയിപ്പിച്ചു. ഇടത് വ്യതിയാനത്തിന്റെ വക്താവായ നക്സൽ ചിന്താഗതിയുടെ പ്രചാരകനായി മാറിയ കോസലൻ 1969 ൽ



**സിപിഐ എമ്മിനോട് ഒരു ചോദ്യമുണ്ടായിരുന്നു. ലോകത്ത് ഒരു പൊട്ട് പോലെ ഒരു കൊച്ച് ഭൂപ്രദേശത്തുള്ള നിങ്ങളുടെ പാർട്ടിയെ റഷ്യൻ പാർട്ടിയോ ചൈനീസ് പാർട്ടിയോ അംഗീകരിക്കുന്നുണ്ടോ? നിങ്ങളുടെ ഭാവി എന്ത്? ഇ.എം.എസിന്റെ യുക്തിസഹജമായ മറുപടി ഇതായിരുന്നു. "ഞങ്ങൾക്ക് റഷ്യയുടെയും ചൈനയുടെയും പിന്തുണയല്ല, ഇന്ത്യൻ ജനതയുടെ പിന്തുണയാണ് വേണ്ടത്. ആ പിന്തുണ ഞങ്ങൾക്കുണ്ട്." കണ്ടില്ലേ, 1965-ൽ കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പ് ഫലം.**

എം.എൽ.എ സ്ഥാനം രാജിവച്ചു. കേരളത്തിലും ഇന്ത്യയിലും നക്സൽ ഗ്രൂപ്പുകൾ ശക്തി പ്രാപിച്ചു വന്ന കാലം. വലിയ പരുക്കാണ് കോസലൻ ആറ്റിങ്ങലിലെ സിപിഐഎം പ്രവർത്തകർക്കിടയിൽ ഉണ്ടാക്കിയത്. പ്രധാന പാർട്ടി സ്ഥാനങ്ങൾ വഹിച്ച എസ്.ഡി.ബാലൻ, വിശ്വനാഥപിള്ള, മുദാക്കൽ വാസു, പെരുങ്ങുഴി തങ്കപ്പൻ, നെടുമങ്ങാട് വിശ്വംഭരൻ, കിളിമാനൂരിലെ ഏതാനും ആളുകൾ ഇവരെല്ലാം കോസലനോടൊപ്പം ചേർന്നു. റിവിഷനിസ്റ്റ് സ്വാധീനത്തെ അതിജീവിച്ചു പാർട്ടി മുന്നോട്ടു പോകുന്നതിനിടയിലാണ് കൂനിൻമേൽ കുരുവെന്ന പോലെ നക്സൽ ചിന്തയുടെ പേരിൽ പാർട്ടിയുടെ താക്കോൽ സ്ഥാനത്തിരുന്ന സഖാക്കളുടെ കാലുമാറ്റം. ഈ സമയത്താണ് സ:എ.കെ.പ്രതാപൻ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞു നാട്ടിലെത്തി കയർ യൂണിയൻ പ്രവർത്തനത്തിൽ ഞാനുമായി സഹകരിച്ച് പ്രവർത്തിച്ചു തുടങ്ങിയത്. ഞാനും പ്രതാപനും കൂടി സൈക്കിളിൽ മൈക്കും വച്ചു കെട്ടി ഇടതു വ്യതിയാനത്തിനും നക്സൽ ചിന്തയ്ക്കുമെതിരെ പ്രചാരണം നടത്തി. പലേടത്തും ഞങ്ങൾ ആക്രമിക്കപ്പെട്ടു. വലിയകടയിലുള്ള ശ്രീനിവാസൻ, മുറുക്കാൻകട സുധാകരൻ എന്നിവരാണ് ഞങ്ങൾക്ക് സംരക്ഷണത്തിന് ഉണ്ടായിരുന്നത്. ആറ്റിങ്ങലിൽ സ:ഡി.ജയറാമും വക്കത്ത് സ: മാർത്താണ്ഡൻ കുട്ടി, വക്കം നടരാജൻ എന്നിവരും ഈ വ്യതിയാനത്തിൽപ്പെടാതെ പാർട്ടിയോടൊപ്പം നിന്ന സഖാക്കളാണ്. ഡിസി മെമ്പറായിരുന്ന കടയ്ക്കാവൂർ ശശിയും കെ.എൻ.വെളിക്കാടും അവരും പാർട്ടിയോടൊപ്പം നിന്നു.




മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്വങ്ങൾ മുറുകെ പിടിച്ചുകൊണ്ട്. അതിനെതിരായുള്ള എല്ലാ വ്യതിയാനങ്ങളേയും നിരാകരിച്ചുകൊണ്ട്, ലോകത്തുള്ള വമ്പൻ പാർട്ടികളേയും ഇന്ത്യൻ ഭരണകൂടത്തിന്റെയും മർദ്ദന സംവിധാനങ്ങളേയും കമ്മ്യൂണിസ്റ്റ് വിരുദ്ധ ആശയപ്രചാരകന്മാരേയും ഒറ്റയ്ക്ക് നേരിട്ടു കൊണ്ട് സി.പി.ഐഎം എന്ന പാർട്ടിയെ തളരാതെ തകരാതെ കാത്തുസൂക്ഷിച്ച, സി.പി.ഐ എം നേതൃത്വം ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് തന്നെ കാലിടറിയപ്പോൾ പകച്ചു നിൽക്കാതെ, ഈ പാർട്ടിയെ നയിച്ച നേതൃത്വമാണെന്നതിൽ കമ്മ്യൂണിസ്റ്റുകാർക്കെല്ലാം അഭിമാനിക്കാം.

രണ്ടു വ്യതിയാനങ്ങൾക്കുമെതിരായ പോരാട്ടം പാർട്ടിയുടെ ചരിത്രത്തിൽ സുവർണലിപികളാൽ രേഖപ്പെടുത്തേണ്ടതാണ്. ഒരു ദശാബ്ദക്കാലം പാർട്ടിയെ കാർന്നുതിന്നുന്ന ഈ നയവ്യതിയാനങ്ങൾക്കെതിരായി പോരാടിയ സിപിഐഎം 1968 ൽ ബർദ്വാനിൽ വിളിച്ചു ചേർത്ത പാർട്ടി പ്ലീനത്തിൽ അംഗീകരിച്ച പ്രമേയത്തിലൂടെ പ്രത്യയശാസ്ത്ര പ്രശ്നങ്ങൾക്കു പരിഹാരമായി. ബർദ്വാൻ പ്ലീനം സൈദ്ധാന്തിക വിഷയങ്ങളിൽ ചർച്ച ചെയ്തു തീർപ്പു കല്പിച്ചു. അതേ തുടർന്നാണ് ഇന്ന് നിലനിൽക്കുന്ന വർഗ ബഹുജനസംഘടനകളുടെ ഘടനയും രൂപീകരണവും ഉണ്ടായത്. ഒരു വിപ്ലവ ബഹുജനപാർട്ടി കെട്ടിപ്പടുക്കുന്നതിനു സഹായകമായി. 1970 ലെ സിഐടിയു രൂപീകരണവും എസ്എഫ്ഐ രൂപീകരണവും അതിനുശേഷമുള്ള ഡിവൈഎഫ്ഐ, അഖിലേന്ത്യാ ജനാധിപത്യമഹിളാഫെഡറേഷൻ രൂപീകരണവും എടുത്തു പറയേണ്ടതാണ്.

മാർക്സിസ്റ്റ്ലെനിനിസ്റ്റ് തത്വങ്ങൾ മുറുകെ പിടിച്ചുകൊണ്ട് അതിനെതിരായുള്ള എല്ലാ വ്യതിയാനങ്ങളേയും നിരാകരിച്ചുകൊണ്ട്, ലോകത്തുള്ള വമ്പൻ പാർട്ടികളേയും, ഇന്ത്യൻ ഭരണകൂടത്തിന്റെയും മർദ്ദന സംവിധാനങ്ങളേയും കമ്മ്യൂണിസ്റ്റ് വിരുദ്ധ ആശയപ്രചാരകന്മാരേയും ഒറ്റയ്ക്ക് നേരിട്ടു കൊണ്ട്, സി.പി.ഐഎം എന്ന പാർട്ടിയെ തളരാതെ തകരാതെ കാത്തുസൂക്ഷിച്ച, സി.പി.ഐഎം നേതൃത്വം ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് തന്നെ കാലിടറിയപ്പോൾ പകച്ചുനിൽക്കാതെ, ഈ പാർട്ടിയെ നയിച്ച നേതൃത്വമാണെന്നതിൽ കമ്മ്യൂണിസ്റ്റുകാർക്കെല്ലാം അഭിമാനിക്കാം.

(അടുത്ത ലക്കത്തിൽ എന്റെ ആദ്യ മൈതാന പ്രസംഗം)

# സമര വിരുദ്ധതയും സമരമെന്ന യാഥാർത്ഥ്യവും



കെ.എൻ.ഗോപിനാഥ്

**സമരങ്ങളുടെ സൃഷ്ടിയാണ് മാറ്റങ്ങൾക്ക് അടിസ്ഥാനം, ദേശീയ സ്വാതന്ത്ര്യവും പൊതുമേഖലാസംരക്ഷണവും വ്യാവസായികകാർഷിക പുരോഗതിയും ജനപക്ഷ വികസനോന്മുഖമായ ഭരണകൂടങ്ങളുടെ സൃഷ്ടിയുടെയും അടിസ്ഥാനം സമരങ്ങളാണ് അഥവാ വൈരുദ്ധ്യങ്ങളുടെ മൂർച്ഛീകരണത്തിലൂടെ ഉണ്ടാകുന്ന മാറ്റങ്ങളാണ് എന്നതാണ് വസ്തുത. ചൂഷണം ശക്തമാകുന്ന സാഹചര്യത്തിൽ സമരങ്ങളും ശക്തിപ്പെടുക തന്നെ ചെയ്യും.**



നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ തുടരുന്ന കഴിഞ്ഞ 9 വർഷത്തിനിടയിൽ പ്രക്ഷോഭ സമരങ്ങളുടെ ഒരു വേലിയേറ്റം തന്നെയാണ് ഇന്ത്യയിൽ ഉയർന്നു വന്നിട്ടുള്ളത്. വികസിത മുതലാളിത്ത രാജ്യങ്ങളിലും ഭരണകൂടങ്ങളും അവിടങ്ങളിലെ സാധാരണ ജനങ്ങളും തമ്മിലുള്ള വൈരുദ്ധ്യം മൂർച്ഛിക്കുന്നത് വളർന്നുവരുന്ന തൊഴിലാളി പോരാട്ടങ്ങൾ തന്നെ വെളിവാക്കുന്നുണ്ട്. ആമസോൺ കമ്പനിയിലും ഗിഗ് പ്ളാറ്റ്ഫോം മേഖലയിലും, ഐടിമേഖലയിൽ പോലും തൊഴിലും വരുമാനവും സംരക്ഷിക്കുവാനുള്ള പോരാട്ടങ്ങൾ കത്തിപ്പടരുകയാണ്. അധ്യാപകരും സർക്കാർ ജീവനക്കാരും നഴ്സുമാരും കൽക്കരി ഉരുക്ക് ഖനി തൊഴിലാളികളും, ഊർജം -ട്രാൻസ്പോർട്ട് രംഗങ്ങളിലെ തൊഴിലാളികളും നാവികരും,വൈമാനികരും, പെൻഷൻ പറ്റിയവരും പ്രക്ഷോഭ സമരങ്ങളിൽ അണിനിരന്നുകൊണ്ടുള്ള ലോകകാഴ്ച ആർക്കാണ് മനസിലാവാത്തത്. ബിജെപിയുടെ ഭാഷയിൽ “ഇന്ത്യ അനുകരിക്കേണ്ട ലോകമാതൃകകളിൽ”



**മുതലാളിത്തം ചരിത്രത്തിന്റെ അവസാനമാണെന്ന ധാരണവച്ചാണ് പലരും സമരങ്ങളെ തള്ളിപ്പറയുന്നത്. വർഗസമരങ്ങൾ ശക്തിപ്പെട്ടാൽ മുതലാളിത്തം സോഷ്യലിസത്തിനുവഴിമാറി കൊടുക്കേണ്ടി വരും എന്നതാണ്. "എല്ലാം മാറ്റത്തിന് വിധേയമാണെന്ന ശാസ്ത്രസത്യത്തിന്റെ അടിസ്ഥാനം. അങ്ങനെയാണ് ഇന്നലെകളിൽ അടിമ ഉടമ കാലഘട്ടത്തെ നിഷേധിച്ച് ജന്മികുടിയാൻ വ്യവസ്ഥ വന്നതും അതിനെ നിഷേധിച്ച് മുതലാളിത്തവ്യവസ്ഥ നിലവിൽ വന്നതും. മുതലാളിത്തവും സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്കായി മാറേണ്ടി വരും. മാറ്റം വേഗതയിലാക്കാൻ അതിശക്തമായ വർഗസമരങ്ങൾ ഉയർന്നുവരും. അതിൽ നൊമ്പരം കൊള്ളുകയല്ല വേണ്ടത്. അഭിമാനിക്കുകയാണ് വേണ്ടത്.**

പലതും തുടരുന്നേടത്തു തന്നെ അവസാനിക്കുന്ന, തകർച്ചയുടെ പരിണതഫലമാണ് മേൽ വിവരിച്ച പോരാട്ടങ്ങളൊക്കെയും. ലോകത്തിന്റെ ഭാഗമായ ഇന്ത്യയിലും അതേ ആഗോള -ഉദാരവൽക്കരണ നയങ്ങൾ സ്വീകരിക്കുന്ന ബിജെപിയും കേന്ദ്രസർക്കാരും പണിമുടക്കുകൾ ഉൾപ്പെടെയുള്ള അതിശക്തമായ പ്രക്ഷോഭസമരങ്ങൾ ആളിക്കത്തിക്കാനിട വരുത്തുന്ന നയങ്ങൾ തന്നെയാണ് ഭരണതലത്തിൽ സൃഷ്ടിക്കുന്നത്.

"ഈസ് ഓഫ് ഡ്യൂയിംഗ് ബിസിനസ്, ഇൻസ്പെക്ടർ രാജ് അവസാനിപ്പിക്കൽ, മെയ്ക്ക് ഇൻ ഇന്ത്യ", ഏകസിവിൽ കോഡ് എന്നീ പദ്ധതികളിലൂടെ ആസൂത്രിതമായി സമര സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നതിന് കുട പിടിക്കുന്നവരായി വർഗീയ ശക്തികളും മൂലധന ശക്തികളും കൈകോർക്കുന്നതാണ് കാലഘട്ടം. തൊഴിലും വരുമാനവും സംരക്ഷിക്കുവാനും ക്ഷേമആനുകൂല്യങ്ങൾ നേടിയെടുക്കാനും വേണ്ടി, ചൂഷണം ശക്തമാക്കുന്ന സാഹചര്യത്തിൽ സമരങ്ങളും ശക്തിപ്പെടുക തന്നെ ചെയ്യും. ഇത്തരം നയങ്ങളുടെ പോർമുഖത്ത് നിന്ന് കേരളം പിന്തിരിയണം എന്ന ചിന്ത യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ്.

അരാഷ്ട്രീയവാദികൾ പൊതുവിൽ ഭരണവർഗ നടപടികൾക്ക് പിന്തുണ നൽകുകയോ നിസംഗത പുലർത്തുകയോ ചെയ്തുകൊണ്ട് പിന്തിരിപ്പൻ നയങ്ങളുടെ കൂട്ടാളികളാകുകയാണ് പതിവ്. മാത്രമല്ല വർദ്ധിച്ചുവരുന്ന സമരങ്ങളോട് അവർക്ക് നീരസവും പുച്ഛവുമാണ്. ഉൽപ്പതിഷ്ണുക്കൾ എന്ന് സ്വയം അവകാശപ്പെടുന്നവർ സമരത്തിനാധാരമായ പ്രശ്നങ്ങളെ ശരിയായ വിധത്തിൽ വിലയിരുത്താതിരിക്കുകയും ബോധപൂർവം മറച്ചുവയ്ക്കുകയും ചെയ്തുകൊണ്ട് സമരങ്ങൾക്കെതിരെ വിധി പ്രഖ്യാപിക്കുന്ന അവസ്ഥ വ്യാപകമാകുന്നുണ്ട്. സമരങ്ങൾക്ക് പിന്നിൽ അണിനിരക്കുന്ന തൊഴിലാളികളുടെയും കൃഷിക്കാരുടെയും ജീവിതാവസ്ഥയെക്കുറിച്ച് ഇത്തരം ഉപഗ്രഹജീവികൾ അന്വേഷിക്കുകപോലുമില്ല. മറിച്ച് അതുവഴിയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പർവ്വതീകരിച്ച് ഞെരിപിരി കൊള്ളുകയും ചെയ്യുന്നു. കേരളത്തിൽ സമരങ്ങൾ കൂടുതലാണെന്നും സമരങ്ങളെ ജനങ്ങളോടുള്ള കത്രിക പൂട്ടുകളാണെന്നും ഒരുകൂട്ടം സാഹിത്യവിശാരദന്മാരും ആത്മഗതം പറഞ്ഞു വരുന്നുണ്ട്.

കേരളത്തിൽ ഒരു വർഷം എത്ര സമരങ്ങൾ നടക്കുന്നുണ്ടാവും? നമ്മളെപ്പോലെ സമരം ചെയ്യേണ്ടി വരുന്ന, സമരങ്ങളിൽ അകപ്പെട്ടുപോകുന്ന മറ്റൊരു ജനതയുണ്ടാകുമോ? ഇവ കേരള സമൂഹത്തിന് എന്ത് പ്രയോജനം ഉണ്ടാക്കുന്നു? തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ച്, ചില മാധ്യമങ്ങളേയും കൂട്ടുപിടിച്ച്

ഇക്കൂട്ടർ ദന്തഗോപുരവാസികളായി വിരാജിക്കുകയാണ്. ഭരണവർഗത്തിന്റെയും മൂലധനശക്തികളുടെയും വിടുപണി ചെയ്യുന്ന ദോഷൈകദൃക്കുകളായ ചുരുക്കം ചിലരുടെയെങ്കിലും മനസിനെ വശീകരിക്കാൻ സമരങ്ങൾക്കെതിരായ ഇത്തരം സ്വാർത്ഥവിചാരങ്ങൾ ഉപകാരപ്പെടുമായിരിക്കും. എന്നാൽ, ഇത്തരം വികല ചിന്തകൾ കൊണ്ട് സമൂഹത്തിന് ആവശ്യമായ ഒരു ഉൽപ്പാദനക്ഷമതയും കൈവരിക്കാനാകില്ല. മറിച്ച് സമരങ്ങളുടെ സൃഷ്ടിയാണ് മാറ്റങ്ങൾക്ക് അടിസ്ഥാനം, ദേശീയ സ്വാതന്ത്ര്യവും, പൊതുമേഖലാസംരക്ഷണവും, വ്യാവസായികകാർഷിക പുരോഗതിയും, ജനപക്ഷ വികസനോന്മുഖമായ ഭരണകൂടങ്ങളുടെ സൃഷ്ടിയുടെയും അടിസ്ഥാനം സമരങ്ങളാണ് അഥവാ വൈരുദ്ധ്യങ്ങളുടെ മൂർച്ഛീകരണത്തിലൂടെയുണ്ടാകുന്ന മാറ്റങ്ങളാണ് എന്നതാണ് വസ്തുത.

ധിക്ഷണാശാലികളായ ചിലർ സ്വന്തം കുബുദ്ധികൾ കൊണ്ട് മാറ്റത്തെ അഥവാ ബദലിനെ അംഗീകരിക്കാതെ, എല്ലാം സ്വയംഭൂവായി ലഭിക്കുന്നതാണെന്നാണ് സമർത്ഥിക്കുവാൻ ശ്രമിക്കുന്നത്. തന്റെ തീൻമേശയിൽ ഭക്ഷണമായെത്തുന്ന വസ്തുക്കളും ആധുനിക റോബോട്ടുകളുടെ പ്രവർത്തനത്തിനാധാരമായ ഓരോ ഘടകങ്ങളും നിർമ്മിച്ച് നൽകുന്നതുപോലും വിയർപ്പൊഴുക്കി പണിയെടുക്കുന്ന തൊഴിലാളികളാണെന്ന വസ്തുതപോലും ഇക്കൂട്ടർ വിസ്മരിക്കുകയാണ്. സമരവിമർശകർ കരുതുന്നതുപോലെ ജീവനോപാധികൾ സംരക്ഷിക്കാനുള്ള അധ്വാനിക്കുന്നവന്റെ പോരാട്ടങ്ങളുടെ കണക്കെടുക്കാൻ നിങ്ങളുടെ പെൻഡ്രൈവ്, ഫെയ്സ്ബുക്ക് ഗവേഷണങ്ങൾക്കാകില്ല. നിലവിലെ മുതലാളിത്ത സ്വത്തുടമ ബന്ധങ്ങളുടെ ഫലമായുണ്ടാകുന്ന ചൂഷണങ്ങളുടെ പാരമ്യത ആ ബന്ധങ്ങളുടെ അന്തകനായി, ഭരണവർഗത്തിന്റെ ഉറക്കം കെടുത്തുന്ന വർഗസമരങ്ങളുടെ രൂപത്തിൽ ഉയർന്നുവരിക സ്വാഭാവികമാണ്. അതായത് നേടിയതും നേടാനുള്ളതുമായ എല്ലാം തൊഴിലാളിവർഗ്ഗ സമര പോരാട്ടങ്ങളുടെ ഫലമാണ്. "ഇടതുപക്ഷം ഭരിക്കുമ്പോൾ സിഐടിയു സമരം ചെയ്യുന്നു" എന്നാക്ഷേപിക്കുന്നവർ "എൽഡിഎഫ് സർക്കാരും അത് ഉയർത്തിപ്പിടിക്കുന്ന ബദലും" തൊഴിലാളിവർഗ്ഗത്തിന്റെ പോരാട്ടങ്ങളുടെ ഫലം കൂടിയാണ് എന്ന വസ്തുത മറന്നു പോകുന്നു.

"അളമുട്ടിയാൽ ചേരയും കടിക്കും" എന്ന പൂർവ്വികന്മാരുടെ പ്രബോധനത്തിന് കനമില്ലന്നേയുള്ളൂ. "ചൂഷണം പാരമ്യത്തിലെത്തിയാൽ പ്രതികരിക്കും" എന്നതിന്റെ വ്യാഖ്യാനമാണ്. തോപ്പിൽഭാസിയുടെ "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി"യും കെ.ദാമോദരന്റെ "പാട്ടബാക്കിയും" തകഴിയുടെ കയറും അയ്യങ്കാളിയുടെയും സഹോദരൻ അയ്യപ്പന്റെയും ശ്രീനാരായണ ഗുരുവിന്റെയും നവോത്ഥാന ചിന്തകളും, മഹാത്മാഗാന്ധി നയിച്ച ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനവും നിലനിൽക്കുന്ന വ്യവസ്ഥയോടും ഭരണകൂടങ്ങളോടും നടത്തിയ ഏറ്റുമുട്ടലുകളും പാഴ്ശ്രമങ്ങളായിരുന്നു എന്ന് സമരവിരോധികൾ വാചകമടിക്കുമോ? പി.കൃഷ്ണപിള്ളയും ഇഎംഎസും ഏകെജിയും ജാതീയ അസമത്വത്തിനെതിരായും, വിദ്യാഭ്യാസ, ആരോഗ്യ പരിരക്ഷയ്ക്കും, ഭക്ഷ്യ സുരക്ഷയ്ക്കും വേണ്ടിയുള്ള പോരാട്ടങ്ങളെ നയിച്ചത് വിസ്മരിക്കാനാകുമോ. വർധിച്ച് വരുന്ന സമരങ്ങളുടെ കണക്കെടുത്ത് കാർക്കിച്ച് തുപ്പുമ്പോൾ ഭരണകൂട ഭീകരതയെക്കുറിച്ചോ, ജനാധിപത്യധ്വംസനത്തെക്കുറിച്ചോ, കൂലിക്കുറവും പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും വഴി ദുരിതം പേറുന്ന ജനങ്ങളുടെ ജീവിത ദുരിതങ്ങളെക്കുറിച്ചോ കണക്കെടുക്കാൻ മറന്നുപോകുന്നത് ബോധപൂർവമല്ലേ. "കോവിഡ് കാലത്ത് പോലും കേരളത്തിൽ സമരങ്ങൾ നടന്നു" എന്നതും ആക്ഷേപമായിരുന്നു. ജനങ്ങളുടെ ജീവന് പരിഗണന നൽകാത്ത കേന്ദ്രഭരണകൂടത്തിനെതിരായി സമരമല്ലാതെ പ്രാർത്ഥന നടത്തണമെന്നായിരുന്നോ നിർദ്ദേശം.

മുതലാളിത്തം ചരിത്രത്തിന്റെ അവസാനമാണെന്ന ധാരണവച്ചാണ് പലരും സമരങ്ങളെ തള്ളിപ്പറയുന്നത്. വർഗസമരങ്ങൾ ശക്തിപ്പെട്ടാൽ മുതലാളിത്തം സോഷ്യലിസത്തിനുവഴിമാറി കൊടുക്കേണ്ടി വരും എന്നതാണ്. "എല്ലാം മാറ്റത്തിന് വിധേയമാണെന്ന ശാസ്ത്രസത്യത്തിന്റെ അടിസ്ഥാനം. അങ്ങനെയാണ് ഇന്നലെകളിൽ അടിമ ഉടമ കാലഘട്ടത്തെ നിഷേധിച്ച് ജന്മികുടിയാൻ വ്യവസ്ഥ വന്നതും അതിനെ നിഷേധിച്ച് മുതലാളിത്തവ്യവസ്ഥ നിലവിൽ വന്നതും. മുതലാളിത്തവും സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്കായി മാറേണ്ടിവരും. മാറ്റം വേഗതയിലാക്കാൻ അതിശക്തമായ വർഗസമരങ്ങൾ ഉയർന്നുവരും. അതിൽ നൊമ്പരം കൊള്ളുകയല്ല അഭിമാനിക്കുകയാണ് വേണ്ടത്.

അടിസ്ഥാനപരമായി ചിന്തിച്ചാൽ ഓരോ മനുഷ്യരുടെയും ജീവിതം തന്നെ സമരമാണ്. മനുഷ്യർ നേരിടുന്ന പ്രശ്നങ്ങൾ മനസിന്റെ സംഘർഷമായി രൂപാന്തരപ്പെട്ട് പ്രത്യക്ഷസമരത്തിലേക്ക് എടുത്ത് ചാടുന്ന ഭൗതിക ശക്തിയായി മാറും. ജനങ്ങൾ അവർ ആഗ്രഹിക്കുന്ന ആവശ്യങ്ങൾക്ക് വേണ്ടി അന്തിമമായി സമരത്തിൽ അഭയം പ്രാപിക്കുവാൻ നിർബന്ധിതരാകുന്നു എന്ന തിരിച്ചറിവ് മുതലാളിത്ത സാമ്പത്തിക പണ്ഡിതന്മാർ പോലും സമ്മതിക്കുന്ന കാലമാണ്. തങ്ങൾ അനുഭവിക്കുന്ന ചൂഷണത്തെ നേരിടാൻ കഴിയാതെ വിഘടിച്ചു നിൽക്കുന്ന സമൂഹത്തെ സംഘടിപ്പിച്ച് കൂട്ടായി വിലപേശാൻ പ്രാപ്തമാക്കുന്നത് പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും മറ്റ് വർഗ്ഗ ബഹുജന സംഘടനകളുടെയും ഉത്തരവാദിത്വമാണ്. കൂട്ടായി വില പേശാനും സംഘടിക്കാനുമുള്ള അവകാശം ഭരണഘടനാപരമാണ്. "എട്ടു മണിക്കൂർ ജോലി, എട്ടുമണിക്കൂർ വിശ്രമം, എട്ടു മണിക്കൂർ വിനോദം" എന്ന തൊഴിൽ സമയ ക്ലിപ്തത പ്രാർത്ഥന നടത്തി

നേടിയതല്ല. അമേരിക്കയിൽ ചിക്കാഗോയിലെ തൊഴിലാളികൾ വെടിവയ്പിനെ അതിജീവിച്ച് നടത്തിയ പ്രക്ഷോഭത്തിലൂടെയാണ്. ഇന്ത്യയിലെ കൃഷിക്കാർ, 750 ഓളം പേരുടെ ജീവൻ നഷ്ടമായിട്ടും ഭരണകൂട ഭീഷണികളെ അതിജീവിച്ച് ഒരുവർഷക്കാലം അഞ്ഞൂറോളം കർഷകസംഘടനകൾ യോജിച്ച്, ഐക്യത്തിന്റെയും സമരത്തിന്റെയും പാതയിൽ ഉറച്ചു നിന്ന് പോരാടിയതും ചരിത്രമാണ്. ഏപ്രിൽ 5 ന് തൊഴിലാളികളും കൃഷിക്കാരും ഒത്ത്ചേർന്ന് പാർലമെന്റ് വളഞ്ഞത് കേരളത്തിൽ മാത്രമായി നടന്ന സമരമായിരുന്നില്ല. കഴിഞ്ഞ മാർച്ച് 28, 29 തീയതികളിൽ ഇന്ത്യയിൽ നടന്ന ദേശീയ പണിമുടക്കിൽ അണിനിരന്നത് 35 കോടിയോളം വരുന്ന തൊഴിലാളികളാണ്. 21-ഓളം തൊഴിലാളി സംഘടനകളാണ് നേതൃത്വം നൽകിയത്. സമരങ്ങളിൽ "ഏർപ്പെടുന്ന തൊഴിലാളികളെ സമരാസക്തി പൂണ്ട വിചിത്ര സമൂഹമായി കാണുന്ന സമീപനം തിരുത്തണം. വിയർപ്പൊഴുക്കാതെ നേട്ടങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗം കേരളത്തിൽ മാത്രമല്ല ലോകത്തെവിടെയും ഉണ്ടായിട്ടുണ്ട്. അത്തരക്കാരെ ഉദ്ദേശിച്ചാണ് പൂർവികർ "വാഴ നനയുമ്പോൾ ചീരയും നനയും" എന്ന് പറഞ്ഞുവച്ചത്.

"തൊഴിലാളിക്ക് മിനിമം കൂലി നൽകിയതുകൊണ്ട് ഒരു മുതലാളിയും നശിച്ചുപോകില്ല" എന്ന പ്രബന്ധത്തിന് ഇപ്രാവശ്യം നോബേൽ സമ്മാനം ലഭിച്ചത് നാം അറിയണം. സമരം ചെയ്യിപ്പിച്ച് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്ന രീതി കേളത്തിന്റെയാണെന്ന് ചിലർ കുണ്ഠിതപ്പെടുന്നുണ്ട്. ഭരണവും സമരവും എന്നത് ഇത്തരക്കാർ മനസ്സിലാക്കേണ്ടി വരും. കേരള സർക്കാരിന്റെ സാധ്യതകൾ ഇല്ലാതാക്കാൻ സാമ്പത്തികമായി ശ്വാസം മുട്ടിച്ച് സങ്കീർണതകൾ സൃഷ്ടിക്കുന്ന കേന്ദ്രബിജെപി സർക്കാരിനെതിരെയും ഫെഡറൽ തത്വങ്ങളുടെ സംരക്ഷണത്തിനായി രാഷ്ട്രീയ സമരങ്ങളും ഉയർന്നുവരേണ്ടി വരും. പരിമിതികൾ നേരിടുമ്പോഴും അവകാശങ്ങൾക്ക് വേണ്ടിയും ആനുകൂല്യങ്ങൾക്ക് വേണ്ടിയും ഭരണമേതെന്ന് നോക്കാതെ തൊഴിലാളികൾക്ക് സമരം ചെയ്യേണ്ടി വരും. സമരങ്ങളുടെ സൃഷ്ടിയായ എൽഡിഎഫ് സർക്കാർ, അത്തരം സമരങ്ങളെ ഒത്തുതീർപ്പാക്കാൻ ശ്രമിക്കുന്നുമുണ്ട്. ചർച്ചയും സംവാദവും വഴി പ്രശ്നപരിഹാരത്തിനാണ് പ്രാഥമിക പരിഗണന. ഇത്രയും സമരങ്ങൾ നടന്നിട്ടും കേരളത്തിൽ മാത്രം വിപ്ലവം എന്തേ നടക്കുന്നില്ല. എന്ന ആക്ഷേപം ചില കേന്ദ്രങ്ങൾ ബോധപൂർവം ഉന്നയിച്ച് കാണുന്നുണ്ട് "ഇടുകുടുക്കേ ചോറും കറിയും" എന്നതു പോലെ വിപ്ലവം മരത്തിൽ നിന്ന് കുലുക്കി വീഴുന്നതല്ല. സമരത്തോടുമുള്ള പരിഹാസ്യം സമചിത്തത കൈവിടാതെ വിമർശിക്കുന്നതാകും നല്ലത്. സമരോത്സുകത കാലാതീതമായി നിലകൊള്ളുക തന്നെ ചെയ്യും. വിഷമം പ്രകടിപ്പിക്കുന്നവരും അനുഭവങ്ങളിലൂടെ സമരപാതയിലേക്ക് കടന്നു വരേണ്ടിവരുമെന്ന് നമുക്ക് പ്രത്യാശിക്കാം. സമരങ്ങൾക്കെതിരെയുള്ള മുതലക്കണ്ണീരും സമരങ്ങളിലൂടെ ഉയരുന്ന ദീനരോദനങ്ങളെയും കണ്ണി ചേർക്കാൻ വിഷമമായിരിക്കും. •

# വൈദ്യുതി-റെയിൽ സ്വകാര്യവൽക്കരണത്തിനെതിരെ ദേശീയ കൺവെൻഷൻ




വൈദ്യുതി, റെയിൽ മേഖലകൾ കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കുന്നതിനെതിരെ രാജ്യവ്യാപക പ്രക്ഷോഭം പ്രഖ്യാപിച്ച് സിഐടിയു. ഡൽഹി ഹർകിഷൻ സിങ് സുർജിത് മന്ദിരത്തിൽ അഖിലേന്ത്യ കൺവൻഷനിലായിരുന്നു പ്രഖ്യാപനം. പൊതുമേഖലാ സ്വകാര്യവൽക്കരണം അവസാനിപ്പിക്കണമെന്നും പൊതുസ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള എൻഎംപി പദ്ധതി ഉപേക്ഷിക്കണമെന്നും പ്രമേയം ആവശ്യപ്പെട്ടു.

ജനറൽ സെക്രട്ടറി തപൻ സെൻ പ്രമേയങ്ങൾ അവതരിപ്പിച്ചു. സെപ്തംബർ 15 മുതൽ ഒക്ടോബർ 10 വരെ ജില്ലാതല കൺവൻഷനുകൾ. ബ്ലോക്ക്, പഞ്ചായത്ത്, ഗ്രാമ തലത്തിലും കൺവൻഷനുകൾ ചേരും. ഒക്ടോബർ 25 മുതൽ നവംബർ രണ്ടുവരെ ലഘുലേഖകൾ വിതരണം ചെയ്ത് തീവ്രപ്രചാരണം നടത്തും. നവംബർ മൂന്നിന് റെയിൽവേ സ്റ്റേഷനുകളിൽ വൻ പ്രകടനങ്ങൾ.

അഖിലേന്ത്യ പ്രസിഡന്റ് കെ ഹേമലത കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായി ജനകീയ വിഷയങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കാൻ കേന്ദ്രസർക്കാർ വർഗീയ ധ്രുവീകരണം നടത്തുകയാണെന്ന് ഹേമലത പറഞ്ഞു. അഖിലേന്ത്യ സെക്രട്ടറി എളമരം കരീം എംപി സംസാരിച്ചു. മുന്നൂറ്റമ്പതോളം പ്രതിനിധികൾ പങ്കെടുത്തു.

# ആധുനിക കാലത്തെ സ്വകാര്യ സൈനിക ഗ്രൂപ്പുകൾ



ജോസ്.ടി എബ്രഹാം

യുദ്ധങ്ങളിൽ സ്വകാര്യ സൈന്യത്തിന്റെ അല്ലെങ്കിൽ കൂലിപ്പട്ടാളത്തിന്റെ പങ്കാളിത്തം കാലങ്ങളായി നടക്കുന്ന ഏർപ്പാടാണ്. യുദ്ധങ്ങളിലെ സ്വകാര്യ സൈന്യത്തിന്റെ പങ്കും സ്വകാര്യ സൈന്യം ഒരു പരിധിയിൽ കൂടുതൽ വളരുകയും സ്വാധീനശക്തിയുള്ളവരാകുകയും ചെയ്താലുള്ള പ്രശ്നം അടുത്തകാലത്ത് വലിയ ചർച്ചയായത് റഷ്യയിലെ വാഗ്നർ ഗ്രൂപ്പ് റഷ്യൻ സൈന്യത്തിനെതിരെയും റഷ്യൻ സർക്കാരിനെ തന്നെയും വെല്ലുവിളിച്ച് മോസ്കോയിലേക്ക് മാർച്ച് ചെയ്തതോടെയാണ്. വാഗ്നർ ഗ്രൂപ്പിന്റെ തലവൻ യെവ്ഗേനി പ്രിഗോഷിന്റെ (YEVGENY PRIGOZHIN) നേതൃത്വത്തിലാണ് കലാപം അരങ്ങേറിയത്.

### വാഗ്നർ ഗ്രൂപ്പ് (WAGNER GROUP)

2014ലാണ് പ്രിഗോഷിന്റെ നേതൃത്വത്തിൽ വാഗ്നർ ഗ്രൂപ്പ് സ്ഥാപിതമാകുന്നത്. 100 കൂലിപ്പടയാളികളുമായി തുടങ്ങിയ പ്രസ്ഥാനത്തിൽ ഇപ്പോൾ 50,000ലധികം പേർ പല രാജ്യങ്ങളിലായി പണിയെടുക്കുന്നുണ്ട്. വാഗ്നർ ഗ്രൂപ്പ് അവരുടെ കൂലിപ്പടയാളികളെ കൂടുതലായും കണ്ടെത്തുന്നത് ജയിലുകളിലെ തടവുകാരിൽ



നിന്നുമാണ്. വാഗ്നറിന്റെ പടയാളികളിൽ എൺപത് ശതമാനവും ജയിലിൽ അടയ്ക്കപ്പെട്ട കുറ്റവാളികളാണ്.

വാഗ്നർ ഗ്രൂപ്പ് തലവൻ പ്രിഗോഷിൻ റഷ്യയിലെ ജയിലുകളിൽ പോയി തടവുകാരുമായി സംസാരിക്കുന്ന ഒരു വീഡിയോ പുറത്തുവന്നിരുന്നു. 6 മാസത്തോളം നല്ല രീതിയിൽ ഗ്രൂപ്പിൽ ജോലി ചെയ്താൽ ജയിൽ മോചനം വരെ വാഗ്ദാനം ചെയ്യപ്പെടുന്നുണ്ട്. ഏതെങ്കിലും തരത്തിൽ ജോലിയിൽ വീഴ്ച വരുത്തുകയോ യുദ്ധരംഗത്തുനിന്നോ മറ്റ് തൊഴിലിടങ്ങളിൽ നിന്നോ രക്ഷപ്പെടാൻ ശ്രമിച്ചാൽ വെടിവെച്ച് കൊല്ലുകയും ചെയ്യും എന്ന രീതിയാണ് വാഗ്നർ അവലംബിച്ചുവരുന്നത്.

മറ്റൊരു രസകരമായ വിഷയം, വാഗ്നർ ഗ്രൂപ്പ് തലവനായ പ്രിഗോഷിൻ തന്നെ ഒരു ക്രിമിനലായിരുന്നു എന്നതാണ്. പ്രസിഡന്റ് പുടിന്റെ ഹോം ടൗണായ സെന്റ് പീറ്റേഴ്സ്ബർഗ് ദേശക്കാരനാണ് പ്രിഗോഷിൻ. 1979ൽ പതിനെട്ടാമത്തെ വയസ്സിൽ മോഷണക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെടുകയുണ്ടായി. രണ്ടരവർഷം ജയിലിൽ കഴിഞ്ഞു. പുറത്തിറങ്ങിയ ശേഷം മോഷണത്തിനും കൊള്ളയ്ക്കും വീണ്ടും പതിമൂന്ന് വർഷത്തേക്ക് ശിക്ഷിക്കപ്പെട്ടു. 9 വർഷത്തിനുശേഷം ജയിലിൽ നിന്നും മോചനം നേടി. ജയിലിൽ നിന്നും മോചനം നേടിയ ശേഷം പല വ്യാപാര സ്ഥാപനങ്ങളിലും ജോലിചെയ്തു. ഹോട്ട് ഡോഗ് (ബർഗർ) വിൽക്കുന്ന ജോലിയും ചെയ്തു. ഹോട്ട് ഡോഗ് കച്ചവടത്തിൽനിന്നും കോൺകോർഡ് എന്നപേരിൽ ഭക്ഷണവിതരണ ശൃംഖല തന്നെ സ്ഥാപിക്കുന്നതിലേക്ക് പ്രിഗോഷിൻ എത്തി. ക്രെംലിൻ കൊട്ടാരത്തിലെ ഭക്ഷണവിതരണവും പ്രിഗോഷിന്റെ കൈകളിലെത്തി. അതുവഴി പുടിനുമായി നല്ല ബന്ധം സ്ഥാപിക്കുകയും ചെയ്തു. പുടിന്റെ ഷെഫ് എന്നാണ് പ്രിഗോഷിൻ അറിയപ്പെടുന്നത് തന്നെ.

തന്റെ ബിസിനസ്സ് 2014ഓടെ പ്രിഗോഷിൻ അടുത്ത ഘട്ടത്തിലേക്ക് എത്തിച്ചു. ഒരു സ്വകാര്യ സൈനിക കമ്പനി തന്നെ സ്ഥാപിച്ചു. തുടർന്ന് 2014ലെ ക്രിമിയ യുദ്ധത്തിൽ പ്രിഗോഷിന്റെ സൈന്യം പ്രധാന പങ്ക് വഹിക്കുകയും ചെയ്തു. 2022 ഫെബ്രുവരിയിൽ ആരംഭിച്ച യുക്രൈൻ യുദ്ധത്തിൽ സുപ്രധാന പങ്കാണ് പ്രിഗോഷിൻ വഹിച്ചുവരുന്നത്. 2014ന് ശേഷം അന്തർദേശീയ തലത്തിൽ നടന്ന പല സംഘർഷങ്ങളിലും വാഗ്നർ ഗ്രൂപ്പ് പ്രധാനപ്പെട്ട പങ്ക് വഹിക്കുകയുണ്ടായി. സിറിയൻ യുദ്ധത്തിലും ആഭ്യന്തര കലാപങ്ങളിലും പ്രസിഡന്റ് ബാഷർ അൽ അസദിന് അനുകൂലമായ രീതിയിൽ വാഗ്നർ ഗ്രൂപ്പ് ഇടപെട്ടിരുന്നു. 2016ൽ ലിബിയൻ ആഭ്യന്തര കലാപത്തിൽ ജനറൽ ഖലീഫ ഹഫ്താറിനെ അനുകൂലിക്കുന്ന ഗ്രൂപ്പിനോട് ചേർന്ന് പ്രവർത്തിക്കുകയുണ്ടായി. 2017ൽ സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്കിലെ ഡയമണ്ട് ഖനികൾ സംരക്ഷിക്കുന്നതിനും വാഗ്നർ ഗ്രൂപ്പിനെ ഉപയോഗിക്കുകയുണ്ടായി. 2021ൽ ആഫ്രിക്കൻ രാജ്യമായ റിപ്പബ്ലിക്ക് ഓഫ് മാലി വെസ്റ്റ് ആഫ്രിക്കയിലെ ഇസ്ലാമിക് മിലിറ്റന്റ്സിനെ നേരിടാൻ വാഗ്നർ ഗ്രൂപ്പിനെ ഉപയോഗിക്കുകയുണ്ടായി. ലോകത്തെ പല സംഘർഷമേഖലകളിലായി റഷ്യയ്ക്ക് പുറത്ത് അയ്യായിരത്തിലധികം കൂലിപ്പട്ടാളക്കാരെ വാഗ്നർ ഗ്രൂപ്പ് നിയോഗിച്ചിട്ടുണ്ട്. ദേശസ്നേഹപരമായ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു കമ്പനി എന്ന നിലയ്ക്കാണ് ഇപ്പോൾ വാഗ്നർ ഗ്രൂപ്പ് റഷ്യൻ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നത്. റഷ്യയിലെ വിവിധ നഗരങ്ങളിൽ നിന്നും കൂലിപ്പടയാളികളെ റിക്രൂട്ട് ചെയ്യാൻ ഈ രൂപത്തിലുള്ള പരസ്യ ബോർഡുകൾ തന്നെ വാഗ്നർ സ്ഥാപിച്ചിട്ടുണ്ട്.

## മറ്റ് രാജ്യങ്ങളിലെ കൂലിപ്പടയാളികൾ

സ്വകാര്യ സൈന്യവും കൂലിപ്പടയാളികളും റഷ്യയിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രതിഭാസമല്ല. മധ്യപൂർവ്വേഷ്യയിലെ സംഘർഷങ്ങളിലും ആ പ്രദേശത്തെ ഇടപെടലിനും അഫ്ഗാനിസ്ഥാനിലും ഉൾപ്പെടെ മറ്റ് പല രാജ്യങ്ങളിലും അമേരിക്കയുടെ സൈനികനീക്കത്തിലെ ഒരു പ്രധാന കണ്ണിയാണ് സ്വകാര്യ സൈന്യം. അഫ്ഗാനിസ്ഥാനിൽ പലപ്പോഴും സൈന്യത്തിന്റെയും പോലീസിന്റെയും കടമകൾ നിർവ്വഹിച്ചിരുന്നത് സ്വകാര്യസൈന്യമാണ്. അമേരിക്കൻ ഗവൺമെന്റ് മാത്രമല്ല, അമേരിക്കയിലെ സ്വകാര്യ കമ്പനികളും അവരുടെ മധ്യപൂർവ്വേഷ്യയിലെ എണ്ണക്കമ്പനികൾ സംരക്ഷിക്കാനും സ്വകാര്യ സൈന്യത്തെ ഉപയോഗിക്കുന്നുണ്ട്.

## അക്കാഡമി (ACADEMI)

അമേരിക്ക കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സ്വകാര്യ സൈനിക കമ്പനിയാണ് അക്കാഡമി. മുമ്പ് ബ്ലാക്ക് വാട്ടർ എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. 1997ൽ കമാൻഡോ എറിക് പ്രിൻസും ഷൂട്ടിംഗ് ട്രെയിനറായിരുന്ന ആൽഫ്രഡ് ക്ലാർക്കും ചേർന്ന് രൂപീകരിച്ച കമ്പനിയാണ് ബ്ലാക്ക് വാട്ടർ. ഈ കമ്പനിയുടെ കൂലിപ്പടയാളികൾ അഫ്ഗാനിസ്ഥാനിലെ സൈനിക നീക്കങ്ങളിൽ വലിയ പങ്ക് വഹിച്ചിരുന്നു. ബ്ലാക്ക് വാട്ടറിന്റെ പങ്കാളിത്തം സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും അമേരിക്കൻ സർക്കാർ പുറത്തുവിടാറില്ല. 2003ൽ ഇറാഖിലെ സംഘർഷങ്ങളിൽ അതിപ്രധാന പങ്കാണ് ബ്ലാക്ക് വാട്ടർ വഹിച്ചത്. ഇറാഖിലെ ലോക്കൽ പോലീസിനെയും ആർമി യൂണിറ്റ്സിനെയും ട്രെയിൻ ചെയ്യാൻ വേണ്ടി ഔദ്യോഗികമായി തന്നെ ബ്ലാക്ക് വാട്ടറിനെ ഉപയോഗിച്ചിരുന്നു. ഇറാഖ് സംഘർഷത്തിൽ ബ്ലാക്ക് വാട്ട

റിന്റെ അനേകം പടയാളികൾ മരണമടയുകയും ചെയ്തതായി റിപ്പോർട്ടുണ്ട്.

ബ്ലാക്ക് വാട്ടറിന് അമേരിക്കയിലും അമേരിക്കയ്ക്ക് പുറത്തുമായി പടയാളികളെ ട്രെയിൻ ചെയ്യാൻ വേണ്ടി അനേകം കേന്ദ്രങ്ങളുണ്ട്. 40,000 ഓളം കൂലിപ്പടയാളികൾക്ക് ബ്ലാക്ക് വാട്ടർ ഓരോ വർഷവും പരിശീലനം നൽകുന്നുണ്ട്. ബ്ലാക്ക് വാട്ടറിന്റെ പ്രധാന വരുമാന മാർഗ്ഗം അമേരിക്കൻ സർക്കാരുമായുള്ള കരാറുകളിൽ നിന്നുതന്നെയാണ്. അമേരിക്ക ബ്ലാക്ക് വാട്ടറിന്റെ ഒരു കൂലിപ്പടയാളിക്കായി 1200 ഡോളർ ഒരുദിവസത്തേക്ക് ചെലവാക്കുമ്പോൾ ഒരു യഥാർത്ഥ അമേരിക്കൻ പട്ടാളക്കാരന് വേണ്ടി ഒരു ദിവസത്തേക്ക് ചെലവാക്കുന്നത് 150 മുതൽ 190 ഡോളർ മാത്രമാണെന്നാണ് പുറത്തുവന്ന ചില കണക്കുകൾ പറയുന്നത്.

ഇറാഖിലെ നരഹത്യയിൽ ബ്ലാക്ക് വാട്ടർ വലിയ പങ്കാണ് വഹിച്ചത്. ഇറാഖിലെ യുദ്ധത്തിനിടയിൽ വലിയ തോതിൽ കള്ളക്കടത്തും ബ്ലാക്ക് വാട്ടർ നടത്തി. അമേരിക്കൻ പട്ടാളത്തിന്റെ ആയുധങ്ങൾ തന്നെ പലപ്പോഴും വലിയ തോതിൽ ബ്ലാക്ക് വാട്ടറിന്റെ കയ്യിലെത്തുകയും അവർ അത് സ്വന്തം ആവശ്യത്തിനും കച്ചവടത്തിനുമായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലാക്ക് വാട്ടറിന് ഇന്നിപ്പോൾ ലോകത്ത് പല രാജ്യങ്ങളിലെയും സൈന്യത്തിന് തന്നെ പരിശീലനം കൊടുക്കുന്ന ഒരു കമ്പനിയായി മാറിയിട്ടുണ്ട്. അസർബൈജാൻ, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളെല്ലാം ബ്ലാക്ക് വാട്ടറിന്റെ സേവനം ഉപയോഗിക്കുന്നുണ്ട്. ബ്ലാക്ക് വാട്ടർ എയർഷിപ്പുകൾ, ഡ്രോണുകൾ എന്നിവ ഡിസൈൻ ചെയ്യുകയും ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. ചെറു സായുധവാഹന രൂപകൽപ്പനയിലും നിർമ്മാണത്തിലും ബ്ലാക്ക് വാട്ടർ പങ്ക് വഹിക്കുന്നുണ്ട്. കമ്പനിയുടെ ഔദ്യോഗിക വെബ് സൈറ്റ് പ്രകാരം സെക്യൂരിറ്റി സർവ്വീസുകൾ, ട്രാൻസ്പോർട്ടേഷൻ സർവ്വീസുകൾ, സൈനിക സഹായം, ദുരന്തബാധിത പ്രദേശങ്ങളിലെ ക്രമസമാധാന പാലനം തുടങ്ങി പോലീസും പട്ടാളവും ചെയ്യേണ്ട അനേകം ജോലികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്.

## ജി 4 എസ് (G4S)

ജി4 എസ് ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ സ്വകാര്യ സെക്യൂരിറ്റി കമ്പനിയാണ്. യു.കെ ആസ്ഥാനമായാണ് ഈ കമ്പനി പ്രവർത്തിക്കുന്നത്. ആറര ലക്ഷത്തിലധികം പേർ ജി4എസിൽ ജോലിചെയ്യുന്നു. 125 രാജ്യങ്ങളിൽ കമ്പനിയുടെ സാന്നിദ്ധ്യമുണ്ട്. ലോകത്തെ പല ചെറിയ സെക്യൂരിറ്റി കമ്പനികളെയും ഇവർ വിലയ്ക്ക് വാങ്ങിയിട്ടുണ്ട്.

FDG Corp, Dyne Corp, MRPI, AEGIS Defence Services, Erinys International, North Bridge Service Group തുടങ്ങി പല പ്രധാനപ്പെട്ട പ്രൈവറ്റ് സെക്യൂരിറ്റി കമ്പനികളും യൂറോപ്പും അമേരിക്കയും മറ്റ് ചില രാജ്യങ്ങളും ആസ്ഥാനമാക്കി പ്രവർത്തിക്കുന്നുണ്ട്. പ്രൈവറ്റ് സെക്യൂരിറ്റി കമ്പനികൾ പുതിയ പ്രതിഭാസമല്ലെങ്കിലും അടുത്തകാലത്തായി അവരുടെ പ്രവർത്തനം വളരെ വലിയ രീതിയിൽ വികസിക്കുകയുണ്ടായി. യുദ്ധത്തിൽ വ്യാപകമായി പ്രൈവറ്റ് സെക്യൂരിറ്റി കമ്പനിയെ ഉപയോഗിച്ച് തുടങ്ങിയ അമേരിക്ക ഇറാഖിലെയും അഫ്ഗാനിസ്ഥാനിലെയും സിറിയയിലെയും ഒക്കെ ഇടപെടലിനായി കൂലിപ്പടയാളികളെ ഉപയോഗിച്ചു.

ആദ്യകാലത്ത് പരിശീലനം സിദ്ധിച്ച ദേശീയ സൈന്യത്തിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന പടയാളികളെയാണ് സ്വകാര്യ കമ്പനികൾ ഉപയോഗിച്ചുവന്നത്. എന്നാൽ പിന്നീട് യാതൊരു പരിശീലനവുമില്ലാത്ത സിവിലിയൻസിനെയും തടവിലാക്കപ്പെട്ട ക്രിമിനലുകളെയും ഉപയോഗിക്കുന്ന രീതി തുടങ്ങി. ക്രിമിനലുകളെ വളരെ കുറഞ്ഞ കൂലിയ്ക്ക് ലഭിക്കും എന്നതാണ് നേട്ടം. ഇത്തരത്തിൽ നിയമിക്കപ്പെടുന്ന ക്രിമിനൽ പശ്ചാത്തലമുള്ള കൂലിപ്പട്ടാളക്കാർ യുദ്ധമുന്നണിയിൽ സാധാരണ ജനങ്ങളെ ആക്രമിക്കുകയും കൊല്ലുകയും ചെയ്ത നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

നവലിബറൽ കാലഘട്ടത്തിൽ എല്ലാം സ്വകാര്യവൽക്കരിച്ചതിന്റെ ഭാഗമായി സ്വകാര്യ സെക്യൂരിറ്റി കമ്പനികൾ യുദ്ധരംഗത്തും ഇതര സുരക്ഷാ ആവശ്യങ്ങൾക്കും വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. സ്വകാര്യ കമ്പനികളെ ഉപയോഗിക്കുന്നതുവഴി ദേശീയ ഗവൺമെന്റുകൾക്ക് പലതരത്തിലുള്ള ഗുണമുണ്ട്. യുദ്ധത്തിൽ സൈനികർ മരണപ്പെടുന്നതിന്റെ എണ്ണം എല്ലാ രാജ്യങ്ങളിലും വലിയ വിഷയമായി ചർച്ച ചെയ്യാറുണ്ട്. സ്വകാര്യ കമ്പനികളാകുമ്പോൾ മരണപ്പെടുന്നവരുടെ എണ്ണം രഹസ്യമായി സൂക്ഷിക്കാൻ കഴിയുമെന്ന് മാത്രമല്ല, പട്ടാളക്കാരുടെ മരണം പോലെയുള്ള വികാരം അതുണ്ടാക്കാറുമില്ല. ദേശീയ സർക്കാരുകൾക്ക് യുദ്ധകുറ്റങ്ങളിൽ നിന്ന് കൈകഴുകാനും സാധിക്കും. യുദ്ധചെലവുകൾ കുറയ്ക്കാൻ കഴിയും എന്ന വാദമുണ്ടെങ്കിലും അത് പലപ്പോഴും ശരിയല്ല. സ്വകാര്യവൽക്കരണം ഒരു പരിധിയുമില്ലാതെ സൈനികരംഗത്തേക്കും കടന്നാൽ വരുന്ന ഗുരുതരമായ വിഷയം വാഗ്നർ ഗ്രൂപ്പ് റഷ്യൻ സർക്കാരിനെതിരെ തന്നെ നടത്തിയ നീക്കത്തിൽ നിന്ന് മനസ്സിലാക്കാം. ഇപ്പോൾ ലഭിക്കുന്ന റിപ്പോർട്ടുകൾ പ്രകാരം റഷ്യൻ പ്രസിഡന്റ് പുടിൻ യെവ്ഗേനി പ്രിഗോഷിനുമായി നേരിട്ട് തന്നെ ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കേണ്ട സ്ഥിതിയിലെത്തി. സ്വകാര്യ സൈന്യത്തെ യുദ്ധരംഗത്തും ഇതര സുരക്ഷാ ആവശ്യങ്ങൾ ഉപയോഗിക്കുന്നത് ഭൂതത്തെ കുടം തുറന്നുവിടുന്ന അവസ്ഥയാണ് സൃഷ്ടിക്കുന്നത്.●



# സമകാലിക ഇൻഡ്യയിലെ സാമ്പത്തിക അസമത്വം



വികാസ് റാവൽ

നമ്മുടെ രാജ്യത്തെ സാമ്പത്തിക അസമത്വത്തിന്റെ ഭീതിദമായ അവസ്ഥയിലേക്കു കടക്കുന്നതിനു മുൻപ് അതിന്റെ പൊതു പശ്ചാത്തലം സൂചിപ്പിക്കാം. അതിന്റെ രൂക്ഷത വേണ്ടത്ര ഗൗരവത്തിൽ മുൻപ് ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. ഈയിടെ നടന്ന വിശദമായ പരിശോധനയിൽ ഇതിന്റെ തീവ്രത ജനശ്രദ്ധയിൽ വന്നിട്ടുണ്ട്. നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ എന്ന സർക്കാരിന്റെ തന്നെ സ്ഥാപനത്തിന് അതിന്റെ തീവ്രത വിളിച്ചു പറയേണ്ടി വന്നിരിക്കുന്നു. പത്തു വർഷത്തിലൊരിക്കൽ ഈ സർവേ സർക്കാർ നടത്തുന്നുണ്ട്. ഇപ്പോൾ സർവേയുടെ പേരു മാറ്റി. ആൾ ഇൻഡ്യാ ഡെറ്റ് (debt) സർവേ എന്ന് നാമകരണം ചെയ്തു. ഈ സർവേയിൽ പ്രധാനമായി കടവും വീടുകളുടെ ആസ്തിയുമാണ് കണക്കിലെടുക്കുന്നത്. ഇതു സംബന്ധിച്ച് ഗ്രാമ പ്രദേശങ്ങളിൽ 2017-18 ൽ നടത്തിയ സർവേ പ്രകാരം ഏറ്റവും മുകളിലുള്ള 10 ശതമാനം പേരുടെ ആസ്തി, ഏറ്റവും താഴെയുള്ള 10 ശതമാനത്തിന്റെ ആസ്തിയുടെ 200 ഇരട്ടിയാണ്. നഗര പ്രദേശങ്ങളിലെ കണക്കു നോക്കിയാൽ ഈ അസമത്വം ഗ്രാമങ്ങളിലേക്കാൾ ഏറെ ഉയർന്നതാണെന്നു കാണാം. അവിടെ സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ള 10 ശതമാനത്തിന്റെ ആസ്തിയുടെ 7500 മടങ്ങാണ് മുകൾ തട്ടിലെ 10 ശതമാനത്തിന്റെ കൈവശമുള്ള ആസ്തി. നഗര പ്രദേശങ്ങളിൽ വൻതോതിൽ ഈ അസമത്വം ഇനിയും കൂടിവരികയാണ്. ഗ്രാമങ്ങളിൽ പകുതി പേർക്കും കൃഷി ഭൂമിയില്ല. 90 ശതമാനം പേർക്കും സ്വന്തം വീടുണ്ട്. നഗരങ്ങളിൽ ഭൂരിപക്ഷത്തിനും വീടില്ല. അവർ ചായ്പുകളിൽ, തിണ്ണകളിൽ, ചേരികളിലൊക്കെയാണ് താമസിക്കുന്നത്. ഭൂമിയുടെ വിതരണം പരിശോധിച്ചാൽ ഗ്രാമങ്ങളിൽ ഭൂരിപക്ഷത്തിനും സ്വന്തമായി ഭൂമിയില്ലാത്തപ്പോൾ മുകൾ തട്ടിലുള്ളവരിൽ ഭൂമി കേന്ദ്രീകരിച്ചിരിക്കയാണെന്നു കാണാം.

നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NF HS) നിന്ന് രസകരമായ ചില വസ്തുതകൾ വെളിവാക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ കേവലം O. 2 ശതമാനത്തിന്റെ കൈവശം ആളൊന്നിന് 30 ഹെക്ടർ, അതായത് 75 ഏക്കർ ഭൂമിയുണ്ട്. ഇത് മൊത്തം കൃഷി ഭൂമിയുടെ 20 ശതമാനത്തിനുമേൽ വരും.

തോമസ് പിക്കറ്റിയും സംഘവും ചേർന്ന് പ്രസിദ്ധീകരിച്ച ലോക അസമത്വ റിപ്പോർട്ട് ഏറ്റവും അസമത്വമുള്ള രാജ്യമാണ് ഇന്ത്യ എന്ന് ചൂണ്ടിക്കാണിക്കുന്നു. ഇവിടെ ഏറ്റവും മുകൾ തട്ടിലുള്ള ഒരു ശതമാനത്തിന്റെ കൈവശം രാജ്യത്തിന്റെ മൊത്തം ആസ്തിയുടെ 33 ശതമാനമുണ്ട്. ഇത് മൊത്തം ആസ്തിയിൽ കടം ഒഴിവാക്കിയുള്ള കണക്കാണ്. മൊത്തം സ്വത്തിന്റെ മൂന്നിലൊന്ന് അവരുടെ കൈവശമുണ്ട്. ഏറ്റവും മുകളിലുള്ള ഒരു ശതമാനത്തിന്റെ ദേശീയ വരുമാനം 1990ൽ 11 ശതമാനമായിരുന്നത് ഈയിടെ 22 ശതമാനമായി ഉയർന്നു. മുകളിലുള്ള 10 ശതമാനം വ്യക്തികളുടെ കൈവശമാണ് മൊത്തം ദേശീയ വരുമാനത്തിന്റെ 65 ശതമാനവും . ബാക്കി 35 ശതമാനത്തിന്റെ കൈവശം ദേശീയ ആസ്തിയുടെ 6 ശതമാനമേയുള്ളു. അവരുടെ വരുമാനം ദേശീയ ആസ്തിയുടെ 13 ശതമാനം മാത്രം. സർക്കാർ, സ്വകാര്യ സർവേകളൊക്കെ ഭൂമിയുടെ ഭീമമായ കേന്ദ്രീകരണം മറച്ചുപിടിക്കയാണ്.

അസമത്വ വർധനവിന്റെ ഈ പ്രവണത ലോകത്താകെ കാണാം. ഓരോ രാജ്യത്തും അതിസമ്പന്നർ അതാതു രാജ്യത്തെ സമ്പത്തിന്റെ ഏറിയ പങ്കും കൈവശപ്പെടുത്തുന്ന രീതി വർധിച്ചു വരികയാണെന്ന സസ്തുത ലോക അസമത്വ റിപ്പോർട്ടും ചൂണ്ടിക്കാണിക്കുന്നുണ്ട്. 1990 കളുടെ മധ്യത്തോടെ മുകളിലുള്ള ഒരു ശതമാനം സമ്പത്തിന്റെ 38 ശതമാനവും കൈവശപ്പെടുത്തി. ഇതേ കാലയളവിൽ

**തോമസ് പിക്കറ്റിയും സംഘവും ചേർന്ന് പ്രസിദ്ധീകരിച്ച ലോക അസമത്വ റിപ്പോർട്ട് ഏറ്റവും അസമത്വമുള്ള രാജ്യമാണ് ഇന്ത്യ എന്ന് ചൂണ്ടിക്കാണിക്കുന്നു. ഇവിടെ ഏറ്റവും മുകൾ തട്ടിലുള്ള ഒരു ശതമാനത്തിന്റെ കൈവശം രാജ്യത്തിന്റെ മൊത്തം ആസ്തിയുടെ 33 ശതമാനമുണ്ട്. ഇത് മൊത്തം ആസ്തിയിൽ കടം ഒഴിവാക്കിയുള്ള കണക്കാണ്. മൊത്തം സ്വത്തിന്റെ മൂന്നിലൊന്ന് അവരുടെ കൈവശമുണ്ട്.**

ലോകത്തെ 50 ശതമാനത്തിന് ലഭിച്ചത് അതിന്റെ 2 ശതമാനം മാത്രം. ഇതാണ് ലോക സ്ഥിതി.

സാമ്പത്തിക അസമത്വം മൂന്നു തരത്തിൽ കണക്കാക്കാം. ഒന്ന് മൊത്തം ആസ്തിയുടെ അടിസ്ഥാനത്തിൽ. രണ്ട് മൊത്തം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ. മൂന്ന്, ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ. സമ്പത്തിന്റെ അസമത്വവുമായി താരതമ്യം ചെയ്താൽ വരുമാന അസമത്വം കുറവായിരിക്കും. സമ്പത്ത് എന്നത് മുൻപുള്ള സമ്പത്തിനോട് കൂട്ടിച്ചേർത്ത് വർധിച്ച ഒന്നാണ് എന്നതാണ് കാരണം. ഉപഭോഗത്തിനും ഒരു പ്രത്യേകതയുണ്ട്. മൊത്തം വരുമാനത്തിൽ വൻ പങ്ക് കൈവശപ്പെടുത്തുന്ന സമ്പന്നർ അതു മുഴുവൻ ചിലവഴിക്കില്ലല്ലോ. ഇൻഡ്യയിൽ വരുമാനത്തിന്റെ കൃത്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. പണക്കാർ അവരുടെ വരുമാനം കുറച്ചു കാണിക്കുന്ന രീതിയും അതിനൊരു കാരണമാണ്. അത്തരം കൃത്യമായ ഒരു സർവേ ഏറെ പണച്ചിലവുള്ളതുമാണ്. അതിനാൽ ഇൻഡ്യയിൽ ഇതു കണക്കാക്കുന്നത് ഉപഭോഗത്തെ അടിസ്ഥാനമാക്കിയാണ്. രാജ്യത്ത് ഔദ്യോഗിക ഉപഭോഗ സർവേ അവസാനമായി നടന്നത് 2011 ലാണ്. അതിനു ശേഷമുള്ള സ്ഥിതിവിവര കണക്കുകൾ മോഡി സർക്കാർ ശേഖരിച്ചെങ്കിലും പുറത്തുവിട്ടില്ല. 2017-18 ലെ ഈ സർവേ റിപ്പോർട്ട് ചോർന്ന് പുറത്തുവന്നതിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഏറെ ആശങ്കാജനകമാണ്. ഇത് മോഡി സർക്കാരിന്റെ സാമ്പത്തിക നയത്തിന്റെ പാപ്പരത്തം വെളിവാക്കുന്നു. മറ്റെല്ലാ സർവേകളും സെന്റർ ഫോർ മോണിറ്ററിംഗ് ഇൻഡ്യൻ എക്കോണമി (CMIE) നടത്തിയ സ്വകാര്യ സർവേ അടക്കം യഥാർഥ വസ്തുത മറച്ചു വക്കയാണ്. പാവപ്പെട്ടവരെ സംബന്ധിച്ച വസ്തുത മറച്ചുവച്ചും ഏറ്റവും സമ്പന്നരുടെ ഉയർച്ചയിൽ തരാതരം പോലെ കണ്ണടച്ചുമാണ് ഇവർ കണക്കുണ്ടാക്കുന്നത്. CMIE യുടെ കണക്കുപ്രകാരം മുകളിലുള്ള ഒരു ശതമാനത്തിന്റെ കൈവശമുള്ളത് 10 ശതമാനമെന്നും താഴെയുള്ള 50 ശതമാനത്തിനു ലഭിച്ചത് 12/17 ശതമാനമെന്നുമാണ്.

നാം ശ്രദ്ധിക്കേണ്ട മറ്റൊരു പ്രത്യേകത സമ്പത്തിന്റെ അസമത്വം ജാതിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. ഭൂമിയുടെ ഉടമസ്ഥത, വരുമാനം, ആസ്തി, പ്രതിശീർഷ വരുമാനം തുടങ്ങിയ ഘടകങ്ങളിലെല്ലാം സവർണ വിഭാഗങ്ങളേക്കാൾ തീരെ താഴ്ന്ന സ്ഥിതിയിലാണ് ദളിതർ, ആദിവാസികൾ, മുസ്ലീങ്ങൾ തുടങ്ങിയവർ. അനിഷേധ്യമായ ഈ വസ്തുത സർവേ റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാണ്. ഈ അസമത്വം, ഈ വൈജാത്യം ഇവർക്ക് ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, വീട്, ടോയിലറ്റ് സൗകര്യം, കുടിവെള്ളം തുടങ്ങിയവയിലെല്ലാം കാണാം.

ഈ വിഭാഗങ്ങളുടെയാകെ കൈവശമുള്ള ശരാശരി ആസ്തി ഒന്നുകൂടി സൂക്ഷ്മമായി നോക്കിയാൽ പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങളുടെ കൈവശം മറ്റു വിഭാഗങ്ങൾക്കുള്ളതിലും താഴെയാണ്. അവർക്കിടയിൽ തന്നെ വ്യത്യസ്ത തലത്തിലുള്ള അസമത്വം നിലനിൽക്കുന്നുമുണ്ട്.

സവർണ വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പട്ടികജാതി, പട്ടികവർഗ, മുസ്ലിം വിഭാഗത്തിന്റെ പങ്കിൽ 20 ശതമാനത്തിന്റെ കുറവുണ്ട്. അടിസ്ഥാനപരമായി ഉപഭോഗം വരുമാനം ആസ്തി തുടങ്ങിയവയെല്ലാം വിരൽ ചൂണ്ടുന്നത് ജാതി അസമത്വത്തിലേക്കാണ്.

മറ്റൊന്ന് ലിംഗപരമായ അസമത്വമാണ്. ഉൽപാദന ഉപാധികളുടെ ഉടമസ്ഥത, വരുമാനം, സ്ഥിര ശമ്പളം, വിദ്യാഭ്യാസം, സാമൂഹ്യപദവി എന്നിവയിലെല്ലാം ഈ അസമത്വം പ്രതിഫലിക്കുന്നു. ഗ്രാമീണ ഇൻഡ്യയിൽ സ്ത്രീകളുടെ ജോലി പ്രധാനമായും കേന്ദ്രീകരിച്ചിട്ടുള്ളത് കൃഷിയിലും അതിന് അനുബന്ധമായ കാര്യങ്ങളിലുമാണ്. വേൾഡ് എക്കണോമിക് റിപ്പോർട്ട് പ്രകാരം ഇൻഡ്യയിലെ മൊത്തം തൊഴിൽ വരുമാനത്തിൽ സ്ത്രീകളുടെ പങ്ക് കേവലം 18 ശതമാനമാണ്. ഇത് ലോക രാജ്യങ്ങളിൽ ഏറ്റവും താഴ്ന്ന നിരക്കാണ്. കാർഷിക ഭൂമിയിൽ സ്ത്രീകളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥതയാകട്ടെ വെറും 10 ശതമാനമാണ്. അതു തന്നെ ഒറ്റയ്ക്കും ഒന്നിലധികം പേർ ചേർന്നുമുള്ള കണക്കാണ്. കോവിഡ് കാലത്ത് മറ്റു രാജ്യങ്ങളിലെന്നപോലെ ഇൻഡ്യയിലും സ്ത്രീകൾക്കിടയിലുള്ള വരുമാനത്തിലെ അസമത്വം പിന്നെയും രൂക്ഷമായി. 2020 മാർച്ച് മുതൽ 2021 നവംബർ വരെയുള്ള കോവിഡ് കാലത്ത് ബില്ല്യണർമാരുടെ വരുമാനം 23 ലക്ഷം കോടിയിൽ നിന്ന് 53 ലക്ഷം കോടിയിലേക്ക് (300 to 700 ബില്യൺ ) ഉയർന്നു എന്ന് ഓക്സ് ഫാം ഇൻഡ്യാ റിപ്പോർട്ട് രേഖപ്പെടുത്തുന്നു. ഗ്രാമങ്ങളിലെ അസമത്വം ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്നത് ഉൽ പാദന ഉപാധികളിൻ മേലുള്ള ഉടമസ്ഥതയാണ്. അവയുടെ നിയന്ത്രണം ഭൂപ്രഭുക്കളുടെയും വൻ കോർപ്പറേറ്റുകളുടെയും കയ്യിലാണ്. സാമ്പത്തികമായി ഉയർന്ന ഒരു വിഭാഗത്തിന്റെ കൈവശം അനിതരസാധാരണമായ നിലയിൽ അത് കുമിഞ്ഞുകൂടി . അത് വർധിച്ചു കൊണ്ടേയിരിക്കുന്നു. മാത്രമല്ല അവർ ആ സമ്പത്ത് വിവിധ മേഖലകളിൽ നിക്ഷേപിക്കയാണ്. കാർഷിക ചന്തകൾ അവർ നിയന്ത്രിക്കുന്നു. നഗരത്തിലെ റിയൽ എസ്റ്റേറ്റ് ബിസിനസ് അവർ കൈകാര്യം ചെയ്യുന്നു. ഗതാഗത മേഖല അവരുടെ നിയന്ത്രണത്തിലാണ്. അഗ്രോ പ്രോസസിംഗ് വ്യവസായം മറ്റൊരു മേഖലയാണ്. ഗ്രാമീണ മേഖലയിൽ ആധിപത്യം നിലനിർത്തുന്നതിനൊപ്പം നഗര മേഖലയിലും അവർ ചുവടുറപ്പിക്കുന്നു. കൈവശപ്പെടുത്തുന്ന നഗരത്തിലെ ആസ്തിയിൽ ചെറുതല്ലാത്ത പങ്ക് ഉൽപാദനപരമല്ലാത്ത ആസ്തികളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രധാനമായും റിയൽ എസ്റ്റേറ്റ്.

## എന്താണ് ഈ സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നത്?

1. അമിതോൽപാദനവും ഡിമാന്റും സൃഷ്ടിക്കുന്ന പ്രതിസന്ധി . പണക്കാർ വരുമാനത്തിന്റെ ഏറിയ പങ്കും കൈവശപ്പെടുത്തുന്നതിനാൽ ചിലവഴിക്കാൻ ഭൂരിപക്ഷത്തിന്റെ പക്കൽ പണമില്ലാത്ത അവസ്ഥ. സാമ്പത്തിക അസമത്വം അതുമൂലം പിന്നെയും തീവ്രമാകുന്നു.
2. മുതലാളിത്ത വ്യവസ്ഥ നിലനിർത്താനും പ്രതിസന്ധികളെ ഏതെങ്കിലും മാർഗമുപയോഗിച്ച് മറികടക്കാനും മുതലാളിത്തത്തിന് കഴിയുന്നുണ്ട്. ഈ വ്യവസ്ഥ മുന്നോട്ടു പോക്കിന് തടസമായി മാറുന്നതിന്റെ അനുഭവ ചരിത്രവും നമ്മുടെ മുന്നിലുണ്ട്.

കണക്ക് നിരത്തി ബഹുഭൂരിപക്ഷത്തിന് ദുരിതം മാത്രം പ്രദാനം ചെയ്യുന്ന സാമ്പത്തിക അസമത്വം എങ്ങനെയൊക്കെയാണ് വളർച്ചയുടെ പങ്ക് പാവപ്പെട്ടവർക്ക് നിഷേധിക്കുന്നത് എന്ന് പ്രചരിപ്പിച്ചതു കൊണ്ടു മാത്രമായില്ല. ഇതിൽ ഇടപെട്ട് എത്ര കണ്ട് ബദൽ നയങ്ങളിലൂടെ ഈ അസമത്വം കുറച്ചു കൊണ്ടുവരാൻ കഴിയും എന്ന ചിന്തയും നടപടിയുമാണ് വേണ്ടത്. അതുകൊണ്ടാണ് നാം ഈ വ്യവസ്ഥയ്ക്കുള്ളിൽനിന്ന് പരിമിതമെങ്കിലും ആശ്വാസമെത്തിക്കാൻ പരിശ്രമിക്കുന്നത്. അതിനുള്ള നിർദേശങ്ങളിലൊന്നാണ് സ്വത്തിന് മേൽ നികുതി ചുമത്തണമെന്ന ആവശ്യം. ഈ ഡിമാന്റിനു പിന്നിൽ ജനങ്ങളെ അണിനിരത്താനും അതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താനും കഴിയേണ്ടതാണ്. എന്നാൽ, വ്യവസ്ഥ മാറാത്തിടത്തോളം വിപ്ലവപരമായ ഒരു മാറ്റവും സാധ്യമല്ല എന്ന ധാരണ അതിനൊപ്പം അവർക്ക് പകർന്നു നൽകി പ്രതിരോധം ശക്തിപ്പെടുത്തുകയും വേണം●

**കണക്ക് നിരത്തി ബഹുഭൂരി പക്ഷത്തിന് ദുരിതം മാത്രം പ്രദാനം ചെയ്യുന്ന സാമ്പത്തിക അസമത്വം എങ്ങനെയൊക്കെ യാണ് വളർച്ചയുടെ പങ്ക് പാവ പ്പെട്ടവർക്ക് നിഷേധിക്കുന്നത് എന്ന് പ്രചരിപ്പിച്ചതു കൊണ്ടു മാത്രമായില്ല. ഇതിൽ ഇടപെട്ട് എത്ര കണ്ട് ബദൽ നയങ്ങളി ലൂടെ ഈ അസമത്വം കുറച്ചു കൊണ്ടുവരാൻ കഴിയും എന്ന ചിന്തയും നടപടിയുമാണ് വേണ്ടത്.**

# ഉക്രൈനിലെ നാറ്റോ റഷ്യൻ യുദ്ധം

**ഇന്ത്യയും ചൈനയും യുദ്ധത്തെ പിന്തുണയ്ക്കാത്തത് യുദ്ധം റഷ്യയും ഉക്രൈനും തമ്മിലല്ല, വാസ്തവത്തിൽ റഷ്യയും നാറ്റോയും തമ്മിലായതുകൊണ്ടാണ്. ഇതുപോലുള്ള നിലയ്ക്കാത്ത യുദ്ധങ്ങൾ സമാധാന ഉടമ്പടിയിൽ മാത്രമേ അവസാനിക്കൂ. വാസ്തവത്തിൽ നാറ്റോയാണ് ഉക്രൈനിന്റെ കൂടുതൽ നാശത്തിന് കാരണമെന്ന് എന്ന് മനസ്സിലാക്കണം. റഷ്യയും ഉക്രൈനും സമാധാന പ്രക്രിയയിൽ വീണ്ടും പ്രവേശിക്കുക എന്നതാണ് സമാധാനത്തിനുള്ള ന്യായമായ പോംവഴി. റഷ്യയെ ദുർബലമാക്കുക എന്ന നാറ്റോയുടെ തന്ത്രങ്ങളിൽ അവർ വീഴരുത്.**



വിജയ് പ്രഷാദ്

ഈ വർഷത്തിന്റെ ആദ്യപകുതിയിൽ ഉക്രൈൻ പ്രസിഡന്റ് വൊലോദിമിർ സെലൻസ്കി പതിനൊന്ന് രാജ്യങ്ങളിലേക്ക് യാത്ര ചെയ്തു. അതിൽ രണ്ടു രാജ്യങ്ങളിലേക്ക് രണ്ടു തവണ യാത്ര പോയി; ഫ്രാൻസിലേക്കും ബ്രിട്ടണിലേക്കും. 2022ൽ സെലൻസ്കി വെറും മൂന്നു രാജ്യങ്ങളാണ് സന്ദർശിച്ചത്, ജർമനിയും പോളണ്ടും അമേരിക്കയും. ഈ വർഷത്തെ യാത്രകൾക്ക് തുടക്കമിട്ടത് ബ്രിട്ടൺ സന്ദർശനത്തോടെയാണ്. പൊതുവെ തണുപ്പൻ മട്ടിൽ സെലൻസ്കിയെ സമീപിക്കാറുള്ള പ്രദേശമാണ് ഗ്ലോബൽ സൗത്ത്(ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക, ഓഷ്യാനിയ വൻകരകളിലെ രാജ്യങ്ങൾ). എന്നാൽ, അറബ് ലീഗ് ഉച്ചകോടിയുടെ വികാരം സെലൻസ്കിക്ക് ലഭിച്ച സ്വീകരണത്തിന്റെ ഊഷ്മളതയുടെ പ്രതീകമായി.

സൗദി അറേബ്യ ജിദ്ദയിൽ, സെലൻസ്കി സാമ്രാജ്യത്വത്തിന്റെയും കൊളോണിയലിസത്തിന്റെയും ഭാഷ ആവാഹിക്കാൻ ശ്രമിച്ചു, യുദ്ധത്തിന് നേരെ 'കണ്ണടയ്ക്കരുതെന്ന്' അറബ് രാജ്യങ്ങളോട് യാചിക്കുകയും ചെയ്തു. സിറിയൻ പ്രസിഡന്റ് ബാഷർ അൽഅസാദിനെ അട്ടിമറിക്കാനുള്ള ശ്രമം പരാജയപ്പെട്ടതിനെത്തുടർന്ന് അദ്ദേഹത്തെ തിരികെ സ്വാഗതം ചെയ്ത നേതാക്കളുടേത് പതറാത്ത പ്രതികരണമായിരുന്നു. ആയുധങ്ങളും നയതന്ത്ര പിന്തുണയും വാഗ്ദാനം ചെയ്യുന്നതിനു പകരം അറബ് നേതാക്കൾ ഗ്ലോബൽ സൗത്തിന്റെ പൊതുവികാരത്തിന് അനുസൃതമായി സെലൻസ്കിയെ യുദ്ധം അവസാനിപ്പിക്കാൻ സമാധാന പ്രക്രിയയിൽ പ്രവേശിക്കാൻ സെലൻസ്കിയോട് ആവശ്യപ്പെടുകയായിരുന്നു.

## ഉക്രൈൻ നാറ്റോയിൽ അംഗമാകുമോ?

ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ മെയ് 31ന് സ്ലോവാക്യയിലെ ചിസിനാവുയിൽ ഗ്ലോബ്സെക് സമ്മേളനത്തെ അഭിസംബോധന ചെയ്യവെ, ഉക്രൈന് നാറ്റോ അംഗത്വത്തിന് വഴിയൊരുക്കുന്നതിനെ തന്റെ രാജ്യം എതിർക്കില്ലെന്ന് പറഞ്ഞിരുന്നു. നാറ്റോയ്ക്ക് മസ്തിഷ്ക മരണം സംഭവിച്ചെന്ന് 2019ൽ മാക്രോൺ പറഞ്ഞിരുന്നു. 2022 മാഡ്രിഡിൽ നടന്ന നാറ്റോ ഉച്ചകോടിയിൽ വച്ച് ഉക്രൈന് നാറ്റോ അംഗത്വം നൽകരുതെന്ന് ജർമനിയോടൊപ്പം ചേർന്ന് മാക്രോൺ ആവശ്യപ്പെട്ടിരുന്നു. ഈ രണ്ടു പ്രസ്താവനയിൽനിന്നുമുള്ള ഒരു തിരിച്ചുപോക്കാണ് ഇപ്പോൾ കാണുന്നത്. ലിത്വാനിയയിലെ വിൽന്യൂസിൽ അടുത്ത മാസം നടക്കുന്ന നാറ്റോ ഉച്ചകോടിയിൽ മതി ഉക്രൈന്റെ അംഗത്വകാര്യത്തിലുള്ള ചർച്ച എന്നു പറഞ്ഞ മാക്രോണിന്റെ സുപ്രധാന ചുവടുമാറ്റമാണിത്. ഉക്രൈന്റെ അംഗത്വ വിഷയം ചർച്ചയ്ക്കെടുത്തില്ലെങ്കിൽ ഈ ഉച്ചകോടിയിൽ പങ്കെടുക്കില്ലെന്നാണ് സെലൻസ്കിയുടെ നിലപാട്.

ഒരു വർഷമായി ഉക്രൈന്റെ നാറ്റോ പ്രവേശനത്തെ ജർമനിയും ഫ്രാൻസും പല കാരണങ്ങൾ കൊണ്ട് എതിർക്കുകയായിരുന്നു. അത്തരമൊരു നടപടി യൂറോപ്പ് മുന്നോട്ടുവയ്ക്കുന്ന റഷ്യയുമായുള്ള സമാധാന ശ്രമങ്ങൾക്കുള്ള സാധ്യത അടയ്ക്കുമെന്നതാണ് എതിർപ്പിനുള്ള ഒരു കാരണം. ആഴ്ചകൾക്കുശേഷം ഓസ്ലോയിൽ നടന്ന നാറ്റോ മന്ത്രിതല സമ്മേളനത്തിൽ ജർമൻ വിദേശമന്ത്രി അന്നാലെന ബെയർബോക്ക് പറഞ്ഞത് 'തുറന്ന വാതിൽനയം' തന്നെയാണ് നാറ്റോ തുടരുന്നതെങ്കിലും അതേസമയം പുതിയ അംഗങ്ങളെ ഒരു യുദ്ധകാലത്ത് ഈ സഖ്യത്തിൽ ചേർക്കുന്ന കാര്യം ചർച്ച ചെയ്യാനാവില്ലെന്ന കാര്യം വ്യക്തമാണെന്നുമാണ്. ജൂൺ ഒന്നിന് മോൾഡോവയിലെ ബുൾബോക്കയിൽ നടന്ന യൂറോപ്യൻ പൊളിറ്റിക്കൽ കമ്യൂണിറ്റി(ഇപിസി)യുടെ യോഗത്തിൽ സംബന്ധിക്കവെ സെലൻസ്കി പറ

ഞ്ഞത് ഈ വർഷം തീരുമാനങ്ങളുടേതാണെന്നാണ്. 2022ൽ ചെക്കോസ്ലോവാക്യയിലെ പ്രാഗിൽ നടന്ന പ്രഥമ ഇപിസി ഉച്ചകോടി യുദ്ധത്തിൽ ഉക്രൈന് ഐക്യദാർഢ്യം ഉറപ്പാക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കി.

യുദ്ധസമയത്ത് ഉക്രൈനെ നാറ്റോയിൽ ചേരാൻ അനുവദിച്ചാൽ, റഷ്യയ്ക്കെതിരായ ശത്രുതയിൽ നാറ്റോ നേരിട്ട് പങ്കാളിയാകുമെന്ന് അറിയാൻ മാത്രം യാഥാർത്ഥ്യബോധമുള്ളവരാണ് ജർമനിയും അമേരിക്കയും. ഏറ്റുമുട്ടൽ നടക്കുമ്പോൾ അംഗത്വം നൽകുന്നതിൽ മാത്രമാണ് ഇവർക്ക് എതിർപ്പ്.

## നാറ്റോ നിലവിൽ റഷ്യക്കെതിരായ യുദ്ധത്തിൽ ഉണ്ടോ?

റഷ്യയുടെ സൈന്യം ഉക്രൈനേക്കാൾ വളരെ ശക്തമാണെന്ന കാര്യം ഉക്രൈൻ യുദ്ധത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്കെല്ലാം അറിയാം. അതുകൊണ്ടാണ് പാശ്ചാത്യ രാജ്യങ്ങൾ ഉക്രൈൻ സൈനികരെ പരിശീലിപ്പിച്ചും ആയുധം നൽകിയും സേനയെ ശക്തിപ്പെടുത്താൻ താൽപര്യപ്പെടുന്നത്. ഉക്രൈന് 28 രാജ്യങ്ങളിൽനിന്ന് ആയുധവും സൈനിക സാമഗ്രികളും ലഭിക്കുന്നു. അതിൽ 25ഉം നാറ്റോ അംഗരാജ്യങ്ങളാണ്. മിക്കവാറും എല്ലാ യുദ്ധ വാഹനങ്ങളും മിക്കവാറും എല്ലാ വെടിക്കോപ്പുകളും നാറ്റോ രാജ്യങ്ങളിൽ നിന്നാണ് വന്നത്. അമേരിക്ക മാത്രം ഏകദേശം 50 ബില്യൺ ഡോളറിന്റെ സൈനിക സഹായം നൽകി. മറ്റ് നാറ്റോ രാജ്യങ്ങൾ ഉക്രൈന് ഏകദേശം 30 ബില്യൺ ഡോളർ കൂടി നൽകി. ജർമനി അടക്കമുള്ള നാറ്റോ അംഗരാജ്യങ്ങളിൽ നിന്നാണ് ഉക്രൈന് സൈനിക പിന്തുണ ലഭിക്കുന്നത് എന്നത് സംശയരഹിതമായ കാര്യമാണ്. യുണൈറ്റഡ് സ്റ്റേറ്റ്സ് സ്വയം ഏകദേശം 50 ബില്യൺ ഡോളർ സൈനിക സഹായം നൽകി, യുദ്ധത്തിൽ നാറ്റോയ്ക്കുള്ള പങ്കിനെക്കുറിച്ച് ധാരണയുണ്ടെന്ന് 2022 ഡിസംബറിൽ റഷ്യൻ വിദേശമന്ത്രി സെർജി ലാവ്റോവ് പറഞ്ഞിരുന്നു. യൂറോപ്യൻ യൂണിയനും നാറ്റോയും 2023 ജനുവരിയിൽ ഒരു 'തന്ത്രപരമായ പങ്കാളിത്തം' രൂപീകരിച്ചു, ഇത് 31 അംഗ നാറ്റോ സൈനിക സഖ്യത്തെ 27 അംഗ യൂറോപ്യൻ യൂണിയൻ സാമ്പത്തിക, രാഷ്ട്രീയ ബോഡിയുമായി ഒരു പുതിയ തരത്തിലുള്ള ബന്ധത്തിലേക്ക് കൊണ്ടുവന്നു. നാറ്റോയും ഇയുവും തമ്മിലുള്ള ഈ പുതിയ സഖ്യം കാരണം, യൂറോപ്യൻ യൂണിയൻ 'റെക്കോർഡ് നിരക്കിൽ സൈനികവൽക്കരിക്കപ്പെടുകയാണ്', ഈ രണ്ട് സ്ഥാപനങ്ങൾ തമ്മിൽ ഇപ്പോൾ 'വളരെ ചെറിയ വ്യത്യാസം' ഉണ്ടെന്നും ലാവ്റോവ് പറഞ്ഞു.

ചൈനയോ ബ്രസീലിയൻ സമാധാന സംരംഭങ്ങളോ ഗൗരവമായി എടുക്കാൻ സാധ്യതയില്ലെന്ന് അദ്ദേഹത്തിന് തോന്നി. ഏതാനും ആഴ്ചകൾക്കു ശേഷം, ചൈനയുടെ സമാധാന ദൂതൻ ലി ഹുയി മോസ്കോയിൽ ലാവ്റോവിനെ സന്ദർശിച്ചു. കൂടിക്കാഴ്ച്ക്ക് ശേഷം, സംഘർഷം പരിഹരിക്കാൻ റഷ്യ പ്രതിജ്ഞാബദ്ധമാണെന്ന് ലാവ്റോവ് പറഞ്ഞു. എന്നാൽ സമാധാന ചർച്ചകൾ പുനരാരംഭിക്കുന്നതിനുള്ള ഗുരുതരമായ തടസ്സങ്ങളെക്കുറിച്ചാണ് ഉക്രേനിയൻ ഭാഗവും അതിന്റെ പാശ്ചാത്യ ഉപദേഷ്ടാക്കളും പറഞ്ഞത്. ഗുരുതരമായ തടസ്സങ്ങൾ എന്ന് സൂചിപ്പിക്കുന്നത് ഉക്രൈന് ലഭിക്കുന്ന നാറ്റോ യൂറോപ്യൻ പിന്തുണയെയാണ്. അമേരിക്ക പറഞ്ഞതു പോലെ റഷ്യയെ ദുർബലപ്പെടുത്തുക എന്ന ലക്ഷ്യം അസാധ്യമാണെന്ന് തോന്നലാണ് ഇപ്പോഴുള്ളത്. 2022 ഫെബ്രുവരിയിൽ, മുൻ യുഎസ് സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റൺ ഉക്രെയ്നെ അഫ്ഗാനിസ്ഥാനുമായി താരതമ്യപ്പെടുത്തി. റഷ്യയുടെ ഉക്രൈനിലേക്കുള്ള പ്രവേശനം 1980ൽ സോവിയറ്റ് യൂണിയൻ അഫ്ഗാനിസ്ഥാനിൽ പ്രവേശിച്ചതുമായി അവർ താരതമ്യം ചെയ്തു. 'റഷ്യക്കാർക്ക് അത് ഗുണകരമായി ഭവിച്ചില്ല.' അവർ പറഞ്ഞു. 'പരപ്രേരണയാലും വലിയ സാമ്പത്തിക സഹായത്തോടെയുമുള്ള സായുധകലാപം കാരണം റഷ്യക്കാർക്ക് തോറ്റോടേണ്ടി വന്നു' എന്നും അവർ പറഞ്ഞു. ഇതാണ് പൊതുവായ അമേരിക്കൻ സമീപനം: "ഉക്രൈൻകാർക്ക് ധനസഹായം തുടരുക, അവരെ റഷ്യയോട് പോരാടാൻ സഹായിക്കുക. അവസാനത്തെ ഉക്രൈൻകാരനെ കൊണ്ടു വരെ റഷ്യയെ മാരകമായി പരിക്കേൽപ്പിക്കുക:" സാമ്രാജ്യത്വത്തിന്റെ സ്വഭാവത്തെതന്നെ നിർവചിക്കുന്ന തരത്തിലുള്ള ക്രൂരതയാണിത്.

തങ്ങളുടേതായ ദേശീയ കാരണങ്ങളാൽ ഈ ഏറ്റുമുട്ടലിന് അന്ത്യമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാകണം ഇന്ത്യയിലെയും ചൈനയിലെയും നേതാക്കൾ സെലൻസ്കി സന്ദർശിച്ചത്. അവർ യുദ്ധത്തെ പിന്തുണയ്ക്കാത്തത് യുദ്ധം റഷ്യയും ഉക്രൈനും തമ്മിലല്ല, വാസ്തവത്തിൽ റഷ്യയും നാറ്റോയും തമ്മിലായതുകൊണ്ടാണ്. ഇതുപോലുള്ള നിലയ്ക്കാത്ത യുദ്ധങ്ങൾ സമാധാന ഉടമ്പടിയിൽ മാത്രമേ അവസാനിക്കൂ. വാസ്തവത്തിൽ, ഉക്രേനിയൻ രക്ഷ എന്നതിലുപരി, നാറ്റോയാണ് ഉക്രൈനിന്റെ കൂടുതൽ നാശത്തിന് കാരണമെന്ന് എന്നു മനസ്സിലാക്കണം. റഷ്യയും ഉക്രൈനും സമാധാന പ്രക്രിയയിൽ വീണ്ടും പ്രവേശിക്കുക, അവരുടെ ഉഭയകക്ഷി പ്രശ്നങ്ങൾ പരിഹരിക്കുക, അയൽക്കാർ എന്ന നിലയിൽ മനസ്സിലാക്കുക എന്നിവയാണ് സമാധാനത്തിനുള്ള ന്യായമായ പോംവഴി. റഷ്യയെ 'ദുർബലമാക്കുക' എന്ന നാറ്റോയുടെ തന്ത്രങ്ങളിൽ അവർ വീഴരുത്.

# വിലക്കയറ്റത്തിന്റെ ഇടിവിൽ തെറ്റിദ്ധരിക്കേണ്ട

**സഞ്ജയ് റോയ്**

2023 വർഷം ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലെ പൊതു ഉപഭോക്തൃ വിലസൂചികയിലുണ്ടായ ഇടിവ് തീർച്ചയായും ആശ്വാസം നൽകുന്നതാണ്. പൊതു ഉപഭോക്തൃ വിലസൂചിക പ്രകാരം ഗ്രാമപ്രദേശങ്ങളിൽ തുടർച്ചയായ നാലാം മാസവും നഗരപ്രദേശങ്ങളിൽ തുടർച്ചയായ മൂന്നാം മാസവും ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്.

മാസാമാസങ്ങളിലെയോ വർഷാവർഷങ്ങളിലെയോ വിലയിലെ മാറ്റം മുൻ കാലങ്ങളിലെ വർധനയുമായി അടിസ്ഥാനപ്പെടുത്തിയാണ് പണപ്പെരുപ്പത്തിന്റെ കണക്കുകൾ അളക്കുന്നത്. അതുകൊണ്ടുതന്നെ വിലയിൽ ഉണ്ടാകുന്ന കുറവല്ല, മറിച്ച് വിലവർധനവിലുണ്ടാകുന്ന ഇടിവ് മാത്രമാണ് പണപ്പെരുപ്പം കുറയുന്നത് സൂചിപ്പിക്കുന്നത്. 2023 മാർച്ചിലെ 5.66 ശതമാനത്തിൽ നിന്ന് 2023 ഏപ്രിലിൽ 4.7 ശതമാനമായി പൊതു ഉപഭോക്തൃ വില സൂചിക 96 ബേസിസ് പോയിന്റ് കുറഞ്ഞു. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിൽ 83 പോയിന്റും നഗരപ്രദേശങ്ങളിൽ 104 പോയിന്റുമാണ് കുറവുണ്ടായിരിക്കുന്നത്. ഇന്ധനത്തിന്റെയും വെളിച്ചത്തിന്റെയും സൂചികകളിലാണ് ഏറ്റവും വലിയ ഇടിവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പാൻ, പുകയില, ലഹരിവസ്തുക്കൾ തുടങ്ങിയവയിൽ പണപ്പെരുപ്പം കുറഞ്ഞിട്ടുമില്ല.

എല്ലാ ചരക്കുകളുടെയും മൊത്തവില സൂചിക 2023 ഏപ്രിലിലെ പണപ്പെരുപ്പം അടയാളപ്പെടുത്തുന്നുണ്ട്. കൂടാതെ പ്രാഥമിക ഉൽപന്നഗ്രൂപ്പിലെ ഭക്ഷ്യേതര വസ്തുക്കൾ, ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ എന്നിവയിലും പണപ്പെരുപ്പം രേഖപ്പെടുത്തുന്നുണ്ട്. വിലക്കയറ്റത്തിലുണ്ടായ ഇടിവിന്റെ പ്രവണതയെയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. കോവിഡ് മഹാമാരിയും യുദ്ധവും മൂലം വിതരണത്തിലുണ്ടായ തടസങ്ങളാൽ കഴിഞ്ഞ വർഷം വില വർധിക്കുകയായിരുന്നു. എന്നിരുന്നാലും കഴിഞ്ഞ മൂന്നാല് മാസങ്ങളിൽ പണപ്പെരുപ്പത്തിലുണ്ടായ ഇടിവ്, കഴിഞ്ഞ മൂന്നാല് വർഷങ്ങളിൽ അധ്വാനിക്കുന്ന ജനങ്ങളുടെ വേതനത്തിലുണ്ടായ ഇടിവിനെ ഒരിക്കലും മറികടക്കുന്നില്ല എന്നതാണ് പ്രധാന പോയിന്റ്.

ഉപഭോക്തൃ വിലസൂചികയുടെ സൂചികാ നമ്പരുകൾ പരിശോധിച്ചാൽ ദീർഘകാലമായി വിലയിലുണ്ടാകുന്ന മാറ്റം മനസിലാക്കാൻ സാധിക്കും. 2018 മെയ് മാസത്തിൽ 137.80 ആയിരുന്ന സാധനങ്ങളുടെ വിലയുടെ പൊതു സൂചിക 2023 ഏപ്രിലിൽ 178.10 ആയി വർധിച്ചു. 2018 മെയ് മാസത്തിൽ 136.4 ആയിരുന്ന ഭക്ഷണ പാനീയങ്ങളുടെ വില സൂചിക 2023 ഏപ്രിലിൽ 182.2 ആയി വർധിച്ചു. സംയോജിത പൊതു സൂചിക 2023 മാർച്ചിലെ 177.2 ൽ നിന്ന് 2023 ഏപ്രിലിൽ 178.1 ആയി ഉയർന്നുവെന്നത് ശരിയാണ്. കഴിഞ്ഞ 18 മാസത്തിനിടയിലെ ചുരുങ്ങിയ വർധനയാണിത്. എന്നാൽ ഈ കണക്കുകളൊരിക്കലും കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ജനങ്ങളുടെ നടുവൊടിച്ച വിലക്കയറ്റം പാടേ ഇല്ലാതായി എന്ന് അർഥമാക്കുന്നില്ല. പ്രത്യേകിച്ച് ഭക്ഷ്യധാന്യങ്ങൾ, ഗോതമ്പ് പദാർഥങ്ങളായ ആട്ട, മൈദ, ബ്രെഡ്, ധാന്യങ്ങൾക്ക് പകരമുള്ളവ എന്നിവയ്ക്ക് യഥാക്രമം 13.67, 15.46, 17.09, 11.39, 18.73 എന്നിങ്ങനെയായി പണപ്പെരുപ്പ നിരക്ക് തുടരുകയാണ്. ഉൽപാദന ചെലവ് വർധിക്കുമ്പോഴോ വിപണിയിലെ ഡിമാൻഡ് ഉയരുകയോ ചെയ്യുമ്പോഴാണ് സാധാരണയായി വില വർധിക്കുന്നത്. നോട്ടുനിരോധനം, ജിഎസ്ടി, ലോക്ക്ഡൗൺ പാളിച്ചകൾ തുടങ്ങിയ പ്രതിസന്ധികളുടെ സംയുക്ത ഫലത്താൽ രാജ്യത്തെ സാധാരണ ജനങ്ങളുടെ വാങ്ങൽശേഷി വൻതോതിൽ ഇടിഞ്ഞു. വരുമാന നഷ്ടം മൂലം ഡിമാൻഡ് കുറയുന്നത് റിസർവ് ബാങ്ക് നടത്തിയ ഉപഭോക്തൃ ആത്മവിശ്വാസ സർവേയിൽ (കൺസ്യൂമർ കോൺഫിഡൻസ് സർവേ) തുടർച്ചയായി പ്രകടിപ്പിക്കുന്നുണ്ട്.

ഇന്ത്യ ഉൾപ്പെടെ ലോകമാകെയുള്ള സെൻട്രൽ ബാങ്കുകളുടെ സാമ്പത്തിക നയം റിപ്പോ നിരക്ക് വർധിപ്പിച്ചു. അടിയന്തര വാങ്ങലുകൾ നിയന്ത്രിക്കുകയും നിക്ഷേപം ലാഭകരമാക്കുകയും ക്രെഡിറ്റ് വാങ്ങലുകൾ കുറയ്ക്കുകയും ചെയ്യുക എന്ന ആശയമാണ് ഈ നയത്തിന് പിന്നിൽ പ്രവർത്തിച്ചത്. വിവിധ രൂപത്തിലുള്ള ക്രെഡിറ്റ് പണത്തെ കറൻസികളുടെ വിതരണത്തിൽ മാത്രം പരിമിതപ്പെടുത്താനാകില്ല. ഡിമാൻഡ് വീണ്ടും ചുരുക്കുന്നതിലേക്കാണ് ഇത്തരം നയങ്ങൾ എത്തിക്കുക. ഇഎംഐ ചെലവ് വർധിക്കുകയും കടം തിരിച്ചടവിന്റെ ഭാരം വർധിക്കുന്നതുമൂലം ഉപഭോക്തൃ ചിലവിനുള്ള വിഹിതത്തിലും കുറവുണ്ടാകുന്നു. കർശന സാമ്പത്തിക സാമ്പത്തിക നയത്തിന്റെ ഫലം പല രാജ്യങ്ങളിലും ഭവന ആവശ്യങ്ങളിലുണ്ടായ ഇടിവിൽ ദൃശ്യമായി.

2018 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവ് വിലയിരുത്തി ഓരോ മാസത്തെയും പണപ്പെരുപ്പ നിരക്കും ഗ്രാമീണ മേഖലയിൽ വേതനത്തിലുണ്ടായ വ്യത്യാസവും പരിശോധിച്ചാൽ, കഴിഞ്ഞ 60 മാസത്തിൽ 32 മാസവും പണപ്പെരുപ്പ നിരക്ക് വേതന വർധനവിനേക്കാൾ ഉയർന്നതാണെന്ന് മനസ്സിലാക്കാനാകും.

# മണിപ്പൂർ കത്തുമ്പോൾ



### മൗനവും ദുരൂഹതയും തുടർന്ന് ബിജെപിയുടെ 'ഇരട്ട എൻജിൻ' സർക്കാർ

രണ്ടരമാസം മുമ്പുവരെ ശാന്തമായിരുന്നു 30 ലക്ഷംമാത്രം ജനസംഖ്യയുള്ള മണിപ്പൂർ എന്ന കൊച്ചുസംസ്ഥാനം. സംസ്ഥാനത്ത് സ്വാധീനം ഉറപ്പിക്കാൻ സംഘപരിവാർ പയറ്റിയ ധ്രുവീകരണ രാഷ്ട്രീയമാണ് മണിപ്പൂരിനെ കലാപഭൂമിയാക്കിയത്. കുക്കി, മെയ്ത്തീ വിഭാഗങ്ങളിലെ ക്രൈസ്തവ വിശ്വാസികൾ ഒരേപോലെ സംഘപരിവാറിന്റെ വർഗീയവേട്ടയ്ക്ക് ഇരയായി.

മെയ്ത്തീകളെ പട്ടികവർഗത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കണമെന്ന മണിപ്പൂർ ഹൈക്കോടതി വിധിക്കു പിന്നാലെ മെയ് മൂന്നിനാണ് സംസ്ഥാനത്തെങ്ങും കലാപവും കൊള്ളിവയ്പും ആരംഭിച്ചത്. ഇംഫാൽ നഗരത്തിലടക്കം പള്ളികളും കത്തോലിക്കാ സ്ഥാപനങ്ങളും ആസൂത്രിതമായി കത്തിച്ചു. സംസ്ഥാന വ്യാപകമായി 360 പള്ളികൾ നാമാവശേഷമാക്കി. ഇരുനൂറ്റമ്പതിലേറെപ്പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. പതിനായിരങ്ങൾ ഭവനരഹിതരായി. 60,000 പേർ രണ്ടു മാസത്തിലേറെയായി അഭയാർഥി ക്യാമ്പുകളിൽ. മണിപ്പൂരിൽ ഭരണവാഴ്ച പൂർണമായും തകർന്നു. ബിജെപി നേതാവ് ബീരേൻ സിങ് നിലവിൽ മെയ്ത്തീകളുടെമാത്രം മുഖ്യമന്ത്രി.

മെയ്ത്തീകളുടെ സ്വാധീനമേഖലയായി താഴ്വരയിൽനിന്ന് കുക്കികളുടെ പ്രദേശമായ കുന്നുകളിലേക്ക് റോഡുമാർഗമുള്ള യാത്ര തീർത്തും അസാധ്യം. പ്രധാന പാതകളിലടക്കം മരങ്ങൾ പിഴുത് കുറുകെയിട്ടും വേലി കെട്ടിയും തടസ്സങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഓരോ അരക്കിലോമീറ്ററിലും മെയ്ത്തീ സ്ത്രീകളുടെ സംഘങ്ങൾ വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിക്കും. കുക്കി വിഭാഗത്തിലെ ഒരാളും താഴ്വര കടന്നുപോകാതിരിക്കാനാണ് സ്ത്രീകളുടെ നേതൃത്വത്തിലുള്ള സൂക്ഷ്മപരിശോധന. കുക്കി മേഖലയിലും സ്ഥിതി സമാനമാണ്. ജനങ്ങൾ നിയമം കൈയിലെടുത്തിരിക്കുന്നു. സൈന്യവും പൊലീസുമെല്ലാം ബോധപൂർവമോ അല്ലാതെയോ കാഴ്ചക്കാർമാത്രം. സുരക്ഷാസേനയെ ഇരുവിഭാഗവും ഒരുപോലെ പക്ഷപാതികളെന്ന് പഴിക്കുന്നു.



സംസ്ഥാനത്ത് സ്വാധീനം ഉറപ്പിക്കാൻ സംഘപരിവാർ പയറ്റിയ ധ്രുവീകരണ രാഷ്ട്രീയമാണ് മണിപ്പുരിനെ കലാപഭൂമിയാക്കിയത്. കുക്കി, മെയ്ത്തി വിഭാഗങ്ങളിലെ ക്രൈസ്തവ വിശ്വാസികൾ ഒരേപോലെ സംഘപരിവാറിന്റെ വർഗീയവേട്ടയ്ക്ക് ഇരയായി.

## കലാപഭൂമി സന്ദർശിച്ച് ഇടതുപക്ഷ എംപിമാർ

കലാപത്തിന്റെ പിടിയിലമർന്ന മണിപ്പൂരിൽ ഇടതുപക്ഷ എം പിമാരുടെ പ്രതിനിധി സംഘം ഇരകളെയും അഭയാർത്ഥികളെയും സന്ദർശിച്ചു. വ്യാപക ആക്രമണങ്ങൾ അരങ്ങേറിയ സ്ഥലങ്ങളിലും അഭയാർത്ഥി ക്യാമ്പുകളിലും രാജ്യസഭാംഗങ്ങളായ ജോൺ ബ്രിട്ടാസ്, ബികാഷ് രഞ്ജൻ ഭട്ടാചാര്യ (സിപിഐഎം), ബിനോയ് വിശ്വം, പി സന്തോഷ് കുമാർ, ലോക്സഭാംഗംകെ സുബ്ബരായൻ(സിപിഐ) എന്നിവർ നേരിട്ടെത്തി. ആസൂത്രിതമായ ക്രൈസ്തവ വേട്ടയാണ് മണിപ്പൂരിൽ നടപ്പാക്കിയതെന്ന് ഇംഫാൽ ആർച്ച് ബിഷപ്പ് ഡൊമിനിക് ലുമിനോ ഇടതുപക്ഷ എംപിമാരോട് വെളിപ്പെടുത്തി.

## മണിപ്പുർ ക്രമസമാധാന പാലനത്തിൽ സുപ്രീംകോടതി: ഉത്തരവാദിത്വം സർക്കാരിന്

കലാപത്തിന്റെ പിടിയിലുള്ള മണിപ്പുരിൽ ക്രമസമാധാനപാലനത്തിനുള്ള ഉത്തരവാദിത്വം കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കാണെന്നും കോടതിക്ക് ഏറ്റെടുക്കാനാകില്ലെന്നും സുപ്രീംകോടതി. ഈ വിഷയത്തിൽ ഇടപെടാൻ കോടതിക്ക് പരിമിതിയുണ്ട്. ക്രമസമാധാനപാലനത്തിന് സുപ്രീംകോടതിക്ക് നേരിട്ട് രംഗത്തിറങ്ങാനാകില്ല. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ ഉത്തരവാദിത്വമാണത് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു.

നിലവിലെ സാഹചര്യങ്ങളെക്കുറിച്ച് മണിപ്പൂർ സർക്കാർ സമർപ്പിച്ച പുതിയ തൽസ്ഥിതി റിപ്പോർട്ട് കോടതി ഫയലിൽ സ്വീകരിച്ചു.

രണ്ട് ഹർജികളാണ് സുപ്രീംകോടതി പരിഗണിച്ചത്. കുക്കി വിഭാഗത്തിന് സൈനിക സംരക്ഷണം ഒരുക്കണമെന്നാണ് ട്രൈബൽ ഫോറത്തിന്റെ ആവശ്യം. മെയ്ത്തികൾക്ക് പട്ടികവർഗ പദവി നൽകണമെന്ന മണിപ്പൂർ ഹൈക്കോടതി നിർദ്ദേശത്തിന് എതിരായാണ് മണിപ്പൂർ നിയമസഭയുടെ ഹിൽസ് ഏരിയാസ് കമ്മിറ്റി (എച്ച്എസി) അധ്യക്ഷന്റെ ഹർജി.



# ബാങ്ക് തട്ടിപ്പുകാർക്ക് സഹായവുമായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

**സനിൽ (BEFI, കേരള ജനറൽ സെക്രട്ടറി)**

ബോധപൂർവ്വം കുടിശ്ശിക വരുത്തിയവർക്കും, (wilful defaulters) വഞ്ചനാകുറ്റമടക്കമുള്ള ക്രിമിനൽ കുറ്റം ആരോപിച്ചിട്ടുള്ളവർക്കും (fraudulent cases) തിരിച്ചടവിൽ ഇളവുകൾ നൽകാനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ സൗജന്യമടക്കം അനുവദിക്കാനും റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിരിക്കുകയാണ്. ഇവർക്കെല്ലാം 12 മാസത്തിനു ശേഷം പുനർ വായ്പ നൽകാനും ജൂൺ 8ന് പുറത്തിറക്കിയ സർക്കുലറിലൂടെ റിസർവ് ബാങ്ക് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. ബാങ്കിംഗ് സംവിധാനത്തിന്റെ വിശ്വാസ്യതയെ തന്നെ ഇല്ലാതാക്കുന്നതും, ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുന്നതുമായ ഈ നിർദ്ദേശം ബാങ്കിംഗ് മേഖല ഇതുവരെ തുടർന്നു വന്നിട്ടുള്ള നിലപാടുകൾക്ക് വിരുദ്ധവും തട്ടിപ്പുകാർക്ക് സഹായം നൽകുന്നതുമാണ്.

**വൻകിട കിട്ടാക്കടക്കാർക്ക് വലിയ സൗജന്യങ്ങൾ നൽകുന്ന നയങ്ങളാണ് കേന്ദ്രസർക്കാരും, റിസർവ് ബാങ്കും, ബാങ്കധികാരികളും വർഷങ്ങളായി നടപ്പിലാക്കിയിരുന്നത്. എന്നാൽ തട്ടിപ്പുകാർക്ക് കൂടി അത്തരത്തിലുള്ള സൗജന്യം അനുവദിച്ചു കൊടുക്കുന്ന ഉത്തരവാണ് ഇപ്പോൾ പുറത്തിറക്കിയിരിക്കുന്നത്.**

ഇതോടെ ബോധപൂർവ്വം കിട്ടാക്കടം വരുത്തിയവർക്കും തട്ടിപ്പുകാർക്കുമടക്കം അവരുടെ വായ്പകൾ തുച്ഛമായ തുക അടച്ച് ഒത്തുതീർപ്പാക്കാനും വായ്പ അടച്ചുതീർക്കാതെ എഴുതിത്തള്ളുന്നതിനും തുടർന്ന് പുനർവായ്പ ലഭിക്കുന്നതിനും സഹായകമാകും.

രാജ്യത്തെ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് മനപ്പൂർവ്വം കിട്ടാക്കടം വരുത്തിയ 10 കോർപ്പറേറ്റുകൾ :

| NAMES | AMOUNT IN CRORES |
|---|---|
| 1. GITANJALI JEMS LTD | 7,848 |
| 2 ERA INFRA ENGINEERING | 5,879 |
| 3 REI AGRO LTD | 4,803 |
| 4. CONCAST STEEL AND POWER LTD | 4,596 |
| 5. ABG SHIPYARD LTD | 3,708 |
| 6. FROST INTERNATIONAL LTD | 3,311 |
| 7. WINSOME DIAMONDS & JEWELLERY | 2,931 |
| 8. ROTOMAC GLOBAL PVT LTD | 2,893 |
| 9. COASTAL PROJECTS LTD | 2,311 |
| 10 ZOOM DEVELOPERS PVT LTD | 2,147 |
| TOTAL | 40,427 |

വലിയ 19 തട്ടിപ്പുകാർ ചേർന്ന് ബാങ്കുകളിൽ നിന്ന് വെട്ടിച്ച പണം 40,427 കോടി രൂപയാണ്. ഏറ്റവും വലിയ 50 തട്ടിപ്പ് അക്കൗണ്ടുകളുടെ ആകെത്തുക 92,570 കോടി രൂപയും. പല സംസ്ഥാന ബജറ്റുകളെക്കാളും വലിയ തുക. 2021, 2022 വർഷങ്ങളിൽ പൊതുമേഖലാ ബാങ്കുകൾ റിപ്പോർട്ട് ചെയ്തത് 97,245 കോടിയുടെ വായ്പാതട്ടിപ്പുകളാണ്. കഴിഞ്ഞ 5 വർഷം 3,76,400 കോടി രൂപയുടെ തട്ടിപ്പുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2016-17 മുതൽ 2021-22 വരെയുള്ള ആറ് സാമ്പത്തിക വർഷം ഇന്ത്യയിലെ ബാങ്കുകൾ എഴുതിതള്ളിയ വായ്പ 11.17 ലക്ഷം കോടി രൂപയാണ്. ഇനി ഇവരൊക്കെ എഴുതി തള്ളലിന്റെ സൗജന്യവും വാങ്ങി ബാങ്കിന്റെ നല്ല ഇടപാടുകാരായി മാറുന്ന കാലം വിദൂരമല്ല.

## തട്ടിപ്പുകാർക്ക് സൗജന്യം ഉദ്യോഗാർത്ഥികൾക്ക് നിരോധനം

തട്ടിപ്പുകാർക്കും വെട്ടിപ്പുകാർക്കും കൈയ്യയച്ച് സൗജന്യം നൽകുന്ന കേന്ദ്ര സർക്കാർ പക്ഷേ ക്ലറിക്കൽ നിയമനത്തിന്റെ വിജ്ഞാപനത്തിൽ അപേക്ഷകരായ ഉദ്യോഗാർത്ഥികൾക്ക് മികച്ച ക്രെഡിറ്റ് റേറ്റിംഗ് നിഷ്കർഷിച്ചിരിക്കുകയാണ്. സിബിൽ സ്കോർ 650 എങ്കിലും ഉള്ളവർക്കേ ബാങ്കിലെ ക്ലറിക്കൽ തസ്തികയിലേക്ക് ഈ വർഷം അപേക്ഷ സമർപ്പിക്കാനാവൂ. കേവലം 5 ബാങ്കുകൾ മാത്രമാണ് നാമമാത്രമായെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 3 ബാങ്കുകൾക്ക് കേരളത്തിലെ ഒഴിവുകൾ പൂജ്യമാണ്. ഇങ്ങനെയുള്ള നാമമാത്ര ഒഴിവുകളിലാണ് ക്രഡിറ്റ് റേറ്റിംഗിന്റെ തീട്ടൂരവും.

ഇതോടെ വിദ്യാഭ്യാസ വായ്പയെടുത്ത് പഠിച്ച ഉദ്യോഗാർത്ഥികൾക്കൊന്നും നിയമനത്തിനുള്ള അർഹത ഇല്ലാതാവുകയാണ്. രാജ്യത്ത് തൊഴിലില്ലായ്മ അതിരൂക്ഷമായ ഈ കാലഘട്ടത്തിൽ ചെറുപ്പക്കാരായ അഭ്യസ്തവിദ്യരോടുള്ള സമര പ്രഖ്യാപനമായിട്ടു വേണം ഈ പുതിയ നീക്കത്തെ കാണാൻ.

## ബാങ്കുകളുടെ ലാഭത്തിൽ കുതിച്ചുചാട്ടം, എഴുതിത്തള്ളലിലും വലിയ വർദ്ധന

ഇന്ത്യയിലെ 12 പൊതുമേഖലാ ബാങ്കുകൾ മാത്രം ഈ സാമ്പത്തിക വർഷം ഉണ്ടാക്കിയ പ്രവർത്തന ലാഭം (Operating profit) രണ്ട് ലക്ഷത്തി മുപ്പത്തി ഏഴായിരം കോടി രൂപയും അറ്റാദായം (net profilt) ഒരു ലക്ഷത്തി നാലായിരം കോടി രൂപയുമാണ്. പ്രവർത്തന ലാഭത്തിന്റെ പകുതിയിലധികവും കിട്ടാക്കടം എഴുതിത്തള്ളുന്നതിന് വിനിയോഗിച്ചിരിക്കുകയാണ്. സാധാരണക്കാരന്റെ പക്കൽ നിന്നും വലിയ തോതിൽ സർവീസ് ചാർജും പലിശയും ഈടാക്കി അതെല്ലാം കുത്തകകളുടെ കിട്ടാക്കടങ്ങൾ എഴുതിത്തള്ളുന്നതിനായി വിനിയോഗിക്കുന്ന പ്രവണതയാണ് ഈ വർഷവും അനുസ്യൂതം തുടരുന്നത്.

ചുരുക്കത്തിൽ സാധാരണക്കാരനെ ചൂഷണം ചെയ്ത് വലിയ ലാഭമുണ്ടാക്കി കുത്തക മുതലാളിമാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനു വേണ്ടി വിനിയോഗിക്കുന്ന ചങ്ങാത്ത മുതലാളിത്തത്തിന്റെ തന്ത്രം റിസർവ് ബാങ്കിന്റെ ഒത്താശയോടുകൂടി രാജ്യത്ത് നടപ്പിലാക്കുകയാണ്. ചെറുകിട ഇടപാടുകാരെ നിർദ്ദാക്ഷിണ്യം പിഴിഞ്ഞ്, അവരുടെ വായ്പകളിൽ നിയമത്തിന്റെ കുരുക്കുകൾ മുറുക്കി, നിർബന്ധമായി പിരിച്ചെടുക്കുന്ന ബാങ്ക് അധികാരികൾ എന്നാൽ വമ്പൻ കിട്ടാക്കടക്കാർക്ക് മുമ്പിൽ നിർദാക്ഷിണ്യം മുട്ടുമടക്കുകയാണ്. അവർക്കായി ബാങ്കിന്റെ നിക്ഷേപങ്ങളും ലാഭവും അടിയറവയ്ക്കുകയാണ്. തട്ടിപ്പുകാരുടെ പോലും വായ്പകൾ എഴുതിത്തള്ളുന്ന പുനർവായ്പ നൽകുന്ന നയം വെറുതെ പൊട്ടിമുളച്ചതാണെന്ന് കരുതാൻ വയ്യ. പൊതുസമൂഹം ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ട വിഷയമായി ബാങ്കിന്റെ കിട്ടാക്കടങ്ങൾ രാജ്യത്ത് പടർന്നു പന്തലിക്കുന്നുണ്ട്. •

**സാധാരണക്കാരനെ ചൂഷണം ചെയ്ത് വലിയ ലാഭമുണ്ടാക്കി കുത്തക മുതലാളിമാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനു വേണ്ടി വിനിയോഗിക്കുന്ന ചങ്ങാത്ത മുതലാളിത്തത്തിന്റെ തന്ത്രം റിസർവ് ബാങ്കിന്റെ ഒത്താശയോടുകൂടി രാജ്യത്ത് നടപ്പിലാക്കുകയാണ്. വമ്പൻ കിട്ടാക്കടക്കാർക്ക് മുമ്പിൽ നിർദാക്ഷിണ്യം മുട്ടുമടക്കുകയാണ്. അവർക്കായി ബാങ്കിന്റെ നിക്ഷേപങ്ങളും ലാഭവും അടിയറ വയ്ക്കുകയാണ്. തട്ടിപ്പുകാരുടെ പോലും വായ്പകൾ എഴുതിത്തള്ളുന്ന, പുനർവായ്പ നൽകുന്ന നയം വെറുതെ പൊട്ടിമുളച്ചതാണെന്ന് കരുതാൻ വയ്യ.**

# ദേശീയ സംയുക്ത ട്രേഡ് യൂണിയൻ കൺവെൻഷൻ പ്രഖ്യാപനം

# പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കുക

കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും സ്വതന്ത്ര ഫെഡറേഷനുകളുടെയും അസോസിയേഷനുകളുടെയും സംയുക്താഭിമുഖ്യത്തിൽ 2023 ജനുവരി 30 ന് ന്യൂഡെൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ ചേർന്ന ദേശീയ കൺവെൻഷന്റെ പ്രഖ്യാപനം

മോദി സർക്കാരിന്റെ നയങ്ങൾ തൊഴിലാളി വിരുദ്ധവും കർഷക വിരുദ്ധവും ജനവിരുദ്ധവുമെന്ന് മാത്രമല്ല ദേശവിരുദ്ധവുമാണ്. അത് നമ്മുടെ സമ്പദ്ഘടനയ്ക്കും നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും വിനാശകരമാണെന്ന് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ആ നയങ്ങളിൽ നിന്ന് രാജ്യത്തെ വിമുക്തമാക്കാനും ജനങ്ങളെ രക്ഷിക്കാനുമാവശ്യമായ ഭാവി പരിപാടികൾ ആവിഷ്കരിക്കുകയാണ് ഈ കൺവെൻഷന്റെ ലക്ഷ്യം.

ദാരിദ്ര്യവും തൊഴിലില്ലായ്മയും അസമത്വവും അനിയന്ത്രിതമായി വർദ്ധിച്ചു. ഉപജീവനമാർഗ്ഗങ്ങളെ ഗുരുതരമായി ബാധിച്ച നോട്ട് നിരോധനത്തോടെയാണ് അതാരംഭിച്ചത്. സാമ്പത്തിക മാന്ദ്യം ദാരിദ്ര്യത്തെ വർദ്ധിപ്പിച്ചു. തൊഴിൽനഷ്ടത്തിലേയ്ക്കും തൊഴിലില്ലായ്മയിലേക്കും നയിച്ചു. അനിയന്ത്രിതമായ വിലക്കയറ്റത്തിന് അത് ഇടയാക്കി. ഈ പ്രശ്നങ്ങളിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധയാകർഷിക്കുന്നതിനും ഫലപ്രദമായ ഇടപെടലുകൾ ആവശ്യപ്പെട്ടുകൊണ്ടും പണിമുടക്കുകളുൾപ്പെടെയുള്ള അനവധി പ്രക്ഷോഭങ്ങൾ നാം സംഘടിപ്പിച്ചു. എന്നാൽ ഭരണ വർഗ്ഗം പ്രതികരിച്ചതേയില്ല, എന്ന് മാത്രമല്ല പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും കാരണമായ അതേ നയങ്ങൾ വർദ്ധിതവീര്യത്തോടും ധാർഷ്ട്യത്തോടും കൂടി തുടരുകയുമാണ്.

തൊഴിലില്ലായ്മയാൽ ചെറുപ്പക്കാർ വിഷമിക്കുകയാണ്. എന്നാൽ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ പോലും നികത്തുന്നില്ല. നിരവധി പൊതുമേഖല സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയോ സ്വകാര്യമേഖലയ്ക്ക് തീറെഴുതുകയോ ചെയ്യുകയാണ്. സ്വകാര്യമേഖലക്ക് കൈമാറിയ സ്ഥാപനങ്ങളെല്ലാം തൊഴിലാളികളെ പിരിച്ചു വിടുകയാണ്. കോവിഡ് കാലത്ത് ആരോഗ്യ മേഖലയിൽ പണിയെടുത്തിരുന്ന കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുമെന്ന വാഗ്ദാനം ലംഘിച്ചു കൊണ്ട് അവരേയും പിരിച്ചു വിടുകയാണ്. കോവിഡാനന്തര കാലത്ത് തൊഴിൽ മേഖലയുടെ പുനരുജ്ജീവനം അത്യന്താപേക്ഷിതമാകുമ്പോഴും വ്യവസായ ശാലകൾ അടച്ചു പൂട്ടുവാൻ അനുവദിക്കുകയാണ് സർക്കാർ.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തൊഴിൽ ദിനങ്ങൾ 50 ആയി വെട്ടിക്കുറയ്ക്കുകയാണ് സർക്കാർ ചെയ്യത്. പദ്ധതിയുടെ ബജറ്റ് വിഹിതം കുറച്ചു. അതു പോലും പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നില്ല.

സ്കീം തൊഴിലാളികളെ സർക്കാർ തസ്തികകളിൽ സ്ഥിരപ്പെടുത്തണമെന്ന് നാം ആവശ്യപ്പെട്ടു. പക്ഷേ അവർക്ക് പ്രശംസയല്ലാതെ മറ്റൊന്നും സർക്കാർ നൽകുന്നില്ല.

മൂന്നരക്കോടിയോളം വരുന്ന മാലിന്യ സംസ്കരണ തൊഴിലാളികൾക്കും ഗാർഹിക തൊഴിലാളികൾക്കും അന്യസംസ്ഥാന തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷ പദ്ധതികളുടെ പരിരക്ഷ ഉറപ്പാക്കണമെന്നാണ് ആവശ്യം. അംഗീകരിക്കാൻ സർക്കാർ തയ്യാറല്ല. ഇ.പി.എസ്95 സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പാക്കണമെന്നും ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ 8000 രൂപയാക്കണമെന്നുമാണ് നാം ആവശ്യപ്പെടുന്നത്.

മോണിറ്റൈസേഷൻ പൈപ്പ് ലൈൻ പദ്ധതിയെന്ന പേരിൽ പൊതുമേഖല സ്ഥാപനങ്ങളും പൊതു സ്വത്തുക്കളും വിറ്റഴിക്കാനും സ്വകാര്യവൽക്കരിക്കാനുമുള്ള നീക്കങ്ങൾ “വിറ്റഴിക്കാവുന്നതും വിറ്റഴിക്കാൻ കഴിയാത്തതുമായ എല്ലാം വിൽക്കും” എന്ന് ലജ്ജ കൂടാതെ പ്രഖ്യാപിച്ചു കൊണ്ട് അഹങ്കാരത്തിനും ധാർഷ്ട്യത്തിനും ഒരതിരുമില്ലെന്ന് തെളിയിക്കുകയാണ് സർക്കാർ.

പുതിയ വിദ്യാഭ്യാസ നയത്തിലൂടെ കുട്ടികളുടെ വിദ്യാഭ്യാസാവകാശങ്ങൾ നിഷേധിക്കുകയാണ് സർക്കാർ. സിലബസും പാഠപുസ്തകങ്ങളും വർഗ്ഗീയ സംഘടനകളുടെ ആശയങ്ങൾക്കനുസൃതമായി മാറ്റി പാഠ്യപദ്ധതിയെ വികലമാക്കുന്നു.

തൊഴിലവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും പരിഷ്ക്കരിക്കപ്പെടുകയും വേണമെന്നാണ് നാം ആവശ്യപ്പെട്ടത്. എന്നാൽ നമ്മുടെ എതിർപ്പുകളേയും അഭിപ്രായങ്ങളേയും അവഗണിച്ചുകൊ

ണ്ട് കോർപ്പറേറ്റ് ചങ്ങാതിമാരെ പ്രീണിപ്പിക്കുന്നതിനായി തൊഴിലാളികളെ അടിമത്തത്തിലേക്ക് തള്ളിവിടുന്ന ലേബർ കോഡുകൾ അടിച്ചേൽപ്പിക്കുകയാണ് സർക്കാർ. എപ്പോൾ വേണമെങ്കിലും അവ നടപ്പാക്കാൻ സർക്കാരിനാവും. അതാണ് നിലവിലെ അവസ്ഥ.

കർഷകരുടെ ആവശ്യ പ്രകാരമല്ല മൂന്ന് കാർഷിക നിയമങ്ങൾ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചത്. കർഷകർ ആ നിയമങ്ങളെയാകെ തിരസ്ക്കരിച്ചു. കർഷകവിരുദ്ധമായ ആ നിയമങ്ങൾക്കെതിരേ തൊഴിലാളികളുടെ പിൻബലത്തോടെ അവർ നടത്തിയ ചരിത്രപരമായ പ്രക്ഷോഭത്തിന് രാജ്യം സാക്ഷ്യം വഹിച്ചു. പക്ഷേ, ആ പിൻവലിക്കലും ഒരു തരം തന്ത്രമായിരുന്നുവെന്ന് ഇപ്പോൾ തെളിയുന്നു. കാർഷിക വിളകളുടെ തറവില സംബന്ധിച്ചും വിള സംഭരണത്തെ സംബന്ധിച്ചും നൽകിയ വാഗ്ദാനങ്ങൾ ഇനിയും പാലിക്കപ്പെട്ടിട്ടില്ല.

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ തീരുമാന പ്രകാരം എല്ലാ വർഷവും ഒരിക്കലെങ്കിലും ത്രികക്ഷി സമ്മേളനങ്ങൾ വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ 2015ന് ശേഷം ഇൻഡ്യൻ ലേബർ കോൺഫറൻസ് ചേർന്നിട്ടില്ല. അന്താരാഷ്ട്ര തൊഴിൽ സംഘടന അംഗീകരിച്ച കൺവെൻഷൻ 87 (സംഘടിക്കുവാനുള്ള സ്വാതന്ത്ര്യം), 98 (കൂട്ടായ വിലപേശലിനുള്ള അവകാശം), 189 (സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിലിടങ്ങൾ), 190 (തൊഴിലിടങ്ങളിലെ അതിക്രമങ്ങളും പീഡനങ്ങളും നിരോധിക്കുന്നത് സംബന്ധിച്ച്) എന്നിവ നടപ്പാക്കണമെന്ന് നാം ആവശ്യപ്പെട്ടു.

ഭക്ഷണം, മരുന്ന്, മറ്റ് അവശ്യ വസ്തുക്കൾ, പൊതുസേവനങ്ങൾ എന്നിവയ്ക്കുള്ള ചരക്ക്സേവന നികുതിയും മറ്റ് പരോക്ഷ നികുതികളും കുറയ്ക്കണമെന്ന് നാം ആവശ്യപ്പെട്ടു. എന്നാൽ വൻകിട കുത്തകകളുടെ താൽപ്പര്യങ്ങൾക്ക് അടിമപ്പെട്ട സർക്കാർ കോർപ്പറേറ്റ് നികുതിയാണ് കുറച്ചത്. ചരക്ക് സേവന നികുതിയും മറ്റ് പരോക്ഷ നികുതികളും വർദ്ധിപ്പിക്കുകയും ചെയ്തു.

തുടർച്ചയായി മാന്ദ്യം നേരിടുന്ന സമ്പദ് വ്യവസ്ഥ, അടിത്തറയിളകിയ വ്യവസായ മേഖല, സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ തകർച്ച തുടങ്ങിയ കാരണങ്ങളാൽ ഭൂരിപക്ഷം ജനങ്ങളുടെ മേലുള്ള ഭാരം വർദ്ധിക്കുന്നു.

രാജ്യത്ത് സാമ്പത്തിക അസമത്വം തീവ്രമായി. മൊത്തം ദേശീയ വരുമാനത്തിന്റെ 72 ശതമാനവും ജനസംഖ്യയിൽ 10 ശതമാനം വരുന്ന സമ്പന്നരുടെ കൈവശമാണ്. ദേശീയ വരുമാനത്തിന്റെ 40.5 ശതമാനം കയ്യടക്കി വച്ചിരിക്കുന്നതാകട്ടെ ജനസംഖ്യയിൽ ഒരു ശതമാനം മാത്രം വരുന്ന അതിസമ്പന്നരും. ഏറ്റവും താഴെക്കിടയിലുള്ളവരുടെ വരുമാനം ദേശീയ വരുമാനത്തിന്റെ 3 ശതമാനം മാത്രമാണ്. കോവിഡ് മഹാമാരിക്ക് മുമ്പ് രാജ്യത്തെ ശതകോടീശ്വരന്മാരുടെ എണ്ണം 100 ആയിരുന്നുവെങ്കിൽ ഇന്നത് 166 ആയി വർദ്ധിച്ചു. ഇവരിൽ 21 പേരുടെ സമ്പത്താകട്ടെ രാജ്യത്തെ 70 ശതമാനം ജനങ്ങളുടെ സ്വത്തിനേക്കാൾ കൂടുതലാണ്. ദാരിദ്ര്യം, പട്ടിണി, ശിശുസംരക്ഷണം, സ്ത്രീ സുരക്ഷ, ആവിഷ്കാര സ്വാതന്ത്ര്യം, മനുഷ്യാവകാശം തുടങ്ങി എല്ലാ സൂചികകളിലും ഇൻഡ്യ താഴേക്ക് പതിച്ചുകൊണ്ടിരിക്കുന്നു.

ഇതിനേക്കാളേറെ വിപത്ക്കരമായ മറ്റൊരു സ്ഥിതിവിശേഷമുണ്ട്. തങ്ങളുടെ കൊള്ള ഭരണം നിലനിർത്താനായി കേന്ദ്രം ഭരിക്കുന്ന പാർട്ടിയും ആ പാർട്ടിയുടെ നേതൃത്വത്തിലുള്ള ചില സംസ്ഥാന സർക്കാരുകളും രാജ്യത്ത് സൃഷ്ടിക്കുന്ന വർഗ്ഗീയ ധ്രുവീകരണമാണത്. കോർപ്പറേറ്റ് ഉടമസ്ഥതയിലുള്ള മാധ്യമങ്ങളുടെ പിന്തുണയോടെയാണവർ ഇത് സാദ്ധ്യമാക്കുന്നത്. ഇ.ഡി., സി.ബി.ഐ., എൻ.ഐ.എ തുടങ്ങിയ ഏജൻസികളെ ദുരുപയോഗപ്പെടുത്തി വിമർശിക്കുന്ന എഴുത്തുകാരേയും മാധ്യമ പ്രവർത്തകരേയും സാമൂഹ്യ പ്രവർത്തകരേയുമെല്ലാം സർക്കാർ ഭീഷണിപ്പെടുത്തുന്നു.

ഈ ദേശവിരുദ്ധ, ജനവിരുദ്ധ വിധ്വംസക ഭരണത്തിനെതിരേ നാം പണിമുടക്കുകളുൾപ്പെടെ നിരന്തരമായ പ്രക്ഷോഭങ്ങൾ നടത്തി. അതു കാരണം പല വിഷയങ്ങളിലും സർക്കാർ പിൻവാങ്ങാൻ നിർബന്ധിതമായി. ഒരുമയോടുള്ള പോരാട്ടങ്ങളുടെ ഫലമായി ബിപിസിഎൽ, സി.എൽ., ചില സ്റ്റീൽ പ്ലാന്റുകൾ എന്നിവയുടെ സ്വകാര്യവൽക്കരണ പ്രക്രിയ തത്ക്കാലം നിർത്തിവയ്ക്കപ്പെട്ടു. വൈദ്യുതി തൊഴിലാളികളുടെ സമരം കാരണം വൈദ്യുതിവിതരണം സ്വകാര്യവൽക്കരിക്കുന്നതിൽ നിന്ന് മഹാരാഷ്ട്ര സർക്കാരിന് പിന്തിരിയേണ്ടി വന്നു. കഴിഞ്ഞ ഒന്നര വർഷത്തിനിടെ ഉത്തർപ്രദേശ്, ചണ്ഡിഗഢ്, ജമ്മുകശ്മീർ എന്നിവിടങ്ങളിൽ തൊഴിലാളി വിരുദ്ധ നയങ്ങളെ നേരിടാൻ തൊഴിലാളി വർഗ്ഗത്തിന്റെ യോജിച്ച പോരാട്ടങ്ങൾക്ക് കഴിയുമെന്ന് തെളിയിച്ചു.

അടുത്ത വർഷം നടക്കാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിന് മുമ്പുള്ള നിർണ്ണായക വർഷമാണ് 2023. രാജ്യത്തേയും ജനങ്ങളേയും അഭൂതപൂർവ്വമായ പ്രതിസന്ധിയിലേക്ക് തള്ളി വിടുന്നവർക്കെതിരായ പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കുന്നതിന് അശ്രാന്തമായി പരിശ്രമിക്കേണ്ട വർഷമാണിത്. മുൻകാലാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ യോജിച്ച പോരാട്ടങ്ങളെ അതിന്റെ അത്യുന്നത തലങ്ങളിലേക്ക് എത്തിക്കാൻ തൊഴിലാളികളുടെ ഈ ദേശീയ കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു. •

## സംഘടനാ വാർത്ത

# മാധ്യമ വ്യവസായത്തിൽ അടിമപ്പണിക്ക് സമാനമായ അന്തരീക്ഷം: എളമരം കരീം

മാധ്യമ വ്യവസായത്തിൽ അടിമവേലയ്ക്ക് സമാനമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാനാണ് മാധ്യമ മുതലാളിമാരുടെ നീക്കമെന്ന് സിഐടിയു സംസ്ഥാന സെക്രട്ടറി എളമരം കരീം എം പി പറഞ്ഞു. ലേബർ കോഡ് വന്നശേഷം മാധ്യമരംഗത്ത് തൊഴിൽ സുരക്ഷിതത്വം കുറഞ്ഞു. മാധ്യമരംഗത്തെ തൊഴിൽപ്രശ്നങ്ങൾ പരിഹരിക്കാൻ യൂണിയനുകൾ സംയുക്തമായി നീങ്ങാത്തതാണ് ഇതിന് കാരണമെന്നും അദ്ദേഹം പറഞ്ഞു. ന്യൂ ഇന്ത്യൻ എക്സ്പ്രസ് എംപ്ലോയീസ് അസോസിയേഷന്റെ (സിഐടിയു) ആഭിമുഖ്യത്തിൽ ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ കലൂരിലെ ഓഫീസിനുമുന്നിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

2014ൽ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിന്റെ പ്രസും അനുബന്ധ സംവിധാനങ്ങളും അടച്ചു പൂട്ടിയത് നിയമ വിരുദ്ധമാണെന്ന കോടതിവിധിയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ആനുകൂല്യങ്ങളും അർഹരായവരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു ധർണ. അസോസിയേഷൻ പ്രസിഡന്റ് എൻ പത്മനാഭൻ അധ്യക്ഷനായി. സിഐടിയു ജില്ലാ പ്രസിഡന്റ് ജോൺ ഫെർണാണ്ടസ്, ജില്ലാ സെക്രട്ടറി പി ആർ മുരളീധരൻ, സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം എസ് ശർമ, സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ്, എച്ച്എംഎസ് മുൻ അഖിലേന്ത്യാ പ്രസിഡന്റ് അഡ്വ. തമ്പാൻ തോമസ്, ജി ഭൂപതി, ജയ്സൺ മാത്യു, കെ എ അലി അക്ബർ, കെ വി മനോജ്, ടോമി മാത്യു, ആർ ഗോപകുമാർ, ഡി ബാലകൃഷ്ണപ്പണിക്കർ, കെ എസ് രാധാകൃഷ്ണൻ, സൻജിത്ത് എന്നിവർ സംസാരിച്ചു.

### സംയുക്ത ട്രേഡ് യൂണിയൻ സംസ്ഥാന കൺവെൻഷൻ

# ക്വിറ്റ് ഇന്ത്യാദിന പ്രക്ഷോഭം വിജയിപ്പിക്കും

ബിജെപി സർക്കാർ നയങ്ങൾക്കെതിരെ ക്വിറ്റ് ഇന്ത്യാദിനത്തിൽ പതിനായിരങ്ങൾ തെരുവിൽ അണിനിരന്ന് പ്രതിഷേധിക്കുമെന്ന് സംയുക്ത ട്രേഡ് യൂണിയൻ സംസ്ഥാന കൺവെൻഷൻ പ്രഖ്യാപിച്ചു. മോദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ആഗസ്റ്റ് 9ന് രാജ്ഭവനു മുന്നിലും 13 ജില്ലാ കേന്ദ്രങ്ങളിലും പതിനായിരങ്ങളെ അണിനിരത്തി പ്രതിഷേധിക്കും. രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് ധർണ്ണ.

സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. കേന്ദ്രസർക്കാരിന്റെ നവലിബറൽ നയങ്ങൾക്ക് ബദലായി തൊഴിലാളി സംഘടനകൾ മുന്നോട്ടുവെച്ച 12 ആവശ്യങ്ങൾ നേടിയെടുക്കാൻ തൊഴിലാളികൾ അണിനിരക്കണമെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന ജനറൽ സെക്രട്ടറി കെ പി രാജേന്ദ്രൻ അധ്യക്ഷനായി. കെ എൻ ഗോപിനാഥ് പരിപാടി അവതരിപ്പിച്ചു. മണിപ്പൂർ കലാപം അവസാനിപ്പിക്കാനും സമാധാനം പുന:സ്ഥാപിക്കാനും ആവശ്യപ്പെടുന്ന പ്രമേയം ടോമി മാത്യു അവതരിപ്പിച്ചു. ജൂലൈ 20നകം ജില്ലാ കൺവെൻഷനുകളും 30നകം മണ്ഡലം/ ഏരിയ കൺവെൻഷനുകളും പൂർത്തിയാക്കും. ആഗസ്റ്റ് ഒന്നിനും അഞ്ചിനും ഇടയിൽ ജില്ലാ പ്രചാരണ വാഹനജാഥകൾ സംഘടിപ്പിക്കും.



തമ്പാൻ തോമസ് (എച്ച് എം എസ്), സോണിയ ജോർജ് (സേവ), മാഹിൻ അബൂബക്കർ (എസ് ടി യു), തോമസ് ജോസഫ് (യു ടി യു സി), വി കെ സദാനന്ദൻ (എ ഐ യു ടി യു സി), ബി രാജേന്ദ്രൻ നായർ (ടി യു സി സി), ജോസ് പുത്തൻകാല (കെടിയുസി എം) തുടങ്ങിയവർ സംസാരിച്ചു.

ജെ മേഴ്സിക്കുട്ടി അമ്മ, എസ് ശർമ, കെ ചന്ദ്രൻപിള്ള, കെ.എസ്.സുനിൽകുമാർ, സി.കെ.ഹരികൃഷ്ണൻ, ജെ ഉദയഭാനു, യുപി ജോസഫ്, എം ഹംസ, പി കെ ശശി തുടങ്ങിയവർ പങ്കെടുത്തു. കെ കെ ഇബ്രാഹിംകുട്ടി സ്വാഗതവും പിആർ മുരളീധരൻ നന്ദിയും പറഞ്ഞു. സംസ്ഥാനത്തെ സ്വതന്ത്ര ഫെഡറേഷനുകളും സർക്കാർ സർവീസ് മേഖലയിലെ സംഘടനകളും ബാങ്ക്, എൽഐസി, ബിഎസ്എൻഎൽ തുടങ്ങിയ സ്ഥാപനങ്ങളിലെ സംഘടനകളും പങ്കെടുത്തു.

## കേരള കാഷ്യൂ വർക്കേഴ്സ് സെന്റർ സമര പ്രചാരണജാഥകൾ




കേരള കാഷ്യൂ വർക്കേഴ്സ് സെന്റർ നേതൃത്വം നൽകുന്ന സമര പ്രചാരണ സംസ്ഥാന ജാഥയ്ക്ക് കിളിമാനൂരിൽ നിന്നും കായംകുളത്ത് നിന്നും ആരംഭിച്ചു. മിനിമം കൂലി പുതുക്കി നിശ്ചയിക്കുക, സ്വകാര്യ ഫാക്ടറികളിൽ മിനിമം കൂലിയും ക്ഷാമബത്തയും പൂർണമായി നൽകുക, സ്റ്റാഫ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുക, വ്യവസായത്തെ തകർക്കുന്ന കേന്ദ്രസർക്കാർ നയം തിരുത്തുക, ബാങ്കുകളുടെ അവഗണന അവസാനിപ്പിക്കുക, കശുവണ്ടി മേഖലയ്ക്കായി കേന്ദ്രസർക്കാർ പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം ആരംഭിക്കുന്നത്. കാഷ്യൂ സെന്റർ ജനറൽ സെക്രട്ടറി ബി തുളസീധരകുറുപ്പ് ക്യാപ്റ്റനായ ജാഥ കിളിമാനൂർ കെ എസ് സി ഡി സി ഫാക്ടറി പടിക്കൽ സംസ്ഥാന വൈസ് പ്രസിഡണ്ട് ടി പി രാമകൃഷ്ണൻ ഫ്ളാഗ് ഓഫ് ചെയ്തു. കാഷ്യൂ വർക്കേഴ്സ് സെന്റർ സംസ്ഥാന പ്രസിഡന്റ് രാജഗോപാൽ നയിക്കുന്ന കിഴക്കൻ മേഖലാ ജാഥ കായംകുളം കൃഷ്ണപുരം ഫാക്ടറിയിൽ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് എസ് ജയമോഹൻ ഉദ്ഘാടനം ചെയ്തു.

## പ്രൈവറ്റ് ഹോസ്പിറ്റൽ എംപ്ലോയീസ് ഫെഡറേഷൻ മാർച്ച്

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സ്റ്റേറ്റ് പ്രൈവറ്റ് ഹോസ്പിറ്റൽ എംപ്ലോയിസ് ഫെഡറേഷൻ ആഭിമുഖ്യത്തിൽ ലേബർ കമ്മീഷണർ ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് റജി സക്കറിയ അധ്യക്ഷനായി. സിഐടിയു സംസ്ഥാന വൈസ് പ്രസിഡണ്ടുമാരായ എസ് ശർമ്മ, സി ജയൻ ബാബു, ജനറൽ സെക്രട്ടറി എ മാധവൻ, ട്രഷറർ വി വി ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. തൊഴിൽ നിയമം ലംഘിക്കുന്ന സ്ഥാപന ഉടമകൾക്കെതിരെ നടപടി സ്വീകരിക്കാൻ ലേബർ വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള അധികാരം പുന:സ്ഥാപിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഫെഡറേഷൻ ആവശ്യപ്പെട്ടു.



## സമരത്തെരുവ്

വഴിയോര കച്ചവട തൊഴിലാളി ഫെഡറേഷൻ സിഐടിയു രാജ്ഭവന് മുന്നിൽ സമരത്തെരുവ് നടത്തി. വഴിയോരക്കച്ചവട സംരക്ഷണത്തിന് സമഗ്രമായ കേന്ദ്രനിയമം കൊണ്ടുവരിക, ചില്ലറ കച്ചവട രംഗത്തുനിന്ന് കോർപ്പറേറ്റുകളെ പുറത്താക്കുക, മുഴുവൻ തൊഴിലാളികൾക്കും ലൈസൻസ് നൽകുക, അന്യായമായ ഒഴിപ്പിക്കലുകൾ അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉയർത്തിയായിരുന്നു സമരം. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

വഴിയോര കച്ചവട തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കെഎസ് പ്രദീപ്കുമാർ അധ്യക്ഷനായി. സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എൻ ഗോപിനാഥ്, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ജയൻ ബാബു, എസ് പുഷ്പലത, ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ആർ ഇഖ്ബാൽ, എം ബാപ്പുട്ടി, എസ് അനിൽകുമാർ, എം സുനിൽകുമാർ, കെ കെ കൃഷ്ണൻകുട്ടി എന്നിവർ സംസാരിച്ചു.





# കരിദിനാചരണം

അഖിലേന്ത്യാ അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ഫെഡറേഷൻ (സിഐടിയു) രാജ്യവ്യാപകമായി വിവിധ മുദ്രാവാക്യങ്ങളുയർത്തി കരിദിനവും പ്രതിഷേധ പരിപാടികളും സംഘടിപ്പിച്ചു. ജില്ലാ കേന്ദ്രങ്ങളിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കു മുമ്പിൽ ഐസിഡിഎസിനെ ശക്തിപ്പെടുത്തുക, പാചകം ചെയ്ത ചൂടുള്ള ഭക്ഷണം ഓരോ കുഞ്ഞിന്റെയും അവകാശം, മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉറപ്പുവരുത്തുക, അങ്കണവാടി കെട്ടിടങ്ങളുടെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, അടുക്കള ഉപകരണങ്ങളും പാചക സാമഗ്രികളും ലഭ്യമാക്കുക, 45-ാമത് ILC യുടെ നിർദ്ദേശങ്ങളും, ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട് 2022 ഏപ്രിൽ 25 ന് പുറപ്പെടുവിച്ച സുപ്രീംകോടതി വിധി നടപ്പിലാക്കുക, പ്രവർത്തനക്ഷമമായിട്ടുള്ളതും ഗുണനിലവാരമുള്ളതുമായ തൊഴിലുപകരണങ്ങൾ നൽകി ജോലിഭാരം ലഘൂകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചത്.



## ലീവ് സറണ്ടർ നിയന്ത്രണം പിൻവലിക്കൽ ആഹ്ലാദ പ്രകടനം നടത്തി

ലീവ് സറണ്ടർ നിയന്ത്രണം നീക്കിയതിൽ ആഹ്ലാദം പ്രകടിപ്പിച്ച് ജീവനക്കാരും അധ്യാപകരും പ്രകടനം നടത്തി. ആക്ഷൻ കൗൺസിൽ ഓഫ് സ്റ്റേറ്റ് എംപ്ലോയിസ് ആൻഡ് ടീച്ചേഴ്സിന്റെ അഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിനു മുന്നിലും വിവിധ ഏരിയ കേന്ദ്രങ്ങളിലും പ്രകടനം നടത്തി. സെക്രട്ടറിയേറ്റിന് മുന്നിൽ നടന്ന പ്രകടനം ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ എം എ അജിത് കുമാർ ഉദ്ഘാടനം ചെയ്തു. എഫ് എസ് ഇ ടി ഒ ജില്ലാ പ്രസിഡൻറ് സിജോവ് സത്യൻ അധ്യക്ഷനായി.

# റബ്കോ എംപ്ലോയീസ് യൂണിയൻ സമ്മേളനം

ഇഎസ്ഐ സംവിധാനം കാര്യക്ഷമമാക്കണമെന്ന് റബ്കോ എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. കോടിയേരി ബാലകൃഷ്ണൻ നഗറിൽ (കതിരൂർ ബാങ്ക് ഓഡിറ്റോറിയം) നടന്ന സമ്മേളനം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം എംപി ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് പി ജയരാജൻ അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി എ കെ രവീന്ദ്രൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കെ പി സഹദേവൻ, ടി പി ശ്രീധരൻ എന്നിവർ സംസാരിച്ചു. പി ജയരാജനെ സംസ്ഥാന പ്രസിഡന്റായും എം കെ രവീന്ദ്രനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. മറ്റു ഭാരവാഹികൾ: പി ഫൽഗുനൻ, സി നിഷ, വി കെ സുരേഷ് (വൈ.പ്രസിഡന്റ്), പി ശ്രീധരൻ, കെ പ്രകാശൻ, ജെ രാജേഷ് (ജോയിന്റ് സെക്രട്ടറി), വി വി സന്തോഷ്കുമാർ (ട്രഷറർ)




# കേരള അക്വാകൾച്ചർ പ്രൊമോട്ടേഴ്സ് യൂണിയൻ സമ്മേളനം

കേരളത്തിലെ അക്വാകൾച്ചർ പ്രൊമോട്ടർമാർക്ക് ഇ എസ് ഐ ആനുകൂല്യം ലഭ്യമാക്കണമെന്ന് കേരള അക്വാൾച്ചർ പ്രൊമോട്ടേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. കോട്ടയത്ത് ചേർന്ന സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി കെ എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എം ശശികുമാർ പതാക ഉയർത്തി. പി എം ശശികുമാർ, യുകെ ബിജു, എം തമ്പാൻ, ബേബി ലാൽ എന്നിവരടങ്ങുന്ന പ്രസീഡിയം സമ്മേളനം നിയന്ത്രിച്ചു. ജനറൽ സെക്രട്ടറി പി എ ലാൽസൺ പ്രവർത്തന റിപ്പോർട്ടും ട്രഷറർ ബി ജെ ലിജീഷ് കണക്കും അവതരിപ്പിച്ചു. ഭാരവാഹികൾ: ആൻസി അനൂപ് (പ്രസിഡന്റ്), എം ഹരിദാസ്, യുകെ ബിജു, എം തമ്പായി, ബേബി ലാൽ, കെ പി അഖിൽ (വൈസ് പ്രസിഡന്റുമാർ), ലാൽസൺ (ജനറൽ സെക്രട്ടറി), സുധീന മനോജ്, പിഎം ശശികുമാർ, ബി ജെ ലിജീഷ്, കെ കെ സന്തോഷ്, വിദ്യാ ഷാജി (ജോയിന്റ് സെക്രട്ടറിമാർ), സി എസ് ബിനീഷ് കുമാർ (ട്രഷറർ).



# സിഐടിയു സന്ദേശം ജില്ലാതല ശില്പശാലകൾ

### തിരുവനന്തപുരം

സിഐടിയു സന്ദേശം ജില്ലാ ശില്പശാല 23/06/2023 ന് കെ.എസ്.ആർ.ടി.ഇ.എ ഹാളിൽ നടന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി സ:കെ.എൻ.ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. സിഐടിയു ജില്ലാപ്രസിഡന്റ് സ:ആർ.രാമു അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ സി.ജയൻബാബു, കെ.എസ്.സുനിൽകുമാർ, കെ.രാജേഷ് എന്നിവർ പങ്കെടുത്തു. ശില്പശാലയിൽ ജില്ലാകമ്മിറ്റി അംഗങ്ങളും സന്ദേശത്തിന്റെ ചുമതലക്കാരായ സഖാക്കളും പങ്കെടുത്തു. ജില്ലയിൽ 1 ലക്ഷമായി വർദ്ധിപ്പിക്കാനും പ്രചരണം നടത്തുന്നതിനും യൂണിയനുകൾ ജില്ലാക്കമ്മിറ്റികൾ വിളിച്ചു ചേർത്ത് വിശദമായി പ്ലാൻ ചെയ്ത് ആഗസ്റ്റ് 15 നു മുമ്പായി ക്വാട്ട പൂർത്തിയാക്കുവാൻ തീരുമാനിച്ചു.

### കൊല്ലം

ജില്ലാതലത്തിലുള്ള ശിൽപശാല ജൂലൈ 16 ന് സംഘടിപ്പിച്ചു. ജില്ലയിലെ 61 യൂണിയനുകളെ പ്രതനിധീകരിച്ച് 136 പേർ പങ്കെടുത്തു.ശിൽപശാല സിഐടിയു സംസ്ഥാന സെക്രട്ടറി എസ്.ഹരിലാൽ ഉത്ഘാടനം ചെയ്തു. സിഐടിയു ജില്ലാ പ്രസിഡന്റ് സ. ബി.തുളസീധരകുറുപ്പിന്റെ അദ്ധ്യക്ഷതയിൽ നടന്ന ശിൽപശാലയിൽ ജില്ലാ സബ്ബ് കമ്മിറ്റിയുടെ കൺവീനർ എ.അനിരുദ്ധൻ പവർത്തനങ്ങൾ സംബന്ധിച്ചുള്ള ഒരു പ്ലാൻ അവതരിപ്പിച്ചു. 16 സഖാക്കൾ ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി. ലക്ഷ്യം പൂർത്തിയാക്കുന്നതിന് വരിക്കാരെ ചേർക്കണമെന്നും തീരുമാനിച്ചു. നടന്ന ചർച്ചകൾക്കും സംശയങ്ങൾക്കും സ:കെ.രാജേഷ് മറുപടി പറഞ്ഞു. സിഐടിയു ദേശീയ വൈസ് പ്രസിഡന്റ് സ:ജെ.മെഴ്സിക്കുട്ടിയമ്മ ശിൽപശാലയെ അഭിവാദ്യം ചെയ്തു.

### പത്തനംതിട്ട

സിഐടിയു സന്ദേശം ജില്ലാതല ശില്പശാല ജൂലൈ 8ാം തീയതി നടന്നു. സംസ്ഥാനഭാരവാഹി സ:എ.അജയകുമാർ ഉദ്ഘാടനം ചെയ്തു. സ:കെ.രാജേഷ് പരിപാടി വിശദീകരിച്ചു. സിഐടിയു ജില്ലാപ്രസിഡന്റ് സ:ഹരിദാസ് അദ്ധ്യക്ഷനായി. ജില്ലാസെക്രട്ടറി ഹർഷകുമാർ സംസാരിച്ചു. ജില്ലയിലെ ഘടകയൂണിയനുകളിൽ നിന്നും സംസ്ഥാനയൂണിയനുകളിൽ നിന്നും തിരഞ്ഞെടുത്ത സഖാക്കളാണ് ശില്പശാലയിൽ പങ്കെടുത്തത്. രേഖയുടെ അടിസ്ഥാനത്തിൽ ചർച്ച നടന്നു. സന്ദേശത്തിന്റെ വരിക്കാരുടെ എണ്ണം ജില്ലയിൽ 40000 ആയി ഉയർത്താനും സന്ദേശം @ 50 അറിവുത്സവം വിജയിപ്പിക്കാനും താഴെ തലം വരെ പ്രവർത്തനവും പ്രചരണവും സംഘടിപ്പിക്കാനും ശില്പശാല തീരുമാനിച്ചു.

### ആലപ്പുഴ

സിഐടിയു സന്ദേശം ജില്ലാശിൽപശാല 17/07/2023 ആലപ്പുഴ ഈസ്റ്റ് വെനീസ് കോൺഫറൻസ് ഹാളിൽ ചേർന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി സ:സി.കെ.ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സിഐടിയു ജില്ലാ പ്രസിഡന്റ് സ:എച്ച്.സലാം എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി സ:പി.ഗാനകുമാർ സംസാരിച്ചു. 110 പേർ ശിൽപ്പശാലയിൽ പങ്കെടുത്തു. വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് 29 സഖാക്കൾ ചർച്ചയിൽ പങ്കെടുത്തു. ക്വാട്ട പൂർത്തീകരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ, സന്ദേശം അൻപതാം വാർഷികവുമായി ബന്ധപ്പെട്ട് പ്രചരണ പരിപാടികൾ ഇക്കാര്യങ്ങൾ വിജയിപ്പിക്കാൻ തീരുമാനിച്ചു.

### കോട്ടയം

2023 ഫെബ്രുവരി 23 ന് സിഐടിയു കോട്ടയം ജില്ലാ ജനറൽ കൗൺസിൽ യോഗം ചേർന്നു. 187 പേർ പങ്കെടുത്തു. സിഐടിയു സന്ദേശത്തിന് വരിക്കാരെ ചേർക്കുന്നതായിരുന്നു പ്രധാന അജണ്ട. യൂണിയനുകൾക്കും താഴെതല കോർഡിനേഷൻ കമ്മിറ്റികൾക്കും പുതിയ വരിക്കാരെ ചേർക്കുന്നത് സംബന്ധിച്ച ക്വാട്ട നിശ്ചയിച്ചു നൽകി. വരിക്കാരെ ചേർക്കുന്നതിനുള്ള രസീത് ജില്ലാക്കമ്മിറ്റി അച്ചടിച്ച് യൂണിയനുകൾക്ക് നൽകി. ആഗസ്റ്റ് മാസത്തിൽ ക്വാട്ട പൂർത്തീകരിച്ച ലിസ്റ്റ് യൂണിയനുകളിൽ നിന്നും ഏറ്റുവാങ്ങും.

### ഇടുക്കി

സിഐടിയു സന്ദേശം ഇടുക്കി ജില്ലാ ശില്പശാല ജൂൺ 24 ന് മൂന്നാർ വച്ച് നടന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി സ:കെ.എൻ.ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ജില്ലയിലെ വിവിധ ഘടകയൂണിയനുകളും സിഐടിയു ജില്ലാക്കമ്മിറ്റി അംഗങ്ങളും ഉൾപ്പെടെ 110 പേർ പങ്കെടുത്തു. രേഖയുടെ അടിസ്ഥാനത്തിൽ ചർച്ച നടന്നു. താഴെ തലം പ്രചരണ പ്രവർത്തനങ്ങൾ എത്തിച്ച് ക്വാട്ട പൂർത്തീകരിക്കാനും, അറിവുത്സവം വിജയിപ്പിക്കാനും തീരുമാനിച്ചു.

### എറണാകുളം

സിഐടിയു സന്ദേശം ജില്ലാ ശിൽപശാല ജൂൺ 22 ന് എറണാകുളം ലെനിൻസെന്ററിൽ ചേർന്നു. ശിൽപശാല സന്ദേശം സബ് കമ്മിറ്റി അംഗം എ.സിയാവുദ്ദീൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് പി ആർ മുരളിധരൻ സന്ദേശം അറിവുൽസവത്തിന്റെ കരട് പ്രവർത്തന പരിപാടി അവതരിപ്പിച്ചു. 14 പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു. ഭാവി പ്രവർത്തന പരിപാടികൾക്ക് ശിൽപശാല രൂപം കൊടുത്തു. ജൂലൈ മാസത്തിൽ ഏരിയാ ശിൽപശാലയും അറിവുൽസവം സംഘാടക സമിതി രൂപീകരണ യോഗങ്ങളും സംഘടിപ്പിക്കാനും

ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിലായി ഏരിയാതല അറിവുത്സവം സംഘടിപ്പിക്കാനും, ഒക്ടോബറിൽ ജില്ലാതല അറിവുത്സവം സംഘടിപ്പിക്കാനും തീരുമാനിച്ചു. വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ശിൽപശാല അന്തിമ രൂപം നൽകി. ശിൽപശാലക്ക് എം ബി സുമന്തഭദ്രൻ സ്വാഗതവും അജി എം ജി നന്ദിയും പറഞ്ഞു.

## തൃശ്ശൂർ

സിഐടിയു സന്ദേശത്തിന്റെ സംസ്ഥാനതല ശില്പശാലയിലെ തീരുമാനത്തിന്റെ തുടർച്ചയായി തൃശ്ശൂരിൽ ജില്ലാതല ശില്പശാല ജൂൺ 16ന് നടന്നു. 86 പേർ പങ്കെടുത്തു. താഴെത്തട്ടിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാനും അതിനായി ഏരിയ പഞ്ചായത്ത് കോർഡിനേഷൻ തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കാനും തീരുമാനിച്ചു. അതുപ്രകാരം ജില്ലയിലെ 16 ഏരിയകളിൽ 14ലും ശില്പശാലകൾ നടന്നു. ഏരിയ ശില്പശാലകൾ നടന്നു കഴിഞ്ഞ സ്ഥലങ്ങളിൽ പഞ്ചായത്ത് കോഡിനേഷൻ കമ്മിറ്റിതലത്തിൽ ശില്പശാലകൾ നടന്നുവരുന്നു. ജില്ലാ സബ് കമ്മിറ്റി കൺവീനറായി എൻ കെ അക്ബർ എം എൽഎയെ തിരഞ്ഞെടുത്തു.

## പാലക്കാട്

സിഐടിയു സന്ദേശത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ചുള്ള പാലക്കാട് ജില്ലാ ശിൽപ്പശാല 2023 ജൂലൈ 11ന് രാവിലെ 9.30 മുതൽ 5 മണിവരെ പാലക്കാട് ഹോട്ടൽ ഗസാലയിൽ നടന്നു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ.ശശി ഉദ്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം എ.സിയാവുദീൻ ക്ലാസ് നയിച്ചു. സിഐടിയു ജില്ലാ സെക്രട്ടറി എം.ഹംസ ഭാവി പരിപാടികൾ വിശദീകരിച്ചു. 176 പേരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. യൂണിയനടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചയും പൊതുചർച്ചയും നടന്നു. ചർച്ചകൾക്ക് സഖാവ് സിയാവുദീൻ മറുപടി പറഞ്ഞു.

## മലപ്പുറം

മലപ്പുറം ജില്ലാ ശില്പശാല ജൂലൈ 14ന് മലപ്പുറം കെഎസ്ടിഎ ജില്ലാ കമ്മിറ്റി ഓഫീസ് ഹാളിൽ നടന്നു. സിഐടിയു അഖിലേന്ത്യ സെക്രട്ടറി പി നന്ദകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. സിഐടിയു സന്ദേശം സംബന്ധിച്ച കാര്യങ്ങൾ സഖാവ് ശില്പശാലയിൽ റിപ്പോർട്ട് ചെയ്തു. സന്ദേശം ജില്ലാ സബ് കമ്മിറ്റി കൺവീനർ ഇ.എൻ.ജിതേന്ദ്രൻ പരിപാടികളുടെ രൂപരേഖ അവതരിപ്പിച്ചു. ജില്ലാ ജനറൽ സെക്രട്ടറി സഖാവ് വി.പി സക്കറിയ സന്ദേശം വരിക്കാരെ ചേർക്കുന്നത് സംബന്ധിച്ച് ക്വാട്ടയും അറിവുത്സവം മത്സരങ്ങളെ സംബന്ധിച്ചും വിശദീകരിച്ചു. 93 സഖാക്കൾ ശില്പശാലയിൽ പങ്കെടുത്തു. 23 സഖാക്കൾ ചർച്ചയിൽ പങ്കെടുത്തു.

## കോഴിക്കോട് ജില്ല

സി ഐ ടി യു സന്ദേശം ശില്പശാല ജൂലായ് 4ന് ചേർന്നു. സംസ്ഥാന കമ്മറ്റി അംഗം സഖാവ് സിയാവുദീൻ ശില്പശാല ഉദ്ഘാടനം ചെയ്തു കൊണ്ട് സംസ്ഥാന ശില്പശാല തീരുമാനങ്ങൾ വിശദീകരിച്ചു. സി ഐ ടി യു സംസ്ഥാന സെക്രട്ടറി എൻ കെ രാമചന്ദ്രൻ ശില്പശാല മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. സി ഐ ടി യു സന്ദേശം ചുമതലക്കാർ ആയ 57 സഖാക്കൾ പങ്കെടുത്തു. യൂണിയനുകളിൽ സി ഐ ടി യു അജണ്ട വെച്ച് ഭാരവാഹിയോഗവും ശില്പശാലയും ചേരാൻ തീരുമാനിച്ചു. ജില്ലാ സെക്രട്ടറി ടി വിശ്വനാഥൻ സ്വാഗതം പറഞ്ഞു. സന്ദേശം ജില്ലാ കൺവീനർ പി കെ സന്തോഷ് സംസാരിച്ചു.

## വയനാട്

വയനാട് ജില്ലാ ശില്പശാല ജൂലൈ 13 ന് ജില്ലാസെക്രട്ടറി വി.വി.ബേബി ഉദ്ഘാടനം ചെയ്തു രേഖ അവതരിപ്പിച്ചു. ജില്ലാപ്രസിഡന്റ് പി.വി.സഹദേവൻ അദ്ധ്യക്ഷനായി കെ.സുഗതൻ സ്വാഗതം പറഞ്ഞു. ഘടക യൂണിയനുകളിൽ നിന്നും സഖാക്കൾ പങ്കെടുത്തു. ക്വാട്ട പൂർത്തീകരിക്കാനും അറിവുത്സവം വിജയിപ്പിക്കാനും ശില്പശാല തീരുമാനിച്ചു.

## കാസർഗോഡ്

സിഐടിയു സന്ദേശം @ 50 കാസറഗോഡ് ജില്ലാ ശില്പശാല 15/07/23 ന് കാസറഗോഡ് ജില്ലയിലെ നീലേശ്വരത്തുവെച്ച് നടന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി സ.എസ്.ഹരിലാൽ ശില്പശാല ഉൽഘാടനം ചെയ്തു. സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി സാബു അബ്രഹാം റിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി സ. ടി.കെ. രാജൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ യു. തമ്പാൻ നായർ, എ.മാധവൻ, സ.വി.വി.പ്രസന്നകുമാരി എന്നിവർ സംസാരിച്ചു. സിഐടിയു ജില്ലാ പ്രസിഡന്റ് സ.പി. മണിമോഹനൻ അദ്ധ്യക്ഷത വഹിച്ചു. സന്ദേശം ജില്ല സബ്ബ് കമ്മിറ്റി കൺവീനർ സ:നാരായണൻ തെരുവത്ത് സ്വാഗതം പറഞ്ഞു. 64 പ്രതിനിധികളാണ് ശില്പശാലയിൽ പങ്കെടുത്തത്. ചർച്ചകളിൽ സന്ദേശം വരിക്കാരെ ചേർക്കുന്നതിനും, അതിന്റെ പ്രചരണം ശക്തിപ്പെടുത്തേണ്ടുന്ന ആവശ്യകതയും പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

## കണ്ണൂർ

സിഐടിയു സന്ദേശം കണ്ണൂർ ജില്ല ശില്പശാല ജൂൺ 23ന് നടന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി സഹദേവൻ ആണ് ശില്പശാല ഉദ്ഘാടനം ചെയ്തത്. ജില്ലാ പ്രസിഡണ്ട് സഖാവ് സി.കൃഷ്ണൻ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി കെ അശോകൻ സംസ്ഥാന ശില്പശാലയിലെ തീരുമാനങ്ങളും ജില്ലയിൽ നടത്തേണ്ട പ്രവർത്തനങ്ങളും വിശദീകരിച്ചു. സിഐടിയു സന്ദേശത്തിന്റെ അമ്പതാം വാർഷികത്തിന്റെ ഭാഗമായി നടത്തുന്ന അറിവ് ഉത്സവം വിജയിപ്പിക്കാൻ തീരുമാനിച്ചു. അറിവുത്സവത്തിന്റെ പ്രചരണം നല്ല രീതിയിൽ നടത്താൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി നവമാധ്യമത്തിൽ കൂടി പോസ്റ്റർ പ്രചരണവും നടത്തും. ജില്ലാതലത്തിൽ സിഐടിയു സന്ദേശത്തിന്റെ വരിക്കാരുടെ രജിസ്റ്റർ തയ്യാറാക്കും.